# മാത്തുത്തരകൻ

എം. ഒ. ജോസഫ്,

നെടുങ്കുന്നം.

# മാത്തുത്തരകൻ

ഗ്രന്ഥകർത്താ

എം. ഒ. ജോസഫ്, നെടുങ്കുന്നം.

ബി. കെ. എം. പ്രസ്, ആലപ്പുഴ.

പ്രസാധകൻ

തോമസ് പാപ്പി, വേലങ്കളം

കാത്തലിക് പബ്ളിഷിംഗ് ഹൌസ്,

ആലപ്പുഴ.

First Edition 500 Copies

വില രൂപാ ഒന്നു്.

ALL RIGHTS RESERVED.

# മുഖവുരം.

സംഭവബഹുലമായ ജീവിതചരിതത്തോടുകൂടിയ അപൂർവ്വം ചില കേരളീയവ്യക്തികളിൽ അഗ്രിമനായ ഒരു മഹാപുരുഷനാണല്ലോ തച്ചിൽ മാത്തുതരകൻ. അദ്ദേഹത്തെപ്പോലെ നിഷ്കളങ്കമായി രാജാവിനേയും രാജ്യത്തെയും സമുദായത്തെയും സേവിച്ചിട്ടുള്ള വ്യക്തികൾ കേരളചരിത്രത്തിൽ അത്രയധികമൊന്നും ഉണ്ടായിട്ടില്ല. നിസ്വാർത്ഥ രാജ്യസേവകന്മാർക്കു സാധാരണ കിട്ടുന്ന പ്രതിഫലം— അപമാനവും ദ്രവ്യനാശവും ജയിൽവാസവും— അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ടെന്നു മാത്രമല്ല, തൽപരകക്ഷികൾ അദ്ദേഹത്തിന്റെ സൽപേരിനെ കരിതേച്ചു കാണിക്കുവാൻ പല വിധത്തിൽ സാഹസപ്പെടുകയും ചെയ്തിട്ടുണ്ടു്.

മാത്തുതരക്കന്റെ വിശ്വാസ്യവും സമ്പൂർണ്ണവുമായ ഒരു ജീവചരിത്രം ഇനിയും എഴുതപ്പെട്ടിട്ടില്ല. അങ്ങിങ്ങു ചിതറിക്കിടക്കുന്ന സംഭവകുസുമങ്ങൾ ശേഖരിച്ചു് ഒരു ജീവചരിത്രമാല്യം സജ്ജമാക്കുക എന്നതു് അത്ര എളുപ്പമായ ഒരു സംഗതിയല്ല. അതിലേക്കു് അല്പം ചില പരിശ്രമങ്ങൾ ഈ ലേഖകൻ ചെയ്തുകൊണ്ടിരിക്കുകയാണു്. കഴിയുന്നത്ര രേഖകൾ ശേഖരിച്ചു് പൂർണ്ണമായ ഒരു ജീവചരിത്രം പ്രസിദ്ധപ്പെടുത്തിയാൽ മതിയെന്നു കരുതിയിരിക്കുമ്പോൾ, അദ്ദേഹത്തിന്റെ ജീവിതകഥയിലെ ഒരു അദ്ധ്യായം മാത്രമായ,

ഈ ലഘുഗ്രന്ഥത്തിലെ ഉള്ളടക്കം ഉടൻതന്നെ പ്രസിദ്ധീകരിക്കേണ്ടതാണെന്നു് ഈ ലേഖകനു തോന്നി അങ്ങിനെയാണു് ഈ ലഘുഗ്രന്ഥം ഇപ്പോൾ പ്രസിദ്ധീകരിക്കുന്നതു്.

1946 ജനുവരിമാസത്തിൽ എഴുതിത്തീർന്ന ഈ കൃതി അന്നുതന്നെ അച്ചടിക്കണമെന്നു് കരുതിയതാണെങ്കിലും പിന്നീടുണ്ടായ സംഭവവികാസങ്ങളാൽ ഇതുവരെ അതിനു സാധിച്ചില്ല. പുസ്തകത്തിന്റെ പ്രൂഫ് നേരിട്ടു വായിക്കുന്നതിനു തരപ്പെടായ്കയാൽ, ചില അച്ചടിപ്പിശകുകൾ ഇതിൽകടന്നുകൂടിയിട്ടുണ്ടു്. വായനക്കാർക്കു നിഷ്പ്രയാസം തിരുത്തുവാൻ സാധിക്കാത്തപ്രധാനപ്പെട്ട പിശകുകൾക്കു് അവസാനം ഒരു ശുദ്ധിപത്രം ചേർത്തിരിക്കുന്നു.

ഇതിന്റെ പ്രസിദ്ധീകരണഭാരം ഏറെറടുത്ത എന്റെ ബഹുമാന്യസ്നേഹിതനും, B. K. M. പ്രസ്സ് ഉടമസ്ഥനുമായ ശ്രീ. തോമസ് പാപ്പി വേലങ്കളം അവർകളോട്ടു് ഞാൻ അതീവ കൃതജ്ഞനായിരിക്കുന്നു. ഇതിന്റെ അവസാനത്തിൽ ചേർത്തിരിക്കുന്ന മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള അവർകളുടെ കവിത ഇതിൽ ഉദ്ധരിക്കുന്നതിനു സദയം അനുവാദം തന്ന ശ്രീ. മാത്യു സി. കട്ടക്കയം അവർകളോടും ഞാൻ കൃതജ്ഞനായിരിക്കുന്നു.

എറണാകുളം<br>
15-5 47

എം. ഒ. ജോസഫ്.

# സമർപ്പണം.

—:0:—

മാള്ളൂത്തരകൻെറ വംശജനും
മൂന്നു പന്തീരാണ്ടായി രാജ്യത്തെയും
രാജാവിനെയും സമുദായത്തെയും നിഷ്കളങ്ക
മായി സേവിച്ചു് മതത്തിനും സമുദായത്തിനും
വേണ്ടി ബന്ധനം വരിച്ചവനും അഖില
കേരള കത്തോലിക്കാ കോൺഗ്രസ്സ്
പ്രസിഡൻറുമായ രാജശ്രീ

**ഇലഞ്ഞിക്കൽ**

**തൃള്ളൂ കുഞ്ഞിത്തൊമ്മന്**

—:0:—

# മാത്തുത്തരകൻ

## I

ക്രിസ്ത്വാബ്ദം പതിനെട്ടാംനൂററാണ്ടു്, കേരളത്തെ സംബന്ധിച്ചടത്തോളം, പ്രശസ്തചരിതന്മാരായ പല പുരുഷപുംഗവന്മാരുടെയും ജനനംകൊണ്ടു്, അനുഗ്രഹീതമായിരിക്കുന്നു. തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മ മഹാരാജാവു്, കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവു്, രാജാകേശവദാസൻ, കൊച്ചിയിൽ ശക്തൻ തമ്പുരാൻ, മലബാറിൽ പഴശിരാജാവെന്നു് അറിയപ്പെടുന്ന കോട്ടയം കേരളവർമ്മ മുതലായി ചരിത്രം സൃഷ്ടിച്ച മഹാന്മാർ ജീവിച്ചിരുന്നതു് ആക്കാലത്താണു്. ഇവരുടെ സമകാലികരായി കേരളത്തിലെ ക്രിസ്ത്യാനികളുടെഇടയിൽജീവിച്ചിരുന്നമഹാപുരുഷന്മാരാണു് കരിയാററിൽ യൗസേപ്പുമല്പാൻ, പാറേമാക്കൽ തോമ്മാ ഗോവർണ്ണദോർ, പുത്തൻകൂർ സഭാദ്ധ്യക്ഷനായിരുന്ന ഒന്നാം മാർ ദിവന്ന്യാസ്യോസ്, തച്ചിൽത്തച്ചു മാത്തുത്തരകൻ എന്നിവർ. ഇവരിൽ മാത്തുത്തരകൻ രാഷ്ട്രീയരംഗത്തിലും സമുദായമണ്ഡലത്തിലും ഒന്നുപോലെ പ്രശംസനീയമായ സേവനം നിർവ്വഹിച്ചിട്ടുള്ളയാളും, അവിസ്മർത്തവ്യമായ പാദമുദ്രകളെ കേരളചരിത്രപക്ഷങ്ങളിൽ പതിച്ചിട്ടുള്ള മഹാപുരുഷനുമാകുന്നു.

മാത്തുത്തരകന്റെ സ്വകാര്യജീവിതത്തെപ്പററിയോ ബഹുമുഖങ്ങളായ നേട്ടങ്ങളെപ്പററിയോ വിശദ

വിവരങ്ങളൊന്നും എഴുതപ്പെട്ടിട്ടുള്ള ചരിത്രങ്ങളിൽ രേഖപ്പെടുത്തുവാൻ തൽകർത്താക്കൾ മുതിന്നിട്ടില്ല. ഈ മഹാപുരുഷൻ പുരാതനവും കുലീനവും സമ്പൽസമൃദ്ധവുമായിരുന്ന കുത്ത്യതോട്ടുതച്ചിൽ തറവാട്ടിൽ 1741—ൽ ഭൂജാതനായി. അദ്ദേഹത്തിൻെറ പിതാവായ തയ്യിത്തു ആലങ്ങാട്ടു രാജാവിൻെറ മന്ത്രിസത്തമനായിരുന്നു. അക്കാലത്ത് പറവൂരും ആലങ്ങാടും തമ്മിലുള്ള കിടമത്സരത്തിൽ, പറവൂരിൻെറ അധഃപതനത്തിനും ആലങ്ങാടിൻെറ അഭിവൃദ്ധിക്കും കാരണക്കാരനായിത്തീൎന്ന തയ്യിത്തു ശത്രുക്കളുടെ പകയ്ക്കു പാത്രമാകകയും അങ്ങനെ അകാലമരണം പ്രാപിക്കുകയും ചെയ്തു.

തയ്യിത്തിന് തയ്യിത്ത്, മാത്തു, വറീത്ത്, അബ്രാഹം എന്നു നാലു പുത്രന്മാരാണുണ്ടായിരുന്നത്. പിതാവിൻെറ മരണശേഷം ഇവർ മാതാമഹൻെറ ഗൃഹത്തിൽ നിന്നാണു വളൎന്നത്. ജ്യേഷ്ഠപുത്രനായ തയ്യിത്ത് ഒരു കൊടിയ മദ്യപാനിയായി അകാലചരമം പ്രാപിച്ചു. കനിഷ്ഠപുത്രനായ അബ്രാഹമാകട്ടെ വൈദിക പദവി സ്വീകരിക്കുകയും മലങ്കരസഭാചരിത്രത്തിൽ അഗണ്യമല്ലാത്ത ഒരു സ്ഥാനമലങ്കരിക്കുകയും ചെയ്തു. പാറേമാക്കൽ ഗോവൎണ്ണദോരുടെ പന്ത്രണ്ടു ആലോചനക്കാരിൽ ഒരാളായി, തച്ചിൽ അബ്രാഹം (ഇട്ടിയവിരാ) മല്പാൻ എന്ന പേരിൽ പിൽക്കാലത്തു പ്രഖ്യാതനായതു ഇദ്ദേഹമാണു.

ദ്വിതീയപുത്രനായ മാത്തുവാകട്ടെ, ഒരു അഭിമാനിയും തനിക്കുതാൻ പോന്നവനുമായിരുന്നു. മാതാമഹൻെറ ഒരു ശകാരത്തിൽ അസഹിഷ്ണുവായി മാത്തു പിതൃഗൃഹത്തിലേക്കുമടങ്ങി കുടുംബഭരണം കൈയ്യേ

ററു. പക്ഷെ ക്ഷണേന അയാൾ ഒരു ധൂൎത്തനായി തീരുകയാണുണ്ടായതു്. പിതൃസ്വമായുണ്ടായിരുന്ന സ്വത്തുമുഴുവൻ ആ ചെറുപ്പക്കാരൻ കൂട്ടുകാരുംകൂടി മദ്യപിച്ചും ധൂൎത്തടിച്ചും ശൂന്യമാക്കിത്തീൎത്തു എന്നു പറഞ്ഞാൽ മതിയല്ലോ. ചൂതും ചാരായവുമെന്നല്ലാതെ മററു ചിന്തയില്ലാതെ കഴിഞ്ഞിരുന്ന മാത്തു ഏതാനും കൊല്ലങ്ങൾകൊണ്ടു് ചില്ലിക്കാശില്ലാത്ത ഏരപ്പാളിയായിത്തീൎന്നു. അദ്ദേഹത്തിൻെറ ഭാൎയ്യപോലും ഈ നിസ്സഹായതയിൽ അവരുടെ പിതൃഗൃഹത്തിലേക്കു പോയ്ക്കളഞ്ഞു.

എന്നാൽ വാത്സല്യനിധിയായ മാതാവിൻെറ കണ്ണുനീർ മാത്തുവിൻെറ ഉൾക്കളത്തെ പരിശുദ്ധമാക്കി. യശോരാശികളായിരുന്ന പിതാമഹന്മാരുടെ പാവനനാമത്തെ താൻ അത്രവരെ കളങ്കപങ്കിലമാക്കുകയായിരുന്നുവെന്നു് മാത്തു അനുസ്മരിച്ചു. മാതാവിൻെറ കണ്ണുനീർപ്രവാഹത്തിൻെറ മുമ്പിൽ പുത്രൻ ദൃഢപ്രതിജ്ഞ ചെയ്തു; തൻെറ കുടുംബത്തിൻെറ നാമം ആചന്ദ്രതാരം നിലനില്ക്കത്തക്കവിധം അതിനെ ശാശ്വതമായി പ്രതിഷ്ഠിക്കുന്നതാണെന്നു്.

പിന്നീടു മാത്തുവിനെ നാം കാണുന്നതു്, സ്വപിതാവിൻെറ ഒരു സുഹൃത്തും ആലപ്പുഴയിലെ ഒരു വൎത്തകപ്രമാണിയുമായിരുന്ന രംഗശേണായിയുടെ, പീടികയിലെ ഒരു ജോലിക്കാരനായിട്ടാണു്. ഈസ്റ്റ് ഇൻഡ്യാക്കമ്പനിക്കാരുടെ ആവശ്യത്തിലേക്കു ഏതാനും കുറിതടികൾ കൊടുത്തുകൊള്ളാമെന്നു് ശേണായി കരാർ ഏററിരുന്നു. അച്ചൻകോവിൽ മലകളിൽ ചെ

ന്ന് ആ തടികൾ വെട്ടിയെറിച്ച് ശരിപ്പെടുത്തുന്നതിന ശേണായി മാത്തുവിനെ നിയോഗിച്ചയച്ചു. അയാൾ മലയിലെത്തി തടികൾ മുറിച്ചുശരിപ്പെടുത്തി ആറുവക്കത്തു് അടുപ്പിച്ചശേഷം ആലപ്പുഴയ്ക്കു മടങ്ങി.

നദിയിൽ വെള്ളം പെരുകുന്നകാലത്തു വേണ്ടത്ര പണിക്കാരോടുകൂടി മലയിലെത്തി തടികൾ നദീമാൎഗ്ഗം ഇറക്കിക്കൊണ്ടു പോരാമെന്നായിരുന്നു ഉദ്ദേശ്യം. എന്നാൽ മാത്തുവിന്റെ ഭാഗ്യസൂൎയ്യൻ ഉദിച്ചു തുടങ്ങിയിരുന്നു. മാത്തു ആലപ്പുഴയെത്തി രണ്ടുദിവസം കഴിയുന്നതിനു മുൻപ്, ആ മേടമാസക്കാലത്തു്, അപ്രതീക്ഷിതമായി ഒരു പേമാരി പെയ്യുകയും, ആറുവക്കത്തു് അടുപ്പിച്ചിരുന്ന തടിമുഴുവൻ പരസഹായം കൂടാതെ കായലിലെത്തിച്ചേരുകയും ചെയ്തു. ഈ തടിയേൎപ്പാടിൽ കിട്ടിയലാഭം മുഴുവൻ, രങ്കശേണായി മാത്തുവിനെ ഏല്പിച്ചു എന്നാണു പുരാവൃത്തം. ഏതായാലും മാത്തു തന്റെ കടങ്ങൾ വീട്ടുകയും ഒരു വൻപിച്ച കച്ചവടം ആരംഭിക്കുകയും ചെയ്തു. ഈസ്റ്റിൻഡ്യാക്കമ്പനിക്കാരുമായുണ്ടായ ഈ വ്യാപാരബന്ധത്തിൽ മാത്തുവിനു സമ്പത്തും പ്രശസ്തിയും ഒന്നുപോലെ വൎദ്ധിച്ചു.

# II

ഇക്കാലത്താണു് തച്ചിൽ മാത്തു അന്നു തിരുവിതാംകൂർ നാടുവാണിരുന്ന കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവിന്റെ ആശ്രിതനായതു്. അതു് കൊല്ലവർഷം 943-ാമാണ്ടായിരുന്നു. ആലങ്ങാടു്, പറവൂർ എന്നീരാജ്യങ്ങളുടെ അധിപന്മാർ തങ്ങളുടെ ഭരണാധികാരം പൂർണ്ണമായി രാമവർമ്മമഹാരാജാവിനു് ഒഴിഞ്ഞുകൊടുത്തതു് അക്കാലത്തായിരുന്നു. ആലങ്ങാട്ടു രാജാവു തന്റെ പ്രതിനിധിയായി തച്ചിൽമാത്തുവിനെയാണു് രാമവർമ്മമഹാരാജാവിന്റെ പക്കലേക്കയച്ചതു്. പിതാവും പിതാമഹനും ഏതൊരു രാജവംശത്തെ സേവിച്ചുവോ, ആ രാജവംശത്തിനു ഉചിതമായ ഒരു അടുത്തൂൺ രാമവർമ്മമഹാരാജാവിൽ നിന്നു നേടിക്കൊടുക്കുന്നതിനു മാത്തുവിനു സാധിച്ചു.

മാത്തുവിന്റെ അസാധാരണമായ കാര്യപ്രാപ്തിയും അതിലുപരിയായ രാജഭക്തിയും രാമവർമ്മമഹാരാജാവിന്റെ ഹൃദയത്തെ അത്യധികം ആകർഷിച്ചു. അവിടുന്നു മാത്തുവിനെ തന്റെ ആശ്രിതനായി സ്വീകരിക്കുകയും പല സ്ഥാനമാനങ്ങളും കല്പിച്ചനുവദിക്കുകയും ചെയ്തു. അങ്ങിനെ തച്ചിൽമാത്തു മാത്തുത്തരകനായി.

"ചൊല്ലെഴുന്ന വേണനാട്ടിൽതമ്പുരാൻ കല്പിച്ചുനല്ല
പല്ലക്കും പാരാവും നല്ല പോണ്ണന്മാരേയും
പല്ലക്കിന്മേലേറിനടകൊള്ളുന്നതക്കംപോലെയവർ
ചൊല്ലുകപ്പെട്ടോർ പലർ വളയിട്ടുവിക്കുന്നു.

നിർമ്മലപ്പട്ടുടുത്തിട്ടങ്ങതിന്മീതെത്തയും നല്ല
നേർമ്മയിലുള്ളോരു വസ്ത്രംവിതിരത്തുചുററി
പൊൻകസവേൽ പണിയുള്ള നേരിയതങ്ങെടുത്തിട്ടു
ചന്തമോടെ വിതിർത്തങ്ങു തലയിൽകെട്ടി
കങ്കണങ്ങാംകരത്തിൻെറമുമ്പിൽ വീരചങ്ങലയും
പൊൻകാപ്പുകാം കരംതന്നിൽ ധരിച്ചുംകൊണ്ടു
ചങ്ങലവട്ടകളപ്പോഠം മുമ്പിലങ്ങുപിടിപ്പിച്ചു
മംഗലസുന്ദരൻ വരവെന്തുചൊല്ലാം"

എന്നാണു ഒരു പഴയ കവി, സ്ഥാനമാനാലംകൃതനായ മാത്തുത്തരകനെ വണ്ണിച്ചിരിക്കുന്നതു്.

തരകൻെറ കായ്യപ്രാപ്തിയും സമുദായത്തിലുള്ള സ്വാധീനവും നല്ലവണ്ണം മനസ്സിലാക്കിയ വിഖ്യാതനായ ധർമ്മരാജാവു് ആ പ്രജാമുഖ്യനെ ഉപ്പു്, പുകയില, തടി, മുളകു് മുതലായവയുടെ കുത്തകക്കാരനായി നിയമിച്ചു. അന്നു രാജ്യത്തിലെ സവ്പ്രധാനമായ മുതലെടുപ്പു് ഇതു ഒരുമാഗ്ഗത്തിൽക്കൂടിയായിരുന്നു എന്നു പ്രത്യേകം പറയേണ്ടല്ലോ. ചെറുപ്പംമുതലെ ഈവക ജോലികളിൽ വ്യാപൃതനായിരുന്ന മാത്തുത്തരകനു് ഈ പുതിയ രംഗത്തിൽ അത്ഭുതാവഹമായ വിജയം നേടുന്നതിനു സാധിച്ചിരുന്നു.

ഇന്നു തിരുവിതാംകൂറിലെ പ്രധാനവാണിജ്യകേന്ദ്രമായിരിക്കുന്ന ആലപ്പുഴ പട്ടണം സംസ്ഥാപിതമായതു് ഇക്കാലത്താണു്. ഈ നഗരസംവിധാനത്തിൽ കേശവപിള്ള ദിവാൻജിയുടെ വലംകൈ ആയിനിന്നു പ്രവത്തിച്ചതു മാത്തുത്തരകനായിരുന്നു. ആലപ്പുഴത്തുറമുഖത്തിൻെറ പ്ലാൻ തയാറാക്കിയതും അതിലെ ഓ

രോ പണികളും നടത്തിച്ചതും തരകൻതന്നെയായിരുന്നു. പുതിയ പട്ടണത്തിൽ തരകൻ 64 സുറിയാനികുടുംബക്കാരെക്കൊണ്ടുവന്നു താമസിപ്പിച്ചതായി പറയപ്പെടുന്നു. അവക്കായി തത്തംപള്ളിയിൽ ഒരു മനോഹരമായ ദേവാലയം പണികഴിപ്പിക്കുകയും, തന്റെ താമസത്തിനായി അതിനടുത്തു് ഒരു ചാവടി നിൎമ്മിക്കുകയും ചെയ്തു. ഇങ്ങനെ തരകന്റെ വ്യാപാരസംരംഭങ്ങളുടെ കേന്ദ്രം ആലപ്പുഴപ്പട്ടണമായിത്തീൎന്നു.

ചെറുപ്പത്തിൽ അഭ്യുദയത്തിനു വഴിതെളിച്ച തടിക്കച്ചവടം തരകൻ തുടൎന്നുപോന്നു. കിഴക്കൻമലകളിലെ തടികൾ വെട്ടിച്ചു് പെരിയാർവഴി കൊച്ചിയിലും, പമ്പാനദിവഴി ആലപ്പുഴയും കൊണ്ടുവന്നു മൊത്തമായി വിദേശികൾക്കു വിററിരുന്നു. അദ്ദേഹത്തിന്റെ കച്ചവടം അധികവും ഈസ്റ്റിൻഡ്യാകമ്പനിക്കാരുമായിട്ടായിരുന്നു. 1790 - മുതൽ ഫ്റഞ്ചുവിപ്ലവകക്ഷിയോടും നെപ്പോളിയനോടും ഇംഗ്ലീഷുകാർ നടത്തിയ നാവികയുദ്ധങ്ങൾക്കു് ഉപയോഗിച്ചിരുന്ന കപ്പലുകൾ തരകൻ അയച്ചുകൊടുത്ത തടികൾകൊണ്ടു നിൎമ്മിച്ചവയായിരുന്നു. ഈ തടിക്കച്ചവടം വകയിൽ അനേകലക്ഷം രൂപാ കമ്പനിക്കാർ തരകനു കൊടുത്തുതീക്കുവാനുണ്ടായിരുന്നു. പക്ഷേ പരിതസ്ഥിതികൾക്കു മാററം വന്നതോടുകൂടി കമ്പനിക്കാർ ആ കടം വീട്ടാതെ ഒഴിഞ്ഞുകളയുകയാണുണ്ടായതു്

തരകൻ തിരുവിതാംകൂർ രാജസ്ഥാനത്തിനും രാജ്യത്തിനും ചെയ്തുകൊടുത്തിട്ടുള്ള സഹായങ്ങൾ വിവിധങ്ങളും നിസ്സീമങ്ങളുമായിരുന്നു. ടിപ്പുസുൽത്താൻ

തിരുവിതാംകൂർ ആക്രമിക്കുവാൻ വന്നകാലത്തു തരകൻ തിരുവിതാംകൂറിലേക്കു പല സഹായങ്ങളും ചെയ്തിട്ടുണ്ടു്. യുദ്ധത്തിനായി സൈന്യശേഖരം ചെയ്യുന്നതിനും മററും വളരെപ്പണം അന്നു് ആവശ്യമായിത്തീർന്നു. തരകനെപ്പോലെ ധനാഢ്യന്മാർ ചുരുക്കമായിരുന്നതിനാൽ, സർക്കാരിലേക്കു പണം കടം കൊടുക്കേണ്ട ചുമതലയും തരകന്റെമേൽ വന്നുകൂടി. ഈവിധം കൊടുത്ത കൃത്യമായതുക എത്രയെന്നു് നിശ്ചയമില്ലെങ്കിലും തരകൻമരിക്കുമ്പോൾ 14 ലക്ഷംരൂപാ കടമിനത്തിൽ തരകനു ചെല്ലുവാനുണ്ടായിരുന്നെന്നു നമുക്കു രേഖാമൂലമായ തെളിവുണ്ടു്. അന്നത്തെ രാജാവും രാജാകേശവദാസ് ദളവായും തരകന്റെ സഹായത്തെ വളരെ വിലമതിച്ചിരുന്നു.

"സൈന്യത്തിൽ ആൾ ചേർക്കുന്നതിലും തരകൻ ഉത്സാഹിക്കാതിരുന്നില്ല. ടിപ്പു സുൽത്താനുമായുള്ള യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യത്തിൽ നസ്രാണിമാപ്പിളമാർ വളരെ എത്തിക്കൂടിയതു തരകന്റെ ജനസ്വാധീനം കൊണ്ടാണെന്നു തോന്നുന്നു. യുദ്ധം വിജയകരമായിത്തീർന്നതിനു ശേഷം തരകനു തിരുവിതാംകൂറിൽ മുൻപിലത്തേക്കാൾ പ്രാബല്യം സിദ്ധിച്ചു. തരകൻ തിരുവനന്തപുരത്തുകൊട്ടാരത്തിൽ പലപ്പോഴും നിത്യനായിരുന്നു. തരകന്റെ ആവശ്യത്തിനായി മഹാരാജാവു് ഒരു പള്ളിപണിയിച്ചുകൊടുത്തു. ഇതാതാണു് പേട്ടയിൽ ഇപ്പോൾ ഇരിക്കുന്ന ലത്തീൻപള്ളി"

# III

കൊച്ചിയിലെ പ്രതാപശാലിയായിരുന്ന ശക്തൻതമ്പുരാന്റെ ഒരു സുഹൃത്തായിരുന്നു തരകൻ. ഇതേപ്പററി ഒരു കഥയുണ്ടു്. കൊച്ചി തിരുമലദേവസ്വം ക്ഷേത്രത്തിലെ ബിംബം, അവിടെനിന്നും ആരോ മോഷ്ടിച്ചു് ആലപ്പുഴെ കൊണ്ടുവന്നു് സ്ഥാപിക്കുകയുണ്ടായി. തീക്കട്ടെ ഉറുമ്പരിക്കുന്നതിനുസമമായ ഈ പ്രവൃത്തി തരകന്റെ അറിവോടുകൂടിയാണു നടത്തീട്ടുള്ളതെന്നു ഏഷണിക്കാർ ശക്തനെ വിശ്വസിപ്പിച്ചിരുന്നു. എന്നാൽ കുലശേഖരപ്പെരുമാളിന്റെ ആശ്രിതനായ തരകനെ നേരെ ശിക്ഷിക്കുവാൻ നയശാലിയായ ശക്തൻ ഒരുക്കമില്ലായിരുന്നു. അങ്ങനെയിരിക്കെ, പ്രച്ഛന്നവേഷനായി നാട്ടിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ശക്തന്റെ മുൻപിൽ യാദൃച്ഛികമായി തരകൻ അകപ്പെട്ടു.

കുശലപ്രശ്നാനന്തരം, തരകനു പിടിപെട്ട മസൂരിരോഗത്തെപ്പററി ശക്തൻ കല്പിച്ചു ചോദിക്കുകയും, 'പൃഷ്ഠഭാഗത്തു മസൂരിക്കലയുണ്ടോ കാണട്ടെ' എന്നു ആവശ്യപ്പെടുകയും ചെയ്തു. തരകൻ പൃഷ്ഠം കാട്ടിയാൽ രാജസമക്ഷം അനാദരവു കാണിച്ചു എന്ന കുററത്തിനും, കാണിക്കാതിരുന്നാൽ ആജ്ഞ ലംഘിച്ചു എന്ന കുററത്തിനും, എങ്ങനെയും തരകനെ ശിക്ഷിക്കാമെന്നാണു് ശക്തൻ കരുതിയതു്. പക്ഷെ ബുദ്ധിമാനായ തരകനാകട്ടെ, ശക്തന്റെ മുൻപിൽ സാഷ്ടാംഗപ്രണാമം ചെയ്കയാണുണ്ടായതു്. ആ പ്രവൃത്തിയാൽ രാജാജ്ഞപോലെ പൃഷ്ഠം കാട്ടുകയും അതേസമയം രാജാവിനെ ബഹുമാനിക്കുകയുമാണല്ലോ ചെയ്യുന്നതു്. ശക്തൻ അതീവ സന്തുഷ്ടനാകുകയും അനുമ

തൽ അവർ തമ്മിലുള്ള സൗഹാർദ്ദം അത്യന്തം ദൃഢമായിത്തീരുകയും ചെയ്തു. പരേതനായ മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള അവർകഠം ഈ സംഭവം ആസ്പദമാക്കി മനോഹരമായ ഒരു ഖണ്ഡകാവ്യം രചിച്ചിട്ടുണ്ട്.

മലങ്കരനസ്രാണിസമുദായത്തിൻെറ ചരിത്രത്തിൽ ഗണ്യമായ ഒരു ഭാഗമാണു തരകൻ അഭിനയിച്ചിട്ടുള്ളതു്. സുറിയാനി ക്രിസ്ത്യാനികഠക്കു് സ്വജാതി മെത്രാനെ കിട്ടുവാനുണ്ടായ ഉദ്യമങ്ങളിൽ തരകൻ ഒരു പ്രധാനഭാഗം വഹിച്ചിരുന്നു. കരിയാററിമല്പാനെയും പാറേമാക്കൽ തോമാകത്തനാരെയും റോമായിലേയ്ക്കയയ്ക്കുന്നതിനും, പാറേമാക്കൽ ഗോവർണ്ണദോരെ ഗോവയിൽനിന്നു കേരളത്തിലേക്കു കൊണ്ടുവരുന്നതിനും, അനന്തരം ഗോവർണ്ണദോരെ മെത്രാനായി ഉയർത്തുന്നതിലേക്കു ശ്രമങ്ങഠം ചെയ്യുന്നതിനും മുൻപനായി നിന്നു പ്രവർത്തിച്ചതു മാത്തുതരകനായിരുന്നു.

ഗോവർണ്ണദോർ ഭരണാരംഭഘട്ടത്തിൽ എതിർകക്ഷികളിൽ നിന്നു പലഉപദ്രവങ്ങളും അഭിമുഖീകരിക്കേണ്ടിവന്നു. അതിൽനിന്നൊക്കെ ഗോവർണ്ണദോരെ രക്ഷിച്ചതും, തിരുവിതാംകൂർ കൊച്ചീരാജാക്കന്മാരിൽനിന്നു തീട്ടൂരങ്ങഠം വാങ്ങിക്കൊടുത്തതും തരകനായിരുന്നു. സുറിയാനിപ്പള്ളിക്കാർ തിരുവിതാംകൂർരാജാവിനു 30900 രൂപായും കൊച്ചിരാജാവിനു് 14000 രൂപായും അടിയറവെക്കുകയും ആ രാജാക്കന്മാരിൽനിന്നു ഗോവർണ്ണദോർക്കും ആലോചനക്കാർക്കും സ്ഥാനമാനങ്ങഠം സമ്പാദിക്കുകയും ചെയ്തു. തോമ്മാ ഗോവർണ്ണദോരുടെ മരണശേഷവും തരകൻ സഭാ ചരിത്രത്തിൽ ഒരു നായകസ്ഥാനം വഹിച്ചിരുന്നതായി കാണുന്നു.

പുത്തൻകൂർ സമുദായത്തിന്റെ പുനരൈക്യത്തിനുവേണ്ടി ഉററു പരിശ്രമിച്ചിരുന്നവരിൽ ഒരാളായിരുന്നു തരകൻ. കരിയാററിമെത്രാപ്പോലീത്തായുടെ മരണശേഷം, ആറാം മാർത്തോമ്മായെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുന്നതിനായി, ഗോവർണ്ണദോരുമൊരുമിച്ചു തരകൻ പല ഹർജികളും അയച്ചതായി കാണുന്നു. അന്നത്തെ കൊച്ചിമെത്രാനുമായി പല ആലോചനകളും നടത്തി. ഇതുസംബന്ധിച്ച് 1796-ൽ കൊല്ലത്തുവച്ചു നടത്തിയ കൂടിയാലോചനയിൽ കൊച്ചിമെത്രാനും, മാത്തുത്തരകനും, മാർത്തോമ്മായും പല സുറിയാനി സമുദായ പ്രമുഖന്മാരും സംബന്ധിച്ചിരുന്നു. അവിടെവച്ച് ഒരു തീരുമാനമുണ്ടായതായി കാണുന്നില്ല.

എന്നാൽ 1799 ജൂൺമാസം 22-ാംനു മാർത്തോമ്മാ പല വൈദികരോടും ജനപ്രതിനിധികളോടും കൂടി തത്തംപള്ളിയിൽ ചെല്ലുകയും മാത്തുത്തരകൻ മുതലായവരുമായി ആലോചിച്ച് ഒരുടമ്പടി എഴുതിവക്കുകയുമുണ്ടായി. അതനുസരിച്ച് മാർത്തോമ്മാമുതലായവർ പുത്തൻകൂർ വിശ്വാസമുപേക്ഷിച്ചു കത്തോലിക്കാവിശ്വാസം സ്വീകരിക്കുകയും ചെയ്തു. എന്നാൽ കൊച്ചിമെത്രാൻ വാഗ്ദാനംപോലെ മാർത്തോമ്മായെ ഒരു മെത്രാനായി അംഗീകരിക്കുവാൻ വിസമ്മതിച്ചു. തന്മൂലം നിരാശനായ മാർത്തോമ്മായും അനുചരന്മാരും ഉടമ്പടിയിൽ സമ്മതിച്ചിരുന്നതുപോലെ തിരുവിതാംകൂർസർക്കാർനിശ്ചയിച്ചപിഴകെട്ടി പുത്തൻകൂറിലേക്കു തിരിച്ചുപോകുന്നതിനു സംഗതിയായി.

—:o:—

## IV

സഭയുടെ പുനരൈക്യത്തിനുവേണ്ടി ഇങ്ങനെ നിസ്വാൎത്ഥസേവനം ചെയ്ത തരകൻ ഇതരക്കൂട്ടരുടേയും തെറ്റിദ്ധാരണയ്ക്കു പാത്രമായതായിട്ടാണു കാണുന്നതു്. പുത്തൻകൂറും പഴയകൂറും ഒന്നാകുവാൻ തരകൻ ബലാപരിശ്രമം ചെയ്തുമൂലം, അദ്ദേഹം പുത്തൻകൂറുകാരെ ദ്രോഹിക്കുകയായിരുന്നുവെന്നു തൽപക്ഷവാദികളായ ചില ചരിത്രകാരന്മാർ വാദിക്കുന്നു. സ്വജാതിമെത്രാന്മാരെക്കിട്ടുവാനായി മുന്നിട്ടുനിന്നു പ്രവൎത്തിച്ചതു മൂലം അക്കാലത്തെ വൈദികരനാധികാരികൾ തരകനെ ഒരു വിപ്ലവകാരിയായി കണക്കാക്കിയിരുന്നു. അദ്ദേഹത്തിനെതിരായി അന്നത്തെ മിഷ്യനറിമാർ തങ്ങളുടെ സ്വാധീനശക്തി മുഴുവൻ പ്രയോഗിച്ചിരുന്നതായി കാണുന്നു.

മിഷ്യനറിമാരുടെ ഈ യത്നങ്ങൾക്കു ചില ഫലങ്ങൾ ഉണ്ടാകാതിരുന്നില്ല. അതിലൊന്നു മാത്തുതരകനെയും, അന്നു ബ്രിട്ടീഷ് റെസിഡൻറായിരുന്ന കണ്ണൽമെക്കാളിയേയും തമ്മിൽ ഭിന്നിപ്പിക്കുന്നതിനു സാധിച്ചു എന്നുള്ളതത്രേ. ആദ്യകാലത്തു് തരകനോട് അനുഭൂതി കാണിച്ചിരുന്ന മെക്കാളി പിന്നീട് അദ്ദേഹത്തിൻെറ പരമശത്രുവായിത്തീൎന്നതിനു കാരണം എതിർകക്ഷികളുടെ ഉപജാപപ്രവൃത്തികൾ ആയിരുന്നുവെന്നു വേണം വിചാരിക്കുവാൻ. തടിക്കോട്ടത്തവകയിൽ ഈസ്റ്റ് ഇൻഡ്യാക്കമ്പനിയിൽ നിന്നും തരകനു കിട്ടുവാനുണ്ടായിരുന്ന വൻപിച്ച തുക അദ്ദേഹത്തിനു കിട്ടുക ഉണ്ടായില്ല എന്നല്ല തരകൻെറ നിർഭാഗ്യകാല

ത്തു് മക്കാളിയും, മററു ചില യൂറോപ്യന്മാരും തരകനെ കൂടുതൽ ഞെരുക്കുകയും, വൃദ്ധകാലത്തു് സിവിൽ ജയിലിൽ അയയ്ക്കുകപോലും ചെയ്തു.

“ സ്വസമുദായത്തിൻെറ ഗുണാഭിവൃദ്ധിക്കായി മാത്രമുത്തരകൻ ചെയ്ത പ്രവൃത്തികഠം അക്കാലത്തെ വൈദികാധികാരികഠംക്കു രസിച്ചില്ലെന്നും അവർ തരകനു വിരോധമായി റസിഡൻറു് മെക്കാളിയുടെ അടുക്കൽ എഴുതി അറിയിച്ചെന്നും മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. തന്നിമിത്തം കൎണ്ണൽ മെക്കളി ഈറസ്സിഡ്യം കമ്പനിയിൽ നിന്നു തരകനു കൊടുക്കുവാനുണ്ടായിരുന്ന പണം അദ്ദേഹത്തിനു കൊടുക്കാതെ അതിൽ ഒരു ഭാഗം തരകൻെറ സമുദായത്തിൽഉഠംപ്പെട്ട പഴയകൂർ പുത്തൻ കൂർ എന്നീ സുറിയാനിക്കാരുടെ ഗുണത്തിനായി അവരുടെ മതാദ്ധ്യക്ഷന്മാരായ പഴയ കൂററുകാൎക്കുവേണ്ടി പുത്തൻ കൂററുകാർ മെത്രാൻെറയും രസീതിന്മേൽ കമ്പനിയിൽനിന്നും നൂററിനു എട്ടു പലിശ വീതമുള്ള തുക ആണ്ടുതോറും കൊടുക്കുവാൻ തക്കവണ്ണം ഒരു മുതൽ സ്ഥാപിക്കുകയാണുണ്ടായതു്” എന്നു പ്രസിദ്ധ ചരിത്രകാരനായ ഫാദർ ബൎണ്ണാർദ് പ്രസ്താവിക്കുന്നു. എന്നാൽ മക്കാളി ഇങ്ങനെ നിക്ഷേപിച്ച സംഖ്യ തരകനു തിരുവിതാംകൂർ സക്കാരിൽനിന്നും കിട്ടുവാനുണ്ടായിരുന്ന തുകയിൽ നിന്നാണു് എന്നത്രേ മററു ചരിത്രകാരന്മാർ പ്രസ്താവിക്കുന്നതു്.

വൈദികാധികാരികഠം തരകനു് എതിരായി പുറപ്പെടുവിച്ചിരുന്ന ആക്ഷേപങ്ങളിലൊന്നു് തിരുവിതാംകൂർ രാജാവിനു കൊടുക്കുവാനെന്ന കാരണം പറ

ഞ്ഞു് സുറിയാനിപ്പള്ളികളിൽനിന്ന ഇരുത്തീരായിരം രൂപാ (തരകൻ) ബലമായി എടുത്തിട്ടുണ്ടെന്നും രാജാവിൻെറ സമ്പ്രതിപ്പിള്ളക്ക കൊടുക്കുവാനായി വേറെ രണ്ടായിരം രൂപാ എടുത്തിരിക്കുന്നെന്നും, അതിന മുൻപു് കൊച്ചീരാജാവിന കൊടുക്കുവാനെന്നുള്ള നാട്യേന പള്ളികളിൽനിന്ന ഇരുപത്തീരായിരം രൂപാ കൂടി ബലമായി അപഹരിച്ചെന്നും ഇവയ്ക്കും പുറമേ സുറിയാനി ജനങ്ങളിൽ നിന്ന വേറെയും മുതൽ സ്വാധീനപ്പെടുത്തിയെന്നും" ആയിരുന്നു. കൊവർഷം 983 ഇടവം 25 — ാംനു- മാത്തുത്തരകൻ കണ്ണൽ മെക്കാളിക്ക എഴുതിയിട്ടുള്ള ഒരു കത്തിൽ ഈ ആരോപണങ്ങളെ അതി ശക്തിയായി നിഷേധിച്ചിട്ടുണ്ടെങ്കിലും ഇതിനിടകൊണ്ടു തരകനുമായി അസുഖത്തിലെത്തിയിരുന്ന മെക്കാളി, അദ്ദേഹത്തെ അവിശ്വസിച്ചതായിട്ടാണ കാണുന്നതു്.

തരകൻ പള്ളികളിൽനിന്നും തിരുവിതാംകൂർ രാജാവിനായി അപഹരിച്ചു എന്ന പറയുന്നിടത്തോളം വരുന്ന ഒരു തുകയാണു് തരകൻെറ സ്വത്തിൽനിന്നും നിക്ഷേപിക്കപ്പെട്ടുകാണുന്നതു്. പഴയ കൂറ്റുകാർക്കുവേണ്ടി മൂവായിരവും പുത്തൻകൂറ്റുകാർക്കുവേണ്ടി വേറെ മൂവായിരവും പൂവരാഹനാണു് ഇങ്ങനെ നിക്ഷേപിച്ചതു്. മൂവായിരം പൂവരാഹന് പതിനായിരത്തഞ്ഞൂറു ബ്രിട്ടീഷ് രൂപായും അതിനു പ്രതിവർഷമുള്ള പലിശ എണ്ണൂററിനാല്പതു രൂപായുമാകുന്നു. ഈ പലിശ സംഖ്യ വരാപ്പുഴ മെത്രാപ്പോലീത്തായിക്കും പുത്തൻകൂർ മേലദ്ധ്യക്ഷന്മാർക്കും ഇന്നും കിട്ടിവരു

ന്നു. പുത്തൻകൂർ മേലദ്ധ്യക്ഷന്മാർക്കുള്ള പലിശവീതം ആരാണു വാങ്ങിക്കേണ്ടതെന്നുള്ളതിനെപ്പററി ഉണ്ടായ തൎക്കമാണല്ലോ പ്രസിദ്ധമായ വട്ടിപ്പണക്കേസിൽ ചെന്നവസാനിച്ചതു്.

“തിരുവിതാംകൂറിലെ ആദ്യത്തെ ബ്രിട്ടീഷ് റിസിഡൻറായ കർണ്ണൽ മെക്കാളി ഈ ക്രിസ്തീയ സമുദായങ്ങളുടെ കാൎയ്യത്തിൽ വളരെ താല്പൎയ്യം പ്രകാശിപ്പിക്കുകയും, വരാപ്പുഴയിലെ റോമൻകത്തോലിക്കാമിഷനായി 3000 പൂവരാഹനും, മാൎത്തോമ്മായുടെ ജനങ്ങൾക്കായി അത്രയും തുകയും, നൂററിനു് എട്ടുപലിശയ്ക്കു് 1808 ൽ ഈസ്റ്റിൻഡ്യാകമ്പനിയിൽ ഒരു ശാശ്വത നിക്ഷേപമായി സ്ഥാപിക്കുകയും ചെയ്തു.” എന്നുമാത്രമേ തിരുവിതാംകൂർ സ്റ്റേറ്റുമാനുവൽ (ഒന്നാംപതിപ്പു്) ഇതേപ്പററി പറയുന്നുള്ളു. മാത്തുത്തരകൻെറ സ്വത്തു് ഈസ്റ്റിൻഡ്യാകമ്പനിക്കും, തിരുവിതാംകൂർ ഗവൎമ്മെൻറിനും മാത്രമല്ല, സ്വസമുദായത്തിനും ഉപകരിച്ചിരിക്കുന്നുവെന്നാണല്ലോ ഇതു തെളിയിക്കുന്നതു്. സുറിയാനി യുവജനങ്ങളുടെ പഠനത്തിനായും, സുറിയാനിവൈദികരുടെ സംരക്ഷണത്തിനായും മാത്തുത്തരകൻ അനവധി സ്വത്തുക്കൾ അന്നത്തെ പഴയകൂർ വൈദികമേലദ്ധ്യക്ഷനെ, ഇതിനുപുറമേ ഏല്പിക്കുക ഉണ്ടായി എന്നുള്ളതും പ്രസ്താവ്യമാണു്.

—:o:—

# V

വിഖ്യാതനായ കാൎത്തികതിരുനാൾ രാമവൎമ്മമഹാരാജാവു് 937 കുംഭം 6-ാംനു- നാടുനീങ്ങി. 943 മുതൽ 937 വരെയുള്ള മുപ്പതു സംവത്സരകാലം തരകൻ ആ തിരുമേനിയെ വിശ്വസ്തതയോടെ സേവിച്ചു സുദീൎഘമായ ഈ കാലഘട്ടത്തിൽ, യാതൊരു ആക്ഷേപത്തിനും ഇടയില്ലാതെ, ഉപ്പു പുകയിലമുതലായവയുടെ കുത്തക തരകൻ ഏറ്റു നടത്തിയിരുന്നു. അദ്ദേഹത്തിന്റെ പരമശത്രുക്കൾക്കുപോലും, ഈ സുദീൎഘകാലഘട്ടത്തിലെ അദ്ദേഹത്തിന്റെ പൊതുജനസേവനത്തെക്കുറിച്ചോ ജീവിതത്തെക്കുറിച്ചോ യാതൊരു ആക്ഷേപവും പറയുവാൻ കഴിഞ്ഞിട്ടില്ല. മുപ്പതു കൊല്ലം വിശ്വസ്തനായിരുന്നു രാജ്യസേവനം ചെയ്തു കാൎത്തികതിരുനാളിനെപ്പോലെയുള്ള ഒരു രാജപുംഗവനെ തൃപ്തിപ്പെടുത്തുവാൻ സാധിച്ച ഒരു പൌരമുഖ്യൻ ഒരു രാത്രികൊണ്ടു ജനദ്രോഹിയായിത്തീൎന്നു എന്നാണു് ഇന്നു ചില ഹൈന്ദവ ചരിത്രകാരന്മാർ സ്ഥാപിക്കുവാൻ വൃഥാ യത്നം ചെയ്യുന്നതു്.

രാജ്യഭരണവിഷയത്തിൽ അസാധാരണ വിദഗ്ദ്ധരായ ഒരു നൃപസത്തമനായിരുന്ന കാൎത്തികതിരുനാൾ. അയ്യപ്പൻമാൎത്താണ്ഡപ്പിള്ള, സുബ്ബയ്യൻ, ഗോപാലയ്യൻ, മല്ലൻ ചെമ്പകരാമൻപിള്ള, വടിവീശ്വരം സുബ്രഹ്മണ്യയ്യൻ, നാഗർകോവിൽ രാമയ്യൻ, കൃഷ്ണൻചെമ്പകരാമൻപിള്ള, രാജാകേശവദാസ് എന്നീ തിരുവിതാംകൂറിന്നു് ഒരിക്കലും വിസ്മരിക്കുവാൻ സാദ്ധ്യമല്ലാത്ത രാജ്യതന്ത്രനിപുണരായിരുന്ന അവിട

ത്തെ സചിവന്മാർ. രാജാവിനാകട്ടെ, ഈ മന്ത്രിമാർക്കാകട്ടെ, മാത്തൂത്തരകനെപ്പററി യാതൊരു ആക്ഷേപവും പറയുവാനുണ്ടായിരുന്നില്ലായെന്നതു് ഒരു ചരിത്രകാരനു് അവഗണിക്കാവുന്ന വസ്തുതയല്ല.

കൊല്ലവർഷം 973 കുംഭം 7-ാംനു- ബാലരാമവർമ്മ രാജാവു സിംഹാസനാരൂഢനായി. ഈ രാജാവിനെപ്പററി അന്നു് മേൽക്കോയ്മയായിരുന്ന കമ്പനി ഗവർമ്മെൻറു് രേഖപ്പെടുത്തിയിരിക്കുന്നതു് "his character seems ever since to have been marked by imfecility, Caprice, and other qualities which show him to be wholly. uneqnal to the task of Government" എന്നാണു്. മലബാർകാരനായ ജയന്തൻ നമ്പൂതിരി എന്നൊരാളുടെ പാവയായിരുന്നു ഈ രാജാവു് എന്നാണു ചരിത്രകാരന്മാർ പറയുന്നതു്.

ഈ ജയന്തൻ നമ്പൂതിരിയെ രാജാവു ദിവാനായി നിയമിച്ചു. ഇതേപ്പററി "മതിലകം രേഖ"കളിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നതായി പുതിയ സ്റ്റേററു മാനുവൽ കർത്താവു പറയുന്നു: "ദിവാൻ രായ കേശവദാസ മരിച്ചശേഷം കൊണ്ടു രാജ്യകാര്യം വിചാരിക്കുന്നതിനു അതിനു തക്കതിൽ ഒരുത്തനെ ആക്കിവെക്കേണ്ടുന്നതിനു ആരെ ആക്കേണ്ടുവെന്നു കല്പിച്ചു വിചാരിക്കുന്ന അവസ്ഥ തോവാഴക്കോട്ടയ്ക്കുവെളിയിൽ നിന്നും കോട്ടയ്ക്കകത്തു തക്കലെവന്നപാർത്തു പല മണിയങ്ങളും കത്തുകളും എഴുതി നടന്നുവന്ന ചെട്ടിശങ്കരനാരായണപിള്ളയും മാത്തൂത്തരകനും അറിഞ്ഞു തൃപ്പാപ്പൂർ കീഴ്പ്പേരൂർ ശ്രീവീരബാലരാമവർമ്മരായ ചിറവാ

യി മൂത്തതിരുവടി ഇരുന്നരുളിയെടത്തിൻപണ്ടാരത്തിലെ എഴുന്നള്ളത്തോട്ട ഏറിയ തിരുവുള്ളമായിട്ട പാൎക്കുന്ന ഏറാട്ടുകരെ ഉതിരയെറി നംപൂരിയുടെ അടുക്കൽ ചെന്നു കണ്ടുപറഞ്ഞു നിതാനം വരുത്തെണമെന്നു പറഞ്ഞുവച്ചു ശങ്കരനാരായണപിള്ളയും മാത്തുത്തരകനും കൂടി ഉതിരയെറി ജയന്തൻ ജയന്തന്റെ അടുക്കൽചെന്നു മെല്പടിയാന്റെ ജെഷ്ടൻ ജയന്തൻശങ്കരനു അടക്കി വലിയ സൎവ്വാധികാൎയ്യവും കൊടുപ്പിച്ചു തക്കലെച്ചെട്ടി ശങ്കരനാരായണപിള്ളയ്ക്കു അടക്കി വലിയ മെലെഴുത്തും കൊടുപ്പിച്ചാൽ വലിയ സൎവാധികാൎയ്യക്കാരരെ പ്രമാണമാക വച്ചുംകൊണ്ടു ശങ്കരനാരായണപിള്ള കാൎയ്യം ഒക്കെയും വിചാരിച്ചുകൊള്ളാമെന്നും പറഞ്ഞു. അപ്രകാരം നിശ്ചയിച്ചു ഉതിരയെരി ജയന്തൻ ജയന്തന്റെ ജെഷ്ഠൻ ജയന്തൻ ശങ്കരനു അടക്കി വലിയ സൎവാധികാൎയ്യം കൊടുക്കണമെന്നും തിരുമനസ്സിൽ അറിയിച്ചു കല്പനവരുത്തി വലിയ സൎവാധികാൎയ്യവും കൊടുപ്പിച്ചു തക്കലെച്ചെട്ടി ശങ്കരനാരായണപിള്ളയ്ക്കു അടക്കി വലിയമെലെഴുത്തും കൊടുപ്പിച്ചു കാൎയ്യങ്ങൾ ഒക്കെയും ഉതിരയെരി ജയന്തൻ ജയന്തനെ ബൊധിപ്പിച്ചു നടത്തിക്കൊള്ളത്തക്കവണ്ണം പട്ടംവച്ചു ഉയരന്റെഅനുജൻ ജയന്തൻ സുബ്രഹ്മണ്യനെ എഴുന്നള്ളി ഇരിക്കുന്നെടത്തൊള്ള വിചാരങ്ങൾക്കും ആക്കി ഉദ്യൊഗങ്ങൾകൊടുക്കുന്നതിനു അവൎക്കു ബൊധിച്ചആളുകൾക്കു ഉദ്യൊഗങ്ങളും കൊടുപ്പിച്ചു വലിയസൎവാധികാൎയ്യം ജയന്തൻ ശങ്കരനെ പ്രമാണമാകവച്ചുംകൊണ്ടു വലിയ മെലെഴുത്തുകണക്കു കുളത്തൂരാൻ ശങ്കരനാരായണൻ രാജ്യകാൎയ്യങ്ങൾ ഒക്കെയും വിചാരിച്ചുതുടങ്ങി..."

മാത്തൂത്തരകന്റെ പരമശത്രുക്കളായിക്കൂടിയ വേലുത്തമ്പിയുടെ അനുചരന്മാരുടെ "കൂട്ടംകൂടിയ വകക്ക് എഴുതിയ ചെയ്തി കണക്ക്" ഞാൻ മുകളിൽ ഉദ്ധരിച്ചിരിക്കുന്നതു് എന്നു് ഓർക്കണം. ബാലരാമവർമ്മരാവിന്റെ കാലത്തെ അന്തഃഛിദ്രങ്ങളിലും കൊള്ളരുതായ്മകളിലും മാത്തൂത്തരകനു യാതൊരു ഭാഗഭാഗിത്വവും ഉണ്ടായിരുന്നില്ലായെന്നുള്ളതിനു ശത്രുക്കളുടെ ഈ സാക്ഷ്യംതന്നെ മതിയായ തെളിവാണല്ലോ. ധർമ്മരാജാവിന്റെ കാലത്തു് മുപ്പതു സംവത്സരത്തോളം അദ്ദേഹം വഹിച്ച "മുളകുമടിശ്ശീലകാര്യക്കാർ" ഉദ്യോഗം ഈ പുതിയ ഭരണത്തിലും അദ്ദേഹം വഹിച്ചിരുന്നു. ഈ ഉദ്യോഗനിർവ്വഹണവിഷയത്തിൽ എന്തെങ്കിലും ആക്ഷേപം കണ്ടുപിടിക്കുന്നതിന് അദ്ദേഹത്തിന്റെ പരമശത്രുക്കൾക്ക് ഇന്നും കഴിഞ്ഞിട്ടില്ല.

—:*:—

# VI

അനന്തരം ചരിത്രത്തെപ്പററി പറയുന്നതിനു മുൻപ് അക്കാലത്തെ ചില വ്യക്തികളെപ്പററി അല്പം പറയേണ്ടതുണ്ട്. അതിലൊന്ന് സമ്പ്രതികുഞ്ചുനീലൻപിള്ള എന്ന പേരിൽ അറിയപ്പെടുന്ന നരാധമനാണ്. രാജാകേശവദാസ് വലിയ ദിവൻജിയുടെ കൃപകൊണ്ടു രായസമായി ജോലിയിൽ പ്രവേശിച്ച കുഞ്ചുനീലൻപിള്ള ക്രമേണ സമ്പ്രതിയായി ഉയൎന്നു. ബാലരാമവർമ്മ രാജാവിൻെറ സിംഹാസനാരോഹണത്തോടുകൂടി ജയന്തൻ ശങ്കരൻനമ്പൂതിരിക്കാണു സ്വാധീനം കൂടുതൽ എന്നു മനസ്സിലായപ്പോൾ, കേശവദാസിനെവിട്ടു നമ്പൂതിരിയുടെ സേവ പിടിച്ചു. കേശവദാസിൻെറ സംശയാസ്പദമായ മരണത്തിനു റസിഡൻറു കണ്ണൽമെക്കാളി ഇയാളെ അറസ്റ്റുചെയ്തുവെങ്കിലും, മതിയായ തെളിവു കിട്ടായ്കയാൽ ഒടുവിൽ വിട്ടയച്ചു.

വേലുത്തമ്പിയുടെ ശക്തിവൎദ്ധിച്ചുവരുമെന്നുകണ്ടപ്പോൾ, നമ്പൂതിരിയെ ഉപേക്ഷിച്ചു തമ്പിയുടെ പക്ഷത്തു ചേരുകയും, നമ്പൂതിരിയേയും തരകനേയും മററും വേലുത്തമ്പിക്ക് ഒററിക്കൊടുക്കുകയും ചെയ്തു. എന്നുമാത്രമല്ല, തമ്പിയുടെ പ്രീതിമാത്രം മോഹിച്ച്, കേശവദാസിൻെറ ബന്ധുക്കളും അക്കാലത്തെ ഏററവും പ്രശസ്തന്മാരുമായ ജനറൽ തമ്പി ചെമ്പകരാമൻ, പേഷ്കാർ ഇരയാമ്മൻ, എന്നിവരുടെപേരിൽ കള്ളക്കുററങ്ങൾ ചുമത്തി, കടപ്പുറത്തു കൊണ്ടുപോയി അന്യായമായി വധിക്കുകയും ചെയ്തു. സത്യസന്ധന്മാരും ധീരന്മാരും പ്രാപ്തന്മാരുമായിരുന്ന ഈ ഉദ്യോഗസ്ഥന്മാരു

ടെ വധം വേലുത്തമ്പിയുടെ ദളവാസ്ഥാനലബ്ധിക്ക് അത്യന്തം സഹായകമായിഭവിച്ചു.

ഇങ്ങനെ വേലുത്തമ്പിയുടെ സേവകനായിത്തീൎന്ന കുഞ്ചുനീലൻപിള്ള പിന്നീടു തമ്പിയെ നശിപ്പിക്കുവാനുള്ള ശ്രമത്തിലാണ് ഏൎപ്പെട്ടതു്. മഹാരാജാവിനെ തെററിദ്ധരിപ്പിച്ച്, വേലുത്തമ്പിക്ക് വധശിക്ഷ വിധിച്ചിരിക്കുന്നതായി ഒരു നീട്ടെഴുതി മഹാരാജാവിനെകൊണ്ടു ഒപ്പിടുവിച്ചു വാങ്ങിച്ചു. ഈ വിവരം അറിഞ്ഞയുടനെ, കൎണ്ണൽമെക്കാളിയുടെ ആനുകൂല്യത്തോടുകൂടി വേലുത്തമ്പി, കുഞ്ചുനീലൻപിള്ളയെ ഉദയഗിരിക്കോട്ടയിൽ ബന്ധനസ്ഥനാക്കി. അവിടെ വച്ചു നിൎഭാഗ്യകരമായവിധം ഈ നരാധമൻ ലോകംവെടിഞ്ഞു. വേലുത്തമ്പി ഗൂഢമായി ഈ ആളിനെ വധിച്ചതാണെന്നാണ് ഒരു ചരിത്രകാരൻ പറയുന്നതു്.

കുഞ്ചുനീലൻപിള്ളയെപ്പററി രാജാ സർ ടി. മാധവറാവു രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണ്:-
It is certain, however, that one Kunjaneelan Pillay who filled the office of Palace Samprathy (a secretary) was the head of the cabal. Crafty, unprincipled and ambitions, he had acquired a dangerous ascendency at the durbar, practically the reins of Government were in the hands of this low and deproved individual and the Maharaja accupied himself alternately with the pleasures of the seraglio and the earemomies of Superstition."

മറെറാരു വ്യക്തി വേലുത്തമ്പി ദളവായാണു്. കാൎത്തികതിരുനാറം രാമവൎമ്മ മഹാരാജാവിന്റെ കാലത്തു് കുറേക്കാലം കാൎയ്യക്കാരായിരുന്ന വേലുത്തമ്പി ജോലിയിൽനിന്നും മുക്തനായി വീട്ടിൽ കഴിഞ്ഞുകൂടുകയായിരുന്നു. അദ്ദേഹത്തെ ജോലിയിൽനിന്നു പിരിച്ചു വിടുകയായിരുന്നു എന്നാണു ചില ചരിത്രകാരന്മാർ പറയുന്നതു്. അതെങ്ങിനെയായാലും സന്ദൎഭംവന്നപ്പോറം അധികാരം കൈക്കലാക്കുവാൻ തമ്പി മടിച്ചില്ല. അധികാരമോഹിയായ തമ്പിക്കു് തന്റെ ആഗ്രഹം സാധിക്കുന്നതിനുള്ള ഒരു സന്ദർഭം ഉണ്ടായി.

ബാലരാമവർമ്മ മഹാരാജാവു് സിംഹാസനാരോഹണം ചെയ്തപ്പോറം ഭണ്ഡാരം ശൂന്യമായിരുന്നുവെന്നു മാത്രമല്ല, ഒരു വലിയ കടം കൊടുത്തു വീട്ടേണ്ടതായിട്ടും ഉണ്ടായിരുന്നു. കഴിഞ്ഞ ഭരണകാലത്തു ടിപ്പുവുമായി നടത്തിയ യുദ്ധത്തിന്റെ ചെലവു് വീടിക്കഴിഞ്ഞിരുന്നില്ല. കമ്പനി ഗവർമ്മെൻറിലേയ്ക്കു് കൊടുക്കേണ്ട കപ്പം, കുടിശികയായിത്തീൎന്നു. സൈന്യത്തിനു യഥാകാലം ശമ്പളം കൊടുക്കുവാൻ സാധിച്ചിട്ടില്ല. രാജ്യത്തിന്റെ മുതലെടുപ്പാണെങ്കിൽ തീരെ കുറഞ്ഞു. ഇങ്ങിനെയുള്ള ഒരു ദുർഘടഘട്ടത്തിലാണു് ജയന്തൻ ശങ്കരൻ നമ്പൂതിരി ദളവായായതു്.

ഉത്തരേന്ത്യയിലെ ചില നാട്ടുരാജ്യങ്ങളെപ്പോലെ തിരുവിതാംകൂറും ബ്രിട്ടീഷ് ഇൻഡ്യയിലേക്കു ലയിക്കാതിരിക്കണമെങ്കിൽ, കപ്പക്കുടിശിക എങ്ങിനെയെങ്കിലും തീൎക്കേണ്ടതത്യാവശ്യമാണെന്നു നമ്പൂതിരി ദളവായ്ക്കും ആലോചനക്കാൎക്കും ബോദ്ധ്യമായി. എന്തു ത്യാ

ഗങ്ങൾ സഹിച്ചാലും, രാജസ്ഥാനത്തെ നിലനിൎത്തണമെന്നു രാജഭക്തരായ അവർ തീരുമാനിച്ചു പക്ഷെ എന്താണു ചെയ്യുക? ഭണ്ഡാരത്തിലാണെങ്കിൽ ഒരു കാശുംപോലുമില്ല. രാജ്യത്തിനു പൊതുവെ നേരിട്ടിരിക്കുന്ന ഈ ദേശീയ വിപത്തിൽ, രാജ്യത്തെ സഹായിക്കേണ്ടതു് രാജഭക്തരായ പ്രജകളുടെ ചുമതലയാണല്ലോ.

അതിനാൽ രാജ്യത്തിലെ സമ്പന്നന്മാരായ പൗരപ്രമാണികളെ വരുത്തി, യഥാശക്തി സഹായിക്കുവാൻ ദളവായും ആലോചനക്കാരും അവരോടു ആവശ്യപ്പെട്ടു. ഇക്കൂട്ടത്തിൽ 3000 ക രാജഭണ്ഡാരത്തിൽ അടയ്ക്കുന്നതിനാണു വേലുത്തമ്പി നിയുക്തനായതു്. അതിലേക്കു മൂന്നു ദിവസത്തെ അവധിയും വാങ്ങി സ്വദേശത്തേയ്ക്കു പോയ വേലുത്തമ്പി അവിടെച്ചെന്നു നിരക്ഷരകുക്ഷികളായ നാട്ടുകാരെ പറഞ്ഞിളക്കി കലാപത്തിനൊരുങ്ങുകയാണു ചെയ്തതു്. അങ്ങനെ ആൾക്കൂട്ടമായി തിരുവനന്തപുരത്തെത്തി, മഹാരാജാവിനെ ഭീഷണിപ്പെടുത്തി എതിരാളികളെ നശിപ്പിക്കുകയും, സ്വയം അധികാരം കൈക്കലാക്കുകയുമാണു് ചെയ്തതു്.

ഇതിനൊരു രസകരമായ വശം വേലുത്തമ്പി ഏതെല്ലാം കാരണങ്ങൾ നമ്പൂതിരി ദളവായുടെയും കൂട്ടരുടേയും മേൽ ആരോപിച്ചുവോ, അതേകാരണങ്ങൾ തന്നെ അധികാരത്തിൽ വന്നശേഷം, അദ്ദേഹം തുടൎന്നുവെന്നതാണു. ശുഷ്കമായ രാജഭണ്ഡാരത്തെ പോഷിപ്പിക്കുന്നതിലേയ്ക്കു് നമ്പൂതിരി ദളവായുടെ അതേ വഴികൾ തന്നെയാണു വേലുത്തമ്പിയും സ്വീകരിച്ചതു്. പണപ്പി

രിവ് കാൎയ്യത്തിൽ നമ്പൂതിരി ദളവാ എന്തെല്ലാം മർദ്ദന നടപടികൾ സ്വീകരിച്ചിരുന്നുവോ അതിന്റെ ആയിരമിരട്ടി രൂക്ഷതരവും മൃഗീയവുമായ മർദ്ദന നടപടികളാണു വേലുത്തമ്പി കൈക്കൊണ്ടതു്. നമ്പൂതിരി ദളവാ 3000 രൂപായാണു വേലുത്തമ്പിയിൽനിന്നു ആവശ്യപ്പെട്ടതു്. വേലുത്തമ്പിയാകട്ടെ മാത്തൂത്തരകനിൽനിന്നു ലക്ഷക്കണക്കിനു രൂപാ വസൂലാക്കുകയും ഒടുവിൽ തരകന്റെ സകല സ്വത്തുക്കളും കണ്ടുകെട്ടുകയും ചെയ്തു

നിഷ്ഠൂണ്ഡകനും അധികാരമോഹിയുമായിരുന്ന വേലുത്തമ്പി ഈ അന്യായങ്ങളൊക്കെ സാധിച്ചതു റസിഡന്റായിരുന്ന മെക്കാളിയുടെ സഹായത്തോടുകൂടിയായിരുന്നു. ഈ ലഫ്റ്റനന്റു കണ്ണൽ കോലിൽ മെക്കാളി 1800 - മുതൽ 1810 മാർച്ചു 4-ാംതീയതി വരെ കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളിൽ ബ്രിട്ടീഷ് റസിഡന്റായിരുന്നു. റസിഡന്റിന്റെ സഹായത്തോടുകൂടി നിർബാധഭരണം നടത്തിക്കൊണ്ടിരുന്ന വേലുത്തമ്പിക്കു ഒടുവിൽ റസിഡന്റിനെത്തന്നെ ഭരിക്കണമെന്നായി. എന്തിന് അവർ തമ്മിൽ പിണങ്ങി. റസിഡന്റിനെ വധിക്കണമെന്നായി തമ്പിയുടെ ആഗ്രഹം. കൊച്ചി ദിവാനായിരുന്ന പാലിയത്തു മേനോനുമായി ഒരു കൂട്ടുകെട്ടിലേർപ്പെടുകയും 1808 ഡിസംബർ 29—ാംനു-പോഞ്ഞിക്കര റസിഡൻസിയിൽ വച്ചു കണ്ണൽ മെക്കാളിയെ ഗൂഢമായി വധിക്കുവാൻ ശ്രമിക്കുകയും ചെയ്തു.

കണ്ണൽ മെക്കാളി ഗൂഢാലോചനക്കാരുടെ കയ്യിൽപെടാതെ രക്ഷപെട്ടു. ഈ പരാജയത്തിൽ

കുപിതരായ ദളവായും പക്ഷവർത്തികളും കണ്ണിൽകണ്ട ക്രിസ്തുപ്രാന്തികളെയൊക്കെ ഹിംസിക്കുന്നതിലാണു മുതിൎന്നതു്. പള്ളുരുത്തിയിലും പള്ളാത്തുരുത്തിലും അവർ കാട്ടിക്കൂട്ടിയ പേക്കൂത്തുകൾ ചരിത്രപക്ഷങ്ങളെ എന്നും കരിപിടിപ്പിക്കുന്നവയാകുന്നു. ലഹള ഒതുക്കുവാൻ ബ്രിട്ടീഷ് പട്ടാളം തിരുവിതാംകൂറിൽ പ്രവേശിച്ചു. പരിതസ്ഥിതികൾ പ്രതികൂലമാകുന്നു എന്നു കണ്ടപ്പോൾ വേലുത്തമ്പിയും അനുജനുംകൂടി പ്രാണരക്ഷാൎത്ഥം ഒളിച്ചോടി കുന്നത്തൂർ താലൂക്കിലുള്ള മണ്ണടി ക്ഷേത്രത്തിൽ അഭയം പ്രാപിച്ചു.

വിജിഗീഷുക്കളായ ബ്രിട്ടീഷ്പട്ടാളം വേലുത്തമ്പിയുടെ ഗൂഢവാസം എവിടെയെന്നു കണ്ടുപിടിച്ചു എതിരാളികളുടെ കൈയിൽപെടുന്നതിനുമുൻപ് വേലുത്തമ്പി ആത്മഹത്യ ചെയ്തു എതിരാളികൾ "ആ ശവശരീരം എടുത്തു തിരുവനന്തപുരത്തു കൊണ്ടുവന്നു കണ്ണന്മൂല എന്ന സ്ഥലത്തു കഴുവിൽ തൂക്കി... ദളവായുടെ വീട് അവർ ഇടിച്ചുനിരത്തി അദ്ദേഹത്തിന്റെ ബന്ധുക്കളെ മാലദ്വീപിലേക്കു നാടുകടത്തി... അടുത്ത ദളവായായ ഉമ്മിണിത്തമ്പി വേലുത്തമ്പിയുടെ ബന്ധുക്കളെന്നു അറിയപ്പെട്ട ചിലരെ തൂക്കിക്കൊല്ലുകയും മുക്കാലിയിൽകെട്ടി പരസ്യമായി അടിക്കുകയുംചെയ്തു"

വേലുത്തമ്പിക്കു നൽകപ്പെട്ട ശിക്ഷ വളരെ കടന്നുപോയി എന്നുള്ളതു ശരിതന്നെ. എന്നാൽ അതൊരു തരത്തിലും അനൎഹമായിരുന്നില്ലാ എന്നാണ

തമ്പി മാത്തുത്തരകനോടും അദ്ദേഹത്തിൻെറ കുടുംബത്തോടും കാണിച്ചിട്ടുള്ള അക്രമങ്ങൾ തെളിയിക്കുന്നു. നിഗ്രഢമായ ദൈവപരിപാലനനീതി നിവ്വഹിക്കുന്നതിൽ പക്ഷം ചേരാറില്ലല്ലോ.

—:0:—

# VII

നമ്പൂതിരി മേലവായുടെയും അനുചരന്മാരുടെയും ഭരണസമ്പ്രദായത്തെപ്പററി തല്പരകക്ഷികൾ ഇന്നു് അടിസ്ഥാനരഹിതങ്ങളായ പല ആരോപണങ്ങളും നടത്തിവരുന്നുണ്ടു്. എന്നാൽ സമകാലീന രേഖകൾ—അവരുടെ എതിർകക്ഷികളുടെതന്നെ അഭിപ്രായങ്ങൾ—ഇന്നത്തെ ആരോപണങ്ങളെ ന്യായീകരിക്കുന്നില്ല. ഞാൻ മുൻപു് ഉദ്ധരിച്ച "മതിലകംരേഖ"തന്നെ ഇതിനൊരു തെളിവാണു്. പ്രസ്തുത രേഖ പുതിയ തിരുവിതാംകൂർ സ്റ്റേററുമാനുവലിൻെറ 2-ാംവാല്യം അനുബന്ധം 195 മുതൽ 205 വരെ പുറങ്ങളിൽ മി. ടി. കെ വേലുപ്പിള്ള ഉദ്ധരിച്ചിട്ടുണ്ടു്. 974 ലേതായ പ്രസ്തുത രേഖയുടെ ലിപി വ്യത്യാസരീതികൊണ്ടു് അത്ര പഴക്കം കാണുന്നില്ലെന്നു പറയാതെ തരമില്ല. അതെന്തായാലും പ്രസ്തുത രേഖയിൽ ഏതത്സംബന്ധമായി പ്രസ്താവിച്ചിരിക്കുന്നതിങ്ങനെയാണു്:—

"നാട്ടിന്മേൽ പലക്രുട്ടം ഉദ്യോഗങ്ങൾ ഭരിച്ചുമാറിയ ആളുകളെയും ഒരു പ്രകാരത്തിൽ ഇരുന്നുപാക്കുന്ന ആളുകളെയും വരുത്തി വലിയ സവ്വാധികാൎയ്യം ജയന്തൻശങ്കരനും വലിയ മേലെഴുത്തുകണക്ക കുളത്തുരാൻ ശങ്കനാരായണനും അവൎക്ക സഹായമായിട്ടു ക്രുടിയ കിഴക്ക തുരംചുങ്കംമേൽവിചാരിപ്പു ഭരിച്ചുമാറിയ ശേഷം ടി സവ്വാധികാൎയ്യം കൊട്ടത്തു ഭരിച്ചു ഇരുന്ന പറക്കയിൽ സവ്വാധികാൎയ്യം അമ്പലവാണൻ നാണുവനും തിരുവനന്തരം തെക്കും വടക്കും അഗസ്തീശപുരവും തോവാഴയും മുഖംനാഴിമും വലിയ മേലെഴുത്തു വിചാരത്തി

ൻ ആക്കി ഇരുന്ന ഇരവിപുത്തൂവൂർ മുത്തുവൈരവൻ ശങ്കരനും, വലിയഇജമാൻ പാർത്ഥിവപുരം പത്മനാഭൻ ചെമ്പകരാമനുംകൂടി ഇരുന്ന മാളൂത്തരകനുംകൂടി അവവരുടെ ഗതിക്കു തക്കവണ്ണം അല്ലാതെ അയ്യായിരംതരണമെന്നും പതിനായിരം തരണമെന്നും അൻപതിനായിരം തരണമെന്നും ലക്ഷം തരണമെന്നും രണ്ടുലക്ഷം തരണമെന്നും പല ശോദ്യങ്ങൾ ചെയ്കയും അടിക്കയും പറയരുതാത്ത വാക്കുദോഷം പറകയും മുദ്രമനുഷ്യരായിട്ടുള്ളവരെ മരിയാതെ അല്ലാത്ത ശോദ്യങ്ങൾ പലതും ചെയ്കയും ദിവാൻ രായ കേശവദാസിനോട് ആലപ്പിഴച്ചുന്നു പാർത്തുവന്ന കാര്യക്കാറർ തിരുവട്ടാററു നീലകണ്ഠൻ ചെമ്പകരാമനെ പിടിച്ചുകെട്ടിച്ചു ഒന്നുരണ്ടുദിവസം അടിപ്പിക്കയുംപിന്നത്തതിൽ പരരാജ്യത്തിൽനടന്നിട്ടുള്ള വിധത്തിൽ പരുന്തുറാഞ്ചികെട്ടെന്നുപേരായിട്ടുള്ള കെട്ടു രണ്ടുകാലും അകലെവെപ്പിച്ചു മുട്ടുംമടങ്ങാതെ രണ്ടുവശത്തും തുടവരെയും കമുകുലകവച്ചു വരിഞ്ഞുകെട്ടുകയും രണ്ടുകയ്യും നീട്ടിച്ചു രണ്ടുകൈക്കുംനെഞ്ചിലുംകൂനായിട്ടു കമുകുലകവച്ചുവരിഞ്ഞുകെട്ടുകയും, തലമുടിയെപ്പിടിച്ചു പിറകിൽ കെട്ടുകയും അടിക്കയും പിന്നത്തതിൽ ലായത്തിൽകൊണ്ടുചെന്നു കുതിരക്കാററനെക്കൊണ്ടു കാടാവ്യാകചമ്പിയുംകൊണ്ടു അടിപ്പിക്കയും, പറരുകുറട്ട കാച്ചിപ്പിടിപ്പിക്കയും മെല്ലടിയാന്റെ അനുജൻ അയ്യപ്പൻതമ്പിയെ പിടിച്ചുകെട്ടി അടിപ്പിക്കയും ചിറയിൻകീഴ മണ്ടപത്തുംവാതുക്കൽ തിരുമുഖക്കണക്കു ചിറയിൻകീഴ കുററിക്കാട്ടുവീട്ടിൽ കേശവൻ ചെമ്പകരാമൻപിള്ളയെ അടിപ്പിക്കയും തലക്കുളത്തു വെലുതമ്പികാര്യക്കാറർ പകള്ളൂരിയിൽചെന്നു ഇരുന്നാറെ ഇളുവിച്ചുപോവാൻ

പറകയും. നമ്പൂരിമാർ മൂന്നുപേൎക്കും ശങ്കരനാരായ
ണപിള്ളയ്ക്കും അല്ലാതെ മറ്റൊരുത്തൎക്കും കാൎയ്യങ്ങൾ
തിരുമനസ്സറിവിച്ചുകൂടായെന്നു വരികയും ഒന്നിനൊ
ന്നായിട്ടു അറിയിച്ചു കല്പനവരുത്തുകയും തിരുമനസ്സറി
യിക്കാത്ത കാൎയ്യങ്ങൾ കല്പിച്ചപ്രകാരം നടത്തുകയും
ലോകരുടെ നേരെ ഏറിയ ഉപദ്രവങ്ങൾ പലകൂട്ടവും
ചെയ്തുകൊണ്ടും, നാഞ്ചിനാട്ടിൽനിന്നും രണ്ടുമൂന്നുപേരെ
കൂട്ടിച്ചുകൊണ്ടു വന്നാറെ അവരിടെനേരെ ഞെരുങ്ങി
യാൽ അവർ ശേഖരമായിട്ടു കൂട്ടംകൂടിക്കൊള്ളുമെന്നുംവ
ച്ചു അവരെ തിരിച്ചു് അയച്ചുകൊണ്ടും ഇതൊക്കെയും
ക്ഷുദ്രപ്രയോഗംകൊണ്ടത്രെ അവൎക്കു ബോധിച്ചതിൻ
വണ്ണം നടത്തിക്കുന്നതെന്നു രാജ്യത്തിൽ ഒരു സംസാരം
ഉണ്ടായിവരികകൊണ്ടും എല്ലാപേരുംകൂടി ഈ കാൎയ്യം
വിചാരിച്ചു ഇന്നപോലെയെന്നു ഒരു നിവൃത്തിവരുത്തി
യില്ലായെങ്കിൽ മറവുള്ള രാജ്യങ്ങളിൽനിന്നും വന്നു
പാൎത്തു ഇതിന്മണ്ണം ഒക്കെയും നടത്തിക്കുന്ന നമ്പൂതിരി
മാൎക്കും ശങ്കരനാരായണപിള്ളയ്ക്കും അവരോടുകൂടെക്കൂ
ടിയ ആളുകൾക്കും വേണ്ടതല്ലെന്നും നമ്മുടെ തമ്പുരാ
നും രാജ്യത്തിലുള്ള പ്രജകൾക്കും അത്രകുറവുവരുന്നതെ
ന്നും ആയതിന്മണ്ണം വരാതെ ഈ കാൎയ്യം നിതാനം വരു
ത്തുന്നതിനു നാട്ടുകാർജ്ജനങ്ങൾ കൂടേണ്ടതിന്നു തല
ക്കുളത്തു വേലുത്തമ്പി കാൎയ്യക്കാറർ പ്രമാണമായിട്ടു പ
റഞ്ഞുവെച്ചു നിശ്ചയിച്ചു 974-ാമാണ്ടു ഇടവമാസം
27-ാംനു ഹിരണ്യസിംഹനല്ലൂർ കൊട്ടാരത്തുനടയിൽ
കൽക്കുളം തെക്കമണ്ടപത്തും വാൎത്തെൽക്കുള്ള ജനങ്ങൾ
കൂടി വയന്തമണ്ടപത്തിൽ വഞ്ചിമാൎത്താണ്ഡൻ തമ്പു
രാനു കാണിക്കയുമിട്ടു തൊഴുതു അതെന്നുക്കാരെ ആച്ചു
ൻകോവിലിനു കിഴക്കുവശത്തു കൂട്ടംകൂടി ഇരിക്കയും

സങ്കടപ്രകാരത്തിന്നും ശേഷം പേർകൾ കൂടെ വേണ്ടുമ
തിന്നും കൂട്ടത്തിന്നുവരാതെ ഇരിക്കുന്ന ആളുകളുടെ നേ
രെ ചോദ്യങ്ങൾ ഇന്നപ്രകാരമെന്നു വരിയോലയും എ
ഴുതി മുൻപിൽകൂടിയിട്ടൊള്ള പ്രകാരത്തിന്നു ഇന്നപ്ര
ദേശങ്ങളിൽ ഒള്ള പേർകൾ ഇന്നഇന്നാട്ടു കൂടികൊ
ള്ളണമെന്നും സാധനങ്ങളും എഴുതി അയച്ചു.

"......നാട്ടിലുള്ള ജനങ്ങൾ ഇതിന്മണ്ണം കൂട്ടം കൂ
ടി ഇരിപ്പാൻ വേണ്ടും കാൎയ്യങ്ങൾ എന്തെന്നും അവൎക്കു
സങ്കടം ഒണ്ടെങ്കിൽ ആയതു തീൎത്തുകൊടുക്കാമെന്നും
കൂട്ടം പിരിഞ്ഞുകൊള്ളണമെന്നും ഹിരണ്യസിംഹന
ല്ലൂർകൂടി ഇരിക്കുന്ന കൂട്ടത്തിൽ കല്പിച്ചു ആളയച്ച
തിന്റെ ശേഷം ഞങ്ങളുടെ സങ്കടം കല്പിച്ചു കേട്ടു തീ
ൎക്കുന്നതല്ലാതെ വന്ന ആളുകളോടു പറഞ്ഞാൽ തീരുന്ന
തല്ലായെന്നും ഞങ്ങളിടെ പൊന്നുസ്വാമിയെടെ പള്ളി
യന്തിലാവു ഒരെടത്തുവച്ചു സൂക്ഷിപ്പാനുള്ളതു മറുനാടി
ന്മേൽ നിന്നും വന്നു പാൎക്കുന്ന നമ്പൂരി വേണ്ടിച്ചു കൂ
റികൊണ്ടു നടക്കുന്നില്ലയോയെന്നും തമ്പുരാന്റെ കാ
ൎയ്യം വിചാരിപ്പാൻ ഇന്നാട്ടിന്മേൽ ഒരുത്തരും ഇല്ലാത്ത
പോലെ മറുനാട്ടിന്മേൽനിന്നും വന്നു പാൎക്കുന്ന നമ്പൂ
രിക്കു അടക്കി വഴിയ സൎവ്വാധിയും ചെട്ടി ശങ്കരനാരാ
യണപിള്ളയ്ക്കു അടക്കി വഴിയ മേലെഴുത്തും, അവ
ൎക്കുബോധിച്ച പേൎക്കു രാജ്യത്തിൽ മററുള്ള ഉദ്യോ
ഗങ്ങളും കൊടുത്തു കീഴിൽ ഇല്ലാത്ത ചട്ടങ്ങൾ ക
ൽക്കെയും തുടങ്ങി ജനങ്ങളെ അടിക്കയും......ഇന്നാട്ടി
ന്മേലുള്ള ദ്രവ്യങ്ങൾ മറുനാട്ടിന്മേലാക്കിത്തീൎക്കയും ചെ
യ്തുകൊണ്ടും......ഈ അവസ്ഥകൾ ഒക്കെയും തിരുമന
സ്സിലും അറിയിച്ചു ഞങ്ങളെ സങ്കടവും തീൎത്തു ഇതിന്മ
ണ്ണം ഒക്കെയും നടത്തിയ ആളുകളുടെ നേരെ അതിനു

തക്കവണ്ണം വിചാരവും ഉണ്ടായല്ലാതെ കൂട്ടംപിരി
കയില്ലായെന്നും കൂട്ടത്തിൽനിന്നും മൊഴി ഉണ്ടായ അ
വസ്ഥ തിരുമനസ്സറിയിക്കെയും ചെയ്ത ശേഷം........
വലിയ സവ്വാധികാൎയ്യും ജയന്തൻശങ്കരനെയും മേല്പടി
യാന്റെ അനുജൻ ജയന്തൻ ജയന്തനെയും ജയന്തൻ
സുബ്രഹ്മണ്യനെയും തിരുമുൻപാകെ വരുത്തി കല്പിച്ചു
വിചാരിപ്പെടുത്തു ക്ഷുദ്രപ്രയോഗങ്ങൾ ഉള്ള പ്രകാര
വും അകൃത്യങ്ങളായിട്ടുള്ള ക്രിയകൾ കഴിച്ചിട്ടുള്ള പ്രകാ
രവും ഉണ്ടായി വരികകൊണ്ടു വലിയ സൎവ്വാധികാൎയ്യ
ത്തിനു കല്പിച്ചു കൊടുത്ത മുദ്രയും വെപ്പിച്ചു നമ്പൂരി
മാർ മൂന്നുപേരെയും മൂന്നടത്തായിട്ടു കാവലിലുമാക്കി ന
മ്പൂരിമാരുടെ മുഖാന്തരമായിട്ടു വലിയമേലെഴുത്തുഏററ
കല്പനമറിയാതെ അല്ലാതെ അതിക്രമിച്ചു ജനങ്ങളോടു
പലകൂട്ടം ശോദ്യങ്ങൾ ചെയ്യിച്ച ശങ്കരനാരായണപി
ള്ളക്ക വലിയമേലെഴുത്തിനു കൊടുത്തിരുന്നനീട്ടും വൈ
പ്പിച്ചു വലിയ മേലെഴുത്തും വിലക്കി ശിവിരിയിൽ
കോത്തിൽ കൊണ്ടുചെന്നു കൈക്കും കാലിനും തുട്ടുവി
ലങ്ങുമിട്ടു പാൎപ്പിക്കയും മേല്പടിയാനോടുകൂടി വിചാരി
ച്ചിരുന്ന തോവാഴ മുതൽ തിരുവനന്തപുരം തെക്കും വ
ടക്കും മുഖം രണ്ടുവരെക്കും വലിയ മേലെഴുത്തിന് ആ
ക്കിയിരുന്ന ഇരവി പുത്തൂർ ശങ്കരപ്പിള്ളയെയും ഇരം
ചുങ്കം സവ്വാധികാൎയ്യും വിചാരിച്ചിരുന്ന താണുവ പി
ള്ളയെയും കോത്തിൽകാവലിലുമാക്കി ഇവരുടെ വാക്ക
കൾ കേട്ടു പട്ടാളത്തിലുള്ളപേരെ അയച്ചു പല കൂട്ടവും
ഏറിയ ചോദ്യങ്ങൾ ചെയ്യിച്ചു വലിയ ഇജമാൻ പാ
ൎത്ഥിവപുരം പത്മനാഭൻ ചെൺചാക രാമനെ തിരുവ
നന്തപുരം തെക്കേകോട്ട വാതലിൽ കാവലിലുമാക്കി

വടക്ക പലരുടെയുംനേരെ ശോദ്യങ്ങൾ ചെയ്തു പണങ്ങ
ൾ വെപ്പിക്കുന്നതിന നമ്പൂരിയോട്ട ചുമതലയായിട്ടു
ഏറെറ മാത്തൂത്തരകനും അവരോടുകൂടെ പോയ തിരു
വാപ്പിൽകൃഷ്ണപിള്ള സൎവ്വാധികാൎയ്യക്കാരനും ചാലയിൽ
പത്മനാഭനെണ്ണാവി സൎവ്വാധികാൎയ്യക്കാരനും വടക്ക ചെ
ന്നതിൻെറ ശേഷം കൂടെ കൂടിയ കിഴക്കെമുഖത്തു വലി
യ മേലെഴുത്തു കണക്ക യോഗീശ്വരൻ രാമനും കച്ചവ
ടക്കാരരുടെ നേരെയും കുടികളുടെ നേരെയും ക്രമം
അല്ലാത്ത പ്രകാരത്തിൽ പലകൂട്ടം ശോദ്യങ്ങൾ ചെയ്തി
കയും കവൎച്ച ഇടുകയും അടിപ്പിക്കയും, സ്ത്രീജന
ങ്ങളുടെ നേരെ ചെയ്യരുതാത്ത ശോദ്യങ്ങൾ ചെയ്യി
പ്പിക്കയും, ഇതിന്മണ്ണം വളരെ ആവലാധിയായിട്ടു
കേൾക്കകൊണ്ടു അവരെക്കൊണ്ടു വരുന്നതിന കൽ
പ്പിച്ചു ആളയച്ചാറെ പോയ ആളിൻെറ കൂടെ വരു
മ്പോൾ മാത്തൂത്തരകൻ അഞ്ചുതെങ്ങിൽ കോട്ടക്കക
ത്തു കേറി പാൎത്തുകൊള്ളുകകൊണ്ടു ആയവസ്ഥ അ
ഞ്ചുതെങ്ങിൽ കുംസാരിടെ കൂടെ ബോധിപ്പിച്ചാറെ അ
ടക്കളമായിട്ടു വന്നപാൎക്കുന്ന തരകനെ അയക്കിന്നതിന
ഏതു പ്രകാരം വേണ്ടുവെന്നും സംശയിച്ചു അയക്കിന്ന
തിന താമസം വരുത്തുക കൊണ്ടു ചിറയിൻകീഴ് കര
ക്കാർ ചെന്നു കോട്ടയുടെ അതിൎത്തിയ്ക്കു കാവല്യമായി
തിരുമനസ്സറിയിക്കത്തക്കവണ്ണം എഴുതി അയച്ചുകൊ
ണ്ടു കോട്ടയിൽനിന്നും തരകനെ ഇറക്കിക്കൊടുക്കത്ത
വണ്ണം കൽപ്പിച്ചു എഴുതി അയച്ചു. ശിപായിമാരെ
യും അയച്ചു അതിന്മണ്ണം തരകനെ കോട്ടയിൽനിന്നും
പിറത്തിറക്കി തിരുവനന്തപുരത്തു കൊണ്ടുവന്നു കോട്ട
യ്ക്കകത്തു കച്ചേരിയിൽ വിലങ്ങിലാക്കി. കൃഷ്ണപിള്ള

സൎവ്വാധികാൎയ്യക്കാരരെ മേപ്പടി കച്ചേരിയിൽ വില ങ്ങിലാക്കി പത്മനാഭനെന്നാവി സർവാധികാൎയ്യക്കാരരെ കാവല്യമാക്കി പാൎപ്പിച്ചശേഷം അക്കാൎയ്യങ്ങൾ ഇടപെ ട്ടു കേൾക്കാനുള്ള കാൎയ്യങ്ങൾ കേട്ടുവരികയും ചെയ്യു മ്പോൾ......ബലവാകൃഷ്ണൻ ചെൺപകരാമനും വലിയ മേലെഴുത്തു കണക്ക പിറ ചൂട്ടും പെരുമാൾ മാതേവനും ശേഷം ഉള്ള മന്ത്രിമാരും കൂടെച്ചെന്നു നാട്ടിൽ ജനങ്ങ ൾ എല്ലാവരും കൂട്ടംകൂടി പാൎക്കുന്നതിനു അവൎക്കു ഉണ്ടാ യി ഇരിക്കുന്ന സങ്കടങ്ങൾ എന്തെല്ലാമെന്നു വിചാരി ച്ചു അറിഞ്ഞുവരെണമെന്നും കല്പനയുണ്ടാകയാൽ ബല വാകൃഷ്ണൻ ചെമ്പകരാമനും......ശേഷം വേണ്ടും ജന ങ്ങളുംകൂടെ പിവിരിയിൽ കൂട്ടംകൂടി ഇരിക്കുന്നെടത്തു ചെന്നു കാൎയ്യംകൊണ്ടു പലപ്രകാരത്തിലും പറഞ്ഞെട്ടു ത്തു മറുനാട്ടിൽനിന്നും എഴുന്നള്ളിയിരിക്കുന്നെടത്തുവന്നു പാൎത്തു ക്ഷുദ്രപ്രയോഗങ്ങളും ചെയ്തു ഒന്നിനൊന്നായിട്ടു കാൎയ്യാദികളും തിരുമനസ്സറിയിച്ചു പിടിപ്പിച്ചു മന്നാ ളിലെ കാൎയ്യങ്ങൾ വിചാരിച്ചുവന്ന ആളുകളെ വണ്ടു യെന്നുവെച്ചു കാൎയ്യങ്ങൾ ഒക്കെയും അവരുതന്നെ ചുമ തലയായിട്ടു ഏറാകുംകൊണ്ടു തക്കലെച്ചെട്ടി ശങ്കരനാരാ യണപിള്ളക്കു വലിയ മേലെഴുത്തും കൊടുപ്പിച്ചു രാജ്യ ത്തുള്ള ജനങ്ങളെ അടിപ്പിച്ചു ആവലാധിപ്പെടുത്തി ശോകാകട്ടകളുംചെയ്തു അവനവന്റെ വകപോലെ അ ല്ലാതെ പണങ്ങൾ തരെണമെന്നു കല്പീട്ടുകളും എഴുതി വെപ്പിച്ചു കൽപ്പിച്ചുകൊടുത്തിരിക്കുന്ന സ്ഥാനമാന ങ്ങൾക്കും കുറവുവരുത്തി തമ്പുരാന്റെ തിരുനാമപ്പേരു കൊടുത്തിരിക്കുന്ന ആളുകളെ പിടിച്ചുകെട്ടി അടിപ്പി ച്ചു പാറകൊട്ട മാച്ചിപ്പിടിപ്പിക്കയും ഇതിന്മണ്ണം പ

ലശോഭകേടുകൾ ചെയ്യിക്കകൊണ്ടും... ഉതിയേരിന മ്പൂരിമാർ മൂന്നു പേരെയും ശങ്കരനാരായണപിള്ളയും മാത്തുതരകനെയും കൂട്ടത്തിൽ ഏല്പിച്ചു മുന്നാളിലില്ലാത്ത കരന്തകളും വരികളും വച്ചിരിക്കുന്നതും തീൎത്തുതന്നു ഞങ്ങളിടെ സങ്കടം തീൎത്തു അയക്കണമെന്നും ആയതല്ലാതെ കൂട്ടംപിരികയില്ലായെന്നും പറഞ്ഞു പാൎക്കകൊണ്ടു... എല്ലാപേരും കൂടെ വിചാരിച്ചു നിശ്ചയിച്ചെടുത്തു ഉതിയേരി ജയന്തൻശങ്കരനെയും ജയന്തൻ ജയന്തനെയും ജയന്തൻസുബ്രഹ്മണ്യനെയും അവരോടുകൂടെക്കൂടിയ പാലനാട്ടു നമ്പൂരിയെയും ചോലക്കരനമ്പൂരിയെയും തോവാഴക്കോട്ടക്കുവെളിയിലാക്കത്തക്കവണ്ണവും ഉതിയേരിനമ്പൂരിമാർ മൂന്നുപേരെയും ഈനാട്ടിൽ വരുത്തുകയില്ലെന്നും നീട്ടുഎഴുതി തുല്യംചാൎത്തിച്ചു നാട്ടിലെക്കു കൊടുക്കത്തക്കവണ്ണവും ശങ്കരനാരായണപിള്ളയെയും മാത്തുതരകനെയും അടിച്ചുവെവിരണ്ടും അറുക്കെണമെന്നും ശങ്കരനാരായണപിള്ളയുടെ കൂടെക്കൂടി കുട്ടികളുടെ നേരെ ഞെരുക്കം ചെയ്ത സൎവാധികാൎയ്യം അമ്പലവാണൻ താണുവനെയും വലിയമേലെഴുത്തു വിചാരിച്ചു മുത്തുവൈരവൻ ശങ്കരനെയും വലിയ ഇജമാനൻ പത്മനാഭൻ ചെമ്പകരാമനെയും തോവാഴക്കോട്ടക്കു വെളിയിലാക്കത്തക്കവണ്ണവും ഉപ്പുകുത്തകയും തെങ്ങുവരിയും പതിക്കത്തകയും നികുതിക്കടമക്കുചതുക്കളി വച്ചിരിക്കുന്നതിൽ ഒന്നുപാതിയും ഒഴിക്കത്തക്കവണ്ണവും നിശ്ചയിച്ചു.

“ഈ അവസ്ഥകൾ ഒക്കെയും തിരുമനസ്സറിയിച്ചു അതിന്നുമണ്ണും കല്പനയും വന്നു. ശങ്കരനാരായണപിള്ളയെ ശിപ്പിരിയിൽ വടക്കെ അരികിൽ കൊ

ത്തിന്നവെളിയിൽ കൊണ്ടുവന്ന അടിപ്പിച്ചു ആരാച്ചാരടെ പററിൽ ഏല്പിച്ചു ചെവിരണ്ടും അറുപ്പിച്ചു വീണ്ടും വിലങ്ങിലുമാക്കി മാത്തൂത്തരകനെ ചായത്തിൽ കൊണ്ടുചെന്ന അടിപ്പിച്ചു ആരാച്ചാരെ ഏല്പിച്ചു മാത്തൂത്തരകന്റെ ചെവിരണ്ടും പറെറ അറുപ്പിച്ചു വീണ്ടും വിലങ്ങിലുമാക്കി ഉതിയേടംനമ്പൂരിമാർ മൂന്നപേരെയും നാട്ടിന്മേൽ വരുത്തുകയില്ലെന്ന നാടാജനത്തിന കല്പിച്ചു നീട്ടുംകൊടുത്തു സവ്വാധികാര്യ്യം അമ്പലവാണൻ താണുവനെയും വലിയമേലെഴുത്തു കണക്കു മുത്തുവൈരവൻ ശങ്കരനെയും വലിയ ഇജമാനൻ പത്മനാഭൻ ചെൺപകരാമനെയും തോവാഴക്കോട്ടക്ക വെളിയിലുമാക്കി ഉപ്പുകുത്തനെയും തെങ്ങവരിയും.. ഒഴിഞ്ഞു കൊടുത്തു എല്ലാപേരിടെയും സങ്കടവും തീന്ന കൂട്ടവും പിരിഞ്ഞു..... തിരുമുമ്പാകെ ചെന്ന മുഖം കാട്ടിയതിന്റെ ശേഷം നിങ്ങൾ സങ്കടം പറഞ്ഞതിന ഒക്കെയും കേട്ടുതീത്തുതന്നല്ലോയെന്നും അമ്മാവൻ എഴുന്നള്ളി ഇരിക്കുമ്പോൾ അമ്മാവനെയും അറിയിച്ചു. ദിവാൻ ഏതാനും പണത്തിന കടം ഒണ്ടാക്കിവച്ചിട്ടു തീക്കുന്നതിന നിങ്ങൾ വിചാരിച്ചു ആയതിനകൂടെ ഒഴിച്ചിൽ വരുത്തേണമെന്നും കല്പനവന്നതിന അതിന്മണ്ണം തന്നെയെന്ന തിരുമനസ്സറിയിച്ചുംകൊണ്ടു പോകയും ചെയ്തു."

I. The Travancore State Manual, by T. K. Velu Pillai B. A. B. L.

Vol II. 1940 Edition, Appendix pages 195-205.

—:0:—

# VIII

എതിർ കക്ഷികളുടെ സാക്ഷിമൊഴിയാണല്ലോ മുകളിൽ ഉദ്ധരിച്ചിരിക്കുന്ന പ്രാചീനരേഖയിൽ കാണുന്നതു്. ഭരണക്കൂടത്തിനെതിരായി വിപ്ലവം ഉണ്ടാക്കിയ ഒരു കൂട്ടർ, അവരുടെ വികാരങ്ങൾ തീക്ഷ്ണങ്ങളായിരിക്കുമ്പോൾ തന്നെ, വിജയലഹരിയിൽ മദോന്മത്തരായി രേഖപ്പെടുത്തിയിട്ടുള്ള ഒരു "ചെയ്തികണക്കാ"ണിതു്. ഇവരുടെ സമ്മതത്തിൽ നിന്നുതന്നെ മാത്തൂത്തരകൻ നിർദ്ദോഷിയാണെന്നു കാണാമല്ലോ. രാജ്യത്തിലെ ഭരണമേധാവിയായിരുന്ന ഉതിരയരിജയന്തൻ ശങ്കരൻനമ്പൂതിരിയുടെ ആജ്ഞ അനുസരിച്ചു് കീഴുദ്യോഗസ്ഥനായ മാത്തൂത്തരകൻ കുടികളിൽനിന്നു പണപ്പിരുവു നടത്തിയെന്നതാണു് അവരുടെ ആക്ഷേപം. "അമ്മാവൻ എഴുന്നള്ളി ഇരിക്കുമ്പോൾ അമ്മാവനെയും അറിയിച്ചു ദിവാൻ ഏതാനും പണത്തിനു കടം ഉണ്ടാക്കിവെച്ചുള്ളതീർക്കണ"മെന്നു മഹാരാജാവു ലഹളക്കാരോട്ട് ആവശ്യപ്പെടുന്നതിൽ നിന്നു്, മഹാരാജാവിന്റെ അറിവോടുകൂടിയാണു നമ്പൂതിരി ദളവായും കീഴുദ്യോഗസ്ഥന്മാരും പണപ്പിരിവിനു് ഇറങ്ങിയതെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

ഈ വക സംഗതികളൊന്നും ആലോചിക്കാതെ വിജയമത്തരായ വിപ്ലവകാരികൾ നമ്പൂതിരി ദളവായെയും സഹോദരന്മാരെയും നാടുകടത്തുവാനും ശങ്കരനാരായണപിള്ളയെയും മാത്തൂത്തരകനെയും അടിച്ചു ചെവി രണ്ടും അറുത്തുവിടുവാനും മഹാരാജാവിനോടു് ആവശ്യപ്പെടുന്നു. ദുർബലനായ രാജാവ് അതിനു

വഴിപ്പെട്ടു. അവിചലിതരാജ്യസ്നേഹിയും രാജഭക്തനുമായ മാത്തൂത്തരകനെ കൊല്ലണമെന്നായിരുന്നു വേലുത്തമ്പിയുടെ ദുരാഗ്രഹം. പക്ഷെ ധർമ്മരാജാവിന്റെ കാലത്തു ദളവാ ആയിരുന്ന കൃഷ്ണൻ ചെമ്പകരാമൻപിള്ളയും മററും ഈ അക്രമത്തിനു വിരോധികളായിരുന്നു.

ഉടനെ, മാത്തൂത്തരകൻ 10 ലക്ഷം രൂപാ പിഴ കെട്ടണമെന്നായിരുന്നു വേലുത്തമ്പിയുടെയും കൂട്ടരുടെയും ഉഗ്രശാസനം. അതിലേക്ക് അവർതന്നെ ഒരു കച്ചീട്ട് എഴുതി തരകനെക്കൊണ്ട് ഒപ്പിടുവിച്ചു വാങ്ങിച്ചു. മഹാരാജാവിനുവേണ്ടി കട്ടികളിൽനിന്നു കഴിവിൽ കവിഞ്ഞു പണമീടാക്കുന്നു എന്ന കുററം ചുമത്തപ്പെട്ടിരിക്കുന്ന മാത്തൂത്തരകനിൽനിന്നു 10 ലക്ഷം രൂപാ വസൂലാക്കാനാണ് വിപ്ലവകാരികളുടെ ദുരാഗ്രഹം തരകന്റെ മേൽ ചുമത്തിയ ആരോപണത്തിന്റെ ചൂട് അവസാനിക്കുന്നതിനു മുൻപ് ആരോപണക്കാർ തന്നെ അതിനേക്കാൾ അന്യായമായ അക്രമത്തിനു കതിക്കുന്നു. എന്നാൽ എന്തുകൊണ്ടോ തൽക്കാലം പിഴ ഈടാക്കാതെ തരകനെ "ലായത്തിൽ കൊണ്ടുചെന്നു അടിപ്പിച്ച് ആരാച്ചാരെ ഏല്പിച്ചു ചെവി രണ്ടും പററെ അറുപ്പിച്ചു വീണ്ടും വിലങ്ങി"ലാക്കുകയാണു ചെയ്തതു്.

തരകനോടു ചെയ്യപ്പെട്ട അക്രമം അറിഞ്ഞപ്പോൾ മഹാരാജാവു പശ്ചാത്താപ വിവശനായി. അദ്ദേഹത്തെ വേഗം വീട്ടിൽ അയച്ചു വേണ്ട ചികിത്സകൾ ചെയ്യിപ്പിക്കുവാൻ മഹാരാജാവു കല്പനയായി. അതനുസരിച്ചു തരകൻ സ്വഗൃഹത്തിൽ പാർക്കുമ്പോൾ വേലുത്തമ്പിയുടെ സഹകാരിയായി ലഹളയുടെ നേതൃ

ത്വം വഹിച്ച ചിറയിൻകീഴ് അയ്യപ്പൻ ചെമ്പകരാമൻപിള്ള, തരകൻ 4 ലക്ഷം രൂപാ പിഴ അടെയ്ക്കണമെന്നു് ആവശ്യപ്പെടുകയും അതിലേയ്ക്കു തരകനെക്കൊണ്ടു ഒരു കച്ചീട്ടു വെപ്പിക്കുകയും ചെയ്തു മാത്രമോ ഒരു ലക്ഷത്തിൽപരം രൂപാ പിഴയായി വാങ്ങിക്കൊണ്ടു പോകുകയും ചെയ്തു. ഈ വിവരം മഹാരാജാവു അറിഞ്ഞപ്പോൾ, പിഴ കെട്ടുവാനോ അപമാനത്തിനോ തരകൻ യാതൊരു വിധത്തിലും പാത്രവാനല്ലായെന്നു കല്പിച്ചു്, തരകനെക്കൊണ്ടു എഴുതിവെപ്പിച്ചിരുന്ന 10 ലക്ഷത്തിന്റെയും നാലു ലക്ഷത്തിന്റെയും കച്ചീട്ടുകൾ രണ്ടും തരകനു മടക്കിക്കൊടുപ്പിച്ചു.

പക്ഷെ വിപ്ലവ നേതാക്കന്മാരുടെ ധനമോഹം ഇതുകൊണ്ടൊന്നും അടങ്ങിയില്ല. തരകൻ 2 ലക്ഷം രൂപാ പിഴ അടെയ്ക്കണമെന്നായി പിന്നത്തെ അവരുടെ ശാഠ്യം. പട്ടാളത്തിനു ശമ്പളം കൊടുക്കുവാനെന്നു പറഞ്ഞു്, ഒരുലക്ഷത്തെണ്പതിനായിരം രൂപയോളം പിന്നെയും തരകനിൽനിന്നു വാങ്ങിക്കൊണ്ടു പോയി. ഇങ്ങനെ രണ്ടു പ്രാവശ്യമായി 2,80,000 ത്തിൽപരം രൂപാ തരകനിൽനിന്നു അപഹരിച്ചു. മഹാരാജാവ് ഇതറിഞ്ഞപ്പോൾ "പിഴയ്ക്കും അപമാനത്തിനും ഒന്നിനും സംഗതിയില്ലാ"യെന്നു പറഞ്ഞു തരകനിൽനിന്നു വസൂലാക്കിയിരുന്ന രൂപാ തരകനു തന്നെ തിരികെ കൊടുക്കുവാൻ ഉത്തരവായി. അന്നത്തെ ദളവായും ശേഷം കാര്യസ്ഥന്മാരും അതു സമ്മതിച്ചെങ്കിലും ഈടാക്കിയ തുക മടക്കിക്കൊടുക്കുകയുണ്ടായില്ല.

974 മിഥുനമാസം 19—ാംതീയതിയാണല്ലോ വിപ്ലവകാരികൾ അന്യായമായി മാളൂത്തരകന്റെ ചെവിരണ്ടും അറുത്തതു്. അമ്മാവന്റെയും തന്റെയും നിഷ്കളങ്കഭക്തനായ മാളൂത്തരകൻ അപമാനം യാതൊരു വിധത്തിലും അർഹിക്കുന്നില്ലെന്നു മഹാരാജാവിനു പരിപൂർണ്ണബോദ്ധ്യമായിരുന്നു. തരകനോടുള്ള തന്റെ മതിപ്പിന്റെ ഒരു പ്രത്യക്ഷലക്ഷ്യമായി 976 വൃശ്ചികം 27—ാംതീയതി മഹാരാജാവു മാളൂത്തരകനു രണ്ടു സ്വർണ്ണച്ചെവികൾ സമ്മാനിച്ചു.

മഹാരാജാവു് ഇങ്ങനെ തരകനോടു വാത്സല്യം കാണിച്ചതു വേലുത്തമ്പി കൂട്ടരുടെ രോഷത്തെ വർദ്ധിപ്പിച്ചതേ ഉള്ളു. അവർ യാതൊരു കാരണവും കൂടാതെ തരകനെയും പൗത്രനെയും പിടിച്ചു ജയിലിലാക്കി ശരിയായ ഭക്ഷണമോ ശയ്യോപകരണങ്ങളോ കൊടുക്കാതെ വളരെ കഷ്ടപ്പെടുത്തി. മാത്രമല്ല, തറവാട്ടിൽ ഉണ്ടായിരുന്ന ആഭരണങ്ങൾ അപഹരിച്ചു കണ്ടുമാനം വിററു മുതലാക്കുകയും, തരകന്റെ വകയായുണ്ടായിരുന്ന ചരക്കുകൾ ബോധിച്ച വിലയ്ക്കു വിററെടുക്കുകയും ചെയ്തു. ഇങ്ങനെ ഒന്നരലക്ഷം രൂപയുടെ സാധനങ്ങൾ വിററ് 63000ത്തിൽ പരം രൂപാ വസൂലാക്കി. ഇതിനു പുറമെ ഗവർമ്മെന്റിൽനിന്നും തരകനു കൊടുപ്പാനുണ്ടായിരുന്ന രൂപയിൽ ഒരു ലക്ഷം രൂപാ പററിയതായി ഒരു രസീതും പിഴയായി രണ്ടുലക്ഷം രൂപായ്ക്കു ഒരു കയ്ച്ചീട്ടും ബന്ധനസ്ഥനായ തരകനെക്കൊണ്ടു എഴുതിപ്പിച്ചു വാങ്ങി. അനന്തരം അവരെ ബന്ധനമുക്തരാക്കി. വിചിത്രമായ നീതിനിർവ്വഹണം!!

തരകനിൽനിന്നു് പണം ഇങ്ങനെ അപഹരിക്കുന്നതിനു പുറമേ മററു വിധത്തിലും ദ്രോഹിക്കാതിരുന്നില്ല. മാത്തുതരകന്റെ ജാമ്യത്തിന്മേൽ ബോംബെയിലെ വത്തകപ്രളവായിരുന്ന നവറോശിയിൽനിന്നു ഗവർമ്മെൻറു് ഏതാനും വരാഹൻ കടം വാങ്ങിയിരുന്നു ഗവർമ്മെൻറു കൊടുത്തു തീക്കേണ്ട ആ കടവും തരകന്റെ തലയിൽ കെട്ടിവയ്ക്കുവാനാണു വേലുത്തമ്പി തീരുമാനിച്ചതു്. ഇതിലേയ്ക്കു തരകനെ വീണ്ടും ജയിലിലാക്കുകയും തരകന്റെ വകയായുണ്ടായിരുന്ന ചരക്കുകളും വസ്തുക്കളും കപ്പലുകളും കണ്ടുവിലയ്ക്കു വിററു് നവറോശിയുടെ കടം വീട്ടുകയും ചെയ്തു.

പിഴയുടെ പേരിൽ നാലു ലക്ഷത്തോളം രൂപാ ഈടാക്കിയതിനു പുറമെയാണു തരകന്റെ സമസ്തവും വില്ക്കുന്നതു്. അക്കൂട്ടത്തിൽ കപ്പലുകളും!! ഈ അന്യായ പ്രവൃത്തിയെപ്പററി, തരകന്റെ ഒരു മിത്രമല്ലായിരുന്നെങ്കിലും, റസിഡന്റു മെക്കാളി, 1087 മെയ്മാസം 12—ാംതീയതി വേലുത്തമ്പിക്കു് ഇങ്ങനെ എഴുതി:—

"you had taken upon yourself to issue orders to insist on Tharaken's paying what it is alleged that he owes for hilly grounds,etc. This intimation coming from you in their naked shape without any the most trivial document to support the ground you have taken, is (under the peculiar circumstances of Mathoo Tharaken's situation), Very highly improper irregular and contrary to your boundendiety you must withdraw these orders and transmit to me the report of the different Kariakars............I will not allow you from motives

of base enemity to crush any man, if I can possibly and honourably prevent it."

മി. ഡിവേഗസിനു് അയച്ച ഒരു കത്തിൽ റസിഡൻറു് പറഞ്ഞിരിക്കുന്നതിങ്ങനെയാണു്:—"The Dewan's proceeding........was dictated by a spirit of the most base treachery and tyranny..............I solemnly declare that I will interfere in a way that will make him surely repent his conduct." റസിഡണ്ടു് ഇങ്ങനെയൊക്കെ എഴുതിയെങ്കിലും അതുകൊണ്ടു പ്രയോജനമൊന്നുമുണ്ടായില്ല. തന്ത്രജ്ഞനായ വേലുത്തമ്പി റസിഡൻറിനോടു കൂടുതൽ മൈത്രീഭാവത്തിൽ അടുത്തുകൂടി. അങ്ങനെ മെക്കാളിയുടെ തണലിൽ നിന്നുകൊണ്ടു തമ്പി തൻെറ മർദ്ദനപരിപാടി പൂർത്തിയാക്കി. പക്ഷെ ഈ അടുപ്പം ചിരസ്ഥായി ആയിരുന്നില്ല.

തരകൻ ജയിലിൽകിടന്നു നരകിച്ചിരുന്ന കാലത്തു്, കരക്കുടിശിക വരുത്തിയെന്നു പറഞ്ഞു തരകനു തിരുവിതാംകൂറിലുണ്ടായിരുന്ന സ്ഥാവരസ്വത്തുക്കളൊക്കെ ഗവർമ്മെൻറു കണ്ടുകെട്ടി. ഇതു 981ലാണു്. പിറേറക്കൊല്ലം തരകൻെറ വകയായി വരാപ്പുഴകൊണ്ടുചെന്നു് ഇട്ടിരുന്ന 800—ൽപരം കററി തടിയും 600—ൽപരം തളതവും വേലുത്തമ്പി ദളവാ പുറക്കാട്ടു ജനാർദ്ദനപ്പൈയുടെ വകയാണെന്നു പറഞ്ഞുകൊണ്ടുപോയി വിററുമുതലാക്കി. ഇതിനും പുറമേ 1500ൽ പരം കററി തടി തരകൻ ആന പണികഴിപ്പിച്ചു് തി

---

From the History of Travancore by P. Shungoonny Menon, 1878. pp 329 -330.

ക്കാത്രത്ത് മലയിൻപുഴയുടെ കടവിൽ വെച്ചിരുന്നതും ഒളവാ ആളുകളെ അയച്ച് ഇറക്കിക്കൊണ്ടുപോന്നു. തരകന്റെ സമസ്തവും അപഹരിക്കുവാനുള്ള വേലുത്തമ്പിയുടെ ഉദ്യമം ഇങ്ങനെ സഫലമായി.

—:0:—

# IX

വേലുത്തമ്പിയുടെ നേതൃത്വത്തിലുണ്ടായിരുന്ന ലഹളക്കാരുടെ തോന്ന്യാസത്തിനൊപ്പിച്ചു തുള്ളിയപ്പോഴും ബാലരാമവമ്മമഹാരാജാവ് ഒരു സംഗതി അവരെ അനുസ്മരിപ്പിച്ചിരുന്നു. "അമ്മാവൻ എഴുന്നള്ളിയിരിക്കുമ്പോൾ അമ്മാവനെയും അറിയിച്ചു ദിവാൻ ഏതാനും പണത്തിനു കടം ഉണ്ടാക്കിവെച്ചതു തീക്കുന്നതിനു നിങ്ങൾ വിചാരിച്ച് ആയതിനുകൂടെ ഒഴിച്ചിൽ വരുത്തണം." എന്നു കല്പനയായിരുന്നു അതു്. അന്നു ഗവർമ്മെൻറിനുണ്ടായിരുന്ന കടത്തിൻെറ കാര്യമാണു മഹാരാജാവ് അവരെ ഭരമേല്പിച്ചതു്.

ഈ കടത്തിൽ 14 ലക്ഷം രൂപാ മാത്തുത്തരകനു ചെല്ലുവാനുള്ളതായിരുന്നു. "65-ാമാണ്ടു മുതൽ 76-ാമാണ്ടുവരെ തിരുനാൾ, തിരുവന്തളി, തിരുമാസം, ഹിരണ്യഗർഭദാനം, തുലാപുരുഷദാനം, മുറജപം, പൂജ, അടിയന്തിരം, കൊട്ടാരംപണി, സൈന്യച്ചെലവ്, വത്തകക്കു കടംവീട്ടു മുതലായവയ്ക്കായി, രൂപാ ആയിട്ടും, പണമായിട്ടും, നെല്ലായിട്ടും, അരിയായിട്ടും, മററു പല വകകളായിട്ടും കയ്യിൽ നിന്നെടുത്തും, പലരോടും കടം വാങ്ങിയും പലക്കും ജാമ്യം നിന്നും 14 ലക്ഷത്തിൽപരം രൂപാ" മാത്തുത്തരകൻ ഗവർമ്മെൻറിനു കടം കൊടുത്തിരുന്നു; വേലുത്തമ്പിയുടെ ലഹളക്കാലത്തു് ആ സംഖ്യ ഗവർമ്മെൻറിൽ നിന്നും തരകനു കിട്ടാനുള്ളതായിരുന്നു.

ഈ കടം വീട്ടണമെന്നു മഹാരാജാവ് ലഹളയുടെ നേതൃത്വം വഹിച്ചവരോടു കല്പിച്ചിരുന്നു 976 വൃശ്ചി

കമാസത്തിൽ അന്നു വലിയ സവ്വാധികാൎയ്യക്കാരായിരു
ന്ന പാറശ്ശാല പത്മനാഭൻ ചെമ്പകരാമൻപിള്ളയെ
വീണ്ടും മഹാരാജാവ് ഇക്കാൎയ്യം ഭരമേല്പിക്കുകയുണ്ടായി
പക്ഷേ കടം വീട്ടുന്നതിനു പകരം വേലുത്തമ്പിയും അ
നുചരന്മാരും തരകനെയും കുടുംബത്തെയും പീഡിപ്പി
ക്കയും അവരുടെ വസ്തുവകകൾ കൈയടക്കുകയുമാണു
ചെയ്തതു്. വളരെ നാളത്തെ നിവേദനങ്ങളുടെ ഫല
മായി കൺറൽ മെക്കാളി ഇതിൽ ഇടപെട്ടു. അദ്ദേഹം
മാത്തുത്തരകന്റെ അനുജനായ തച്ചിൽ അബ്രാഹം മ
ല്പാനെ പോഞ്ഞിക്കര വരുത്തി സൎക്കാരിൽനിന്നും കി
ട്ടിയിട്ടുള്ള പ്രമാണങ്ങൾ ഹാജരാക്കുന്ന പക്ഷം കണക്കു
കൾ നോക്കി ശരിയായിട്ടു കടം മടക്കി വങ്ങിത്തരാമെ
ന്നു ഉറപ്പു നൽകി.

അപ്പോഴേയ്ക്കും വേലുത്തമ്പി ദളവാ, പോഞ്ഞി
ക്കരെയെത്തി, റസിഡണ്ടിനെ കണ്ടു. മാത്രമല്ല തരക
ന്റെ "കാൎയ്യങ്ങൾ വിചാരിച്ചുനടക്കുന്നവരെ ഒക്കെയും
ഭയത്തിലും നയത്തിലും സ്വാധീനമാക്കുകയും, കാൎയ്യ
സംഗതികൾ അറിഞ്ഞിരിക്കുകയും മുതൽ ചുമതല
കൾ പലതും [തരകനോട്] ഉത്തരിക്കുകയും ചെയ്യേ
ണ്ടുന്നവൎക്കു ഒക്കെയും ദളവാ ദ്രോഹങ്ങൾ ചെയ്തുകൊ
ടുക്കുകയും, (തരകൻ) പറയുന്നതിനെ കേൾപ്പാൻ ഭയ
പ്പെട്ടു ആരും ഇല്ലാതെ" വരികയും ചെയ്തു. ഇതു
മാത്രമല്ല, രാത്രികാലങ്ങളിൽ ഗൂഢമായി തരകനെയും
കുടുംബത്തെയും കൊല്ലുന്നതിലേക്കു ദളവാ രഹസ്യമാ
യി ആളുകളെ നിയോഗിച്ചിരുന്നു. തന്മൂലം തരക
നും പുത്രനും മററും "പ്രാണഭയത്തോടെ സങ്കടപ്പെട്ടു
നടക്കേ"ണ്ടതായിവന്നു.

ഇങ്ങനെയിരിക്കെ, 982 മകരം 1-ാംതീയതി ദളവായുടെ കിങ്കരന്മാരുടെ സമക്ഷം പോഞ്ഞിക്കരെവെച്ചു തരകൻെറ കണക്കുകൾ പരിശോധിച്ചുതുടങ്ങി. വൈക്കം പത്മനാഭപിള്ളയുടെ അസഭ്യവർഷമായിരുന്നു കണക്കുപരിശോധനയുടെ ഒരു ചടങ്ങ്. കർണ്ണൽ മെക്കാളിക്കു തന്നെയും ഇതു് അസഹ്യമായി തീരുകയാൽ ആ വൈതാളികന്മാരെയെല്ലാം പറഞ്ഞയച്ച ശേഷം അദ്ദേഹംതന്നെ കണക്കു നോക്കിത്തുടങ്ങി. ഇതിൽ കുപിതനായിത്തീന്ന ദളവാ തരകൻെറ വകയായി തത്തംപള്ളിലുണ്ടായിരുന്ന ഭവനം ആനകളെക്കൊണ്ടു ഇടിച്ചുനിരത്തി. മാത്രമല്ല തരകൻെറ കുടുംബാംഗങ്ങളെയെല്ലാം മാവേലിക്കരെകോട്ടയ്ക്കകത്തു തടവിലാക്കുന്നതിനു വട്ടം കൂട്ടുകയും ചെയ്തു.

ഈ തോന്ന്യാസങ്ങളിൽനിന്നു് മെക്കാളി ദളവായെ നിരോധിച്ചില്ല. പരിഭ്രാന്തചിത്തനായ തരകൻ അന്നു കൊടുങ്ങല്ലൂരിലുണ്ടായിരുന്ന ജയിംസ് ഡ്രമ്മൺഡ് എന്ന ആംഗ്ലേയനെ അഭയം പ്രാപിച്ചു. അദ്ദേഹമാകട്ടെ, ചേററുവായ് മണപ്പുറത്തു് പാപ്പിനിവട്ടത്തു് ഈസ്റ്റിൻഡ്യാക്കമ്പനിവകയായുണ്ടായിരുന്ന ഒരു സ്ഥലത്തു് പോയി താമസിച്ചുകൊള്ളുന്നതിന് അനുവദിച്ചു. 982 മകരമാസം 11-ാംനു- തരകനും കുടുംബവും അങ്ങോട്ടു താമസം മാററി; അങ്ങനെ ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കാരുടെ പ്രത്യേക സംരക്ഷണയിലായി.

ഇതു ദളവായെയെന്നപോലെ മെക്കാളിയെയും വളരെ ക്ഷോഭിപ്പിച്ചതായി കാണുന്നു. കുംഭം 15-ാം തീയതി മെക്കാളി തരകനെ പോഞ്ഞിക്കരെയിൽ വരു

ത്തി, കുത്തിയതോട്ടിൽവന്നു് താമസിക്കുവാൻ ആജ്ഞാപിച്ചു. അന്നു കേരളത്തിലുണ്ടായിരുന്ന റവ: ബുക്കാനൻസായിപ്പ് തരകനോടു നീതിചെയ്യുവാൻ മെക്കാളിക്കു് ഒരു ശുപാൎശ കത്തു കൊടുത്തതായി കാണുന്നു. തരകനെ ഉമ്മവായുടെ കൈയിൽ പിടിച്ചേല്പിച്ചു കൊല്ലിക്കുമെന്നായിരുന്നു ഇതിനുള്ള മെക്കാളിയുടെ മറുപടി. മാത്രമല്ല, തരകന്റെ കടത്തെപ്പററി ഒരു വിധി തീർപ്പും എഴുതികൊടുത്തു. എൺപത്തയ്യായിരത്തിൽചില്വാനം രൂപാകൊണ്ടു് തരകന്റെ കടം വീട്ടുമെന്നായിരുന്നു ഈ വിധി. മെക്കാളിസായ്പ് സൎക്കാരിൽനിന്നും തരകനു കിട്ടിയിട്ടുള്ള ആധാരങ്ങൾ വാങ്ങിച്ചുകൊണ്ടു്. കൊല്ലത്തു ഉമ്മവായുടെ അടുക്കൽ ചെന്നാൽ കണക്കുതീൎത്തു രൂപാതരുമെന്നു് ആജ്ഞാപിച്ചു

തരകന്റെ പൌത്രൻ കൊല്ലത്തുചെന്നു. ഉണ്ടെന്നു തീരുമാനിച്ചിരിക്കുന്ന 85000 ത്തിൽപരം രൂപായിൽ 59000 ത്തിൽപരം രൂപാ കൎണ്ണൽമെക്കാളി പററിയിരിക്കയാണെന്നും ബാക്കി 26000 രൂപാ തരാമെന്നും, എന്നാൽ മുഴുവൻ സംഖ്യയും പററിയതായി രസീതു എഴുതികൊടുക്കണമെന്നുമായിരുന്നു ഉമ്മവായുടെ കല്പന. പൌത്രന്റെ ജീവരക്ഷയെക്കരുതി തരകൻ രസീതു ഒപ്പിട്ടുകൊടുത്തു. അങ്ങനെ 14 ലക്ഷത്തിൽപരം രൂപായിൽ 26000 രൂപാ തരകനു തിരിച്ചു കിട്ടി.

മെക്കാളിയുടെ ദ്രോഹം ഇതുകൊണ്ടും അടങ്ങിയില്ല. കൊച്ചിയിൽ പാൎത്തിരുന്ന "ജെയിസതത്തെ" സായിപ്പ് അവർകളുമായി തരകൻ ഏൎപ്പെട്ടിരുന്ന കച്ചവട

ഉടമ്പടിയെ സായ്പുതന്നെ ലംഘിച്ചെങ്കിലും തരകൻ സായിപ്പിനു 16000-ൽപരം രൂപാലാഭം കൊടുക്കണമെന്നു മെക്കാളി ശഠിച്ചു. സുറിയാനിപ്പള്ളിക്കാർ തിരുവിതാംകൂർസൎക്കാരിൽ 28000 രൂപായും കൊച്ചിസൎക്കാരിൽ 14000 കയും അടച്ചിട്ടുള്ളതു് തരകൻ പള്ളിക്കാരെക്കൊണ്ടു് അന്യായമായി കൊടുപ്പിച്ചതാണെന്നും അതിനാൽ അത്രയും സംഖ്യ തരകൻ പള്ളിക്കാൎക്കു കൊടുക്കേണമെന്നുമായിരുന്നു അടുത്ത ആജ്ഞ. പക്ഷേ ഈകാൎയ്യത്തിൽ സങ്കടനിവേദനം ചെയ്യുവാൻ, റസിഡണ്ടു നിൎബ്ബന്ധിച്ചിട്ടും പള്ളിക്കാർ തയാറായില്ല.

പക്ഷേ ഇതുകൊണ്ടും എതിർകക്ഷിക്കാർ നിരാശരായില്ല. കൊച്ചിയിലുണ്ടായിരുന്ന അന്തിരിക്കപ്പിത്താൻ എന്നയാൾ, തരകൻ കൊടുത്തുതീൎക്കുവാനുള്ളതെന്നുപറഞ്ഞു്, ആലങ്ങാടിപ്പുറം ജില്ലാക്കോടതിയിൽ 51000 ത്തിൽപരം രൂപായ്ക്കു് തരകന്റെ മേൽ അന്യായം ബോധിപ്പിച്ചു. ഈ കേസ് ശരിയായ ന്യായവിസ്താരമൊന്നുംകൂടാതെവിധിയായി; തരകൻ 23500-ൽപരം രൂപാ കപ്പിത്താനു കൊടുക്കണമെന്നു്. അതുപ്രകാരമുള്ള തുകയ്ക്കുവേണ്ടി മാത്തുത്തരകനെയും പുത്രൻ കൊച്ചുമാത്തുത്തരകനെയും കൊച്ചിയിൽ സിവിൽജയിലിൽ അടച്ചു. അങ്ങനെ 14 ലക്ഷം രൂപാ കടം മടക്കിക്കിട്ടേണ്ടവനായ തരകൻ 72-ാമത്തെ വയസ്സിൽ ജയിലിലടയ്ക്കപ്പെട്ടു

985 ചിങ്ങം 30-ാംനു- മുതൽ തരകന്റെ കുടുംബാംഗങ്ങൾ കുന്ന്യത്തോട്ടിൽവന്നു താമസമാരംഭിച്ചു.

അവശേഷിച്ച നിലങ്ങളും ആനകളും പണയമെഴുതി യിട്ടും പാട്ടനിവട്ടങ്ങളായിരുന്ന വസ്തുക്കൾ കൈമാററം ചെയ്തിട്ടും മററും 19000 ത്തിൽപരം രൂപാ ഉണ്ടാക്കികൊപ്പിത്താനു കൊടുത്തു. കടത്തിൽ 4500 ക. മാത്രം അവശേഷിച്ചു. 988 മീനമാസം 17-ാംനു- മാത്തു തരകനെ ജയിലിൽനിന്നും മോചിപ്പിച്ചു. ആ മേടമാസം 26-ാംതീയതി തരകൻ കഥാവശേഷനായി

അന്തിരിക്കപ്പിത്താനു കൊടുക്കവാനുണ്ടായിരുന്ന 4500 ക. ബാക്കിക്കുവേണ്ടി കൊച്ചുമാത്തുവിനെ പ്രസ്തുതവർഷം കർക്കടകം 5-ാംനു- മുതൽ വീണ്ടും സിവിൽജയിലിലാക്കി. അവിടെക്കിടന്നു് അദ്ദേഹം അവൎണ്ണനീയമായ ദുരിതങ്ങൾ അനുഭവിച്ചു. തീരെ ഗത്യന്തരമില്ലാതെ സകല വിവരങ്ങളും കാണിച്ചു് 990 വൃശ്ചികം 25-ാംനു- അദ്ദേഹം മദ്രാസ് ഗവൎണ്ണർക്കു് ഒരു ഹർജി അയച്ചു. അക്കൊല്ലം മകരം 2-ാംനു- ഈ ഹർജിയുടെ ഒരു പകർപ്പു് ഗവൎണ്ണർ ജനറലിനു് കൽക്കട്ടായിലേക്കയച്ചുകൊടുക്കുകയും ചെയ്തു. പക്ഷെ ഇവയ്ക്കു് എന്തെങ്കിലും മറുപടി കിട്ടുന്നതിനു മുമ്പു് കൊച്ചുമാത്തു ജയിലിൽ കിടന്നു കഥാവശേഷനായി.

# X

തരകനു മടക്കിക്കിട്ടേണ്ട 14 ലക്ഷം രൂപാ 85000 ത്തിൽ പരം രൂപായായി വെട്ടിക്കുറച്ചതിൽ 59000 ത്തിൽപരം രൂപാ കൂണ്ണൽ മെക്കാളി എടുത്തിരിക്കുന്നു വെന്നായിരുന്നല്ലൊ വേലുതമ്പിദളവായുടെ സമാധാനം. ഈ സംഖ്യ താൻ എടുത്തതാണെന്നു മെക്കാളി പിന്നീടു സമ്മതിക്കയുണ്ടായി. 983 കൎക്കടകമാസം 18-ാം തീയതി മെക്കാളി കൊച്ചുമാത്തുവിനെ പൊഞ്ഞിക്കരക്കു വരുത്തി, “പതിനേഴായിരത്തിൽ ചില്വാനം രൂപയും ഇരുപത്തീരായിരം രൂപായുടെ ഹുണ്ടികയും മേശപ്പുറത്തു കൊണ്ടുവന്നു വെച്ച് അതു തരാമെന്നും ബാക്കി രൂപാ തെക്കസായ്പ്, രാമലിംഗം മുതലിയാർ, ജാപ്പാണത്തുനിന്നും വന്ന പാതിരി എന്നിവൎക്കു കൊടുത്തു പോയി എന്നും പറയുകയും മുഴുവൻ സംഖ്യയ്ക്കും ഒരു രസീതു് ആവശ്യപ്പെടുകയും ചെയ്തു

തങ്ങൾ കൊടുക്കുവാനില്ലാത്തവൎക്കു സായിപ്പു കൊടുക്കുന്നതു സങ്കടകരമാണെന്നും പിതാമഹന്റെ സമ്മതം കൂടാതെ യാതൊരു രസീതും നൽകുവാൻ തനിക്കു നിവൃത്തിയില്ലെന്നുമായിരുന്നു കൊച്ചുമാത്തുവിന്റെ മറുപടി. കുപിതനായ മെക്കാളി കൊച്ചുമാത്തുവിനെ ആട്ടിയോടിച്ചു. മുഴുവൻ സംഖ്യയും സൎക്കാരിനെ ഏല്പിച്ചിരിക്കുന്നുവെന്നും റസിഡണ്ടു പിന്നീടു തരകനെ അറിയിക്കുകയുണ്ടായി. അതുശരിയല്ലെന്നും, അദ്ദേഹം തന്നെ ആ തുക തങ്ങൾക്കു മടക്കിത്തരണമെന്നും തരകനും പൗത്രനും പലതവണ റസിഡന്റിന്റെ പക്കൽ നിവേദനം ചെയ്തിട്ടും യാതൊരു ഫലവും ഉണ്ടായി

ല്ല. മെക്കാളിയാകട്ടെ തിരുവിതാംകൂർ ഗവർമ്മെൻറാകട്ടെ ആ സംഖ്യ പിന്നീടു് ഒരിക്കലും തരകനാകട്ടെ, അവകാശികൾക്കാകട്ടെ മടക്കിക്കൊടുക്കുക ഉണ്ടായിട്ടില്ല.

തരകൻ ചെല്ലേണ്ടതായി മെക്കാളി തിരുവിതാംകൂർഗവർമ്മെൻറിനെ ഏല്പിച്ച ഈ പണത്തിനു രസകരമായ ഒരു ചരിത്രം ഉണ്ടായിരിക്കുന്നു. 'എമ്പ്രാൻെറ വിളക്കത്തു വാരിയൻെറ അത്താഴം' എന്നു പറഞ്ഞതുപോലെ, ആ പണംകൊണ്ടു പരോപകാരം ചെയ്യാമെന്നാണു് അധികാരികൾ തീരുമാനിച്ചതു്. കേണൽ മെക്കാളി പള്ളിപ്പുറത്തു കുഷ്ഠരോഗികൾക്കായി നടത്തിയിരുന്ന ആസ്പത്രിക്കു വേണ്ട ചെലവു് ഈ സംഖ്യയിൽനിന്നാണു് എടുത്തതു്. സുറിയാനിക്കാരുടെ പഠനം വകയ്ക്കായി, അന്നു് അവരെ ഭരിച്ചിരുന്ന വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ പേരിൽ മൂവായിരവും പുത്തൻകൂർ മെത്രാൻെറ പേരിൽ മൂവായിരവും പൂവരാഹൻ ഒരു ശാശ്വതനിധിയായി ഈസ്റ്റിൻഡ്യാ കമ്പനിയിൽ നിക്ഷേപിച്ച വസ്തുത മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതേപ്പററി കൂടുതലായി "മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സത്യവിശ്വാസം" എന്ന ഗ്രന്ഥത്തിൻെറ 118, 119, 411-416 എന്നീ പുറങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു്.

ബാക്കിസംഖ്യ മെക്കാളി തിരുവിതാംകൂർ സർക്കാരിനെ ഏല്പിക്കുകയാണു ചെയ്തതു്. തരകൻെറ പൌത്രനായ കൊച്ചുമാത്തുവിൻെറ മരണത്തോടുകൂടി ശരിയായ അവകാശികളില്ലാതായിത്തീർന്ന ഈ സംഖ്യയിൽ നിന്നാണു്, മി. മെക്കൻസി പറയുന്നതുപോലെ,

സുറിയാനി ക്രിസ്ത്യാനികളുടെ വേദാദ്ധ്യയനത്തിനായി 8000 രൂപായും കോട്ടയം കോളേജിനായി 20,000 രൂപായും നാഗർകോവിലിലെ സ്കോട്ട ക്രിസ്ത്യൻ കോളേജിനായി 5000 രൂപായും തിരുവിതാംകൂർ ഗവർമ്മെൻറു സംഭാവന നൽകിയത്. കണ്ണൽ മൺറോയുടെ ആവശ്യപ്രകാരം അക്കാലത്തു പുത്തൻകൂർ സുറിയാനികളുടെ ഇടയിൽ സുവിശേഷ വേലയിൽ ഏർപ്പെട്ടിരുന്ന റവ: ബെയിലി എന്ന സി. എം. എസ്. പാതിരി ഈ സംഗതിയെപ്പററി വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. (The Hindu 1912, August 30, 31)

"മലയാളത്തിലെ സുറിയാനിക്രിസ്ത്യാനികളുടെ സഭാചരിത്രം" എന്ന പേരിൽ ഇട്ടൂപ്പുറൈട്ടർ 1869 —ൽ കൊച്ചിയിലെ വെസ്റ്റൺസ്റ്റാർ പ്രസ്സിൽ അച്ചടിച്ചിട്ടുള്ളതും, അദ്ദേഹത്തിൻെറ പുത്രൻ 1906 —ൽ കോട്ടയത്തു സി. എം എസ് പ്രസ്സിൽ പുനർമുദ്രണം ചെയ്തിട്ടുള്ളതുമായ പുസ്തകത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:-" മാത്തുത്തരകൻ മുതലാളിക്കു തിരുവിതാംകൂർ സക്കാരിൽനിന്നും ഏറിയ മുതൽ കൊടുപ്പാനുണ്ടായിരുന്നാറെ.....മാത്തുത്തരകൻ അന്യംനിന്നു പോകയും ചെയ്കയാൽ ഈ പണം ഉൾപ്പെടെ 20000 രൂപാ തിരുവിതാംകൂർ സക്കാരിൽനിന്നും ബഹുമാനപ്പെട്ട മൺറോസായ്പവർകളുടെ കൃപയാൽ സിമ്മനാരി വകയ്ക്കു ദാനമായി കൊടുപ്പിച്ചു" (പു 192 സത്യവിശ്വാസം പു. 416)

കോട്ടയത്തെ സി. എം. എസ്. കോളേജിനായി കൊടുത്ത 20,000 രൂപാ ഉപയോഗിച്ചു പിന്നീടു ചില

യ്ക്കു വാങ്ങിയതാണു മൺറോ തുരുത്തെന്നു് അറിയപ്പെടുന്ന സ്ഥലം. അല്ലാതെ ചിലർ ഭാവിക്കുന്നതുപോലെ അതു് ആരും ആർക്കും ദത്തമായി നൽകപ്പെട്ടിട്ടുള്ളതല്ല. മി. പി ശങ്കുണ്ണിമേനോന്റെ തിരുവിതാംകൂർചരിത്രവും ഈയിടെ ചില പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കണ്ട 984 മകരമാസം 5-ാംനു-യിലെ നീട്ടും ഇതിനുത്തമ തെളിവായിരിക്കുന്നു. മാത്തുത്തരകന്റെ കടം മടക്കിക്കൊടുക്കാതിരുന്ന ഗവർമ്മെന്റു് പിന്നീടു് എന്തുകൊണ്ടു് ഇങ്ങനെ ചെയ്തു എന്നു് ഒരു ചോദ്യത്തിനു് അവകാശമുണ്ടു്. കർണ്ണൽമൺറോ മദ്രാസ് ഗവർമ്മെന്റിനു് അയച്ച റിപ്പോർട്ടിൽ അതിനുള്ള സമാധാനം നൽകിയിട്ടുണ്ടു്:—

"She (H. H. the Rani Parvathi Baye) is aware of the attention excited to their (native christians) Situation in Europe, and her anxiety to manifest the sincerty of her attachment to the British nation has formed, I belerie, an adpetional motive for the kindess and generocity she has uniformily displayed towards the Syrians."

—:(*):—

# XI

ഇങ്ങനെ മഹാപ്രതാപശാലിയായി രാജ്യത്തെയും രാജാവിനെയും സേവിച്ച മാത്തുതരകൻ;

നീലനദിയിലെയും കാഡീസിലെയും ട്രാഫൽഗറിലെയും പ്രശസ്തമായ നാവികവിജയങ്ങൾക്കു നിദാനമായ കപ്പലുകൾ നിൎമ്മിക്കുന്നതിന് ആവശ്യമായ തടി ഈസ്റ്റ് ഇൻഡ്യാകമ്പനിക്ക് അയച്ചുകൊടുക്കുകയും, ആ ഇനത്തിൽ അനേകലക്ഷം രൂപാ കമ്പനിക്കാരിൽ നിന്നു കിട്ടാനുണ്ടായിരിക്കുകയും ചെയ്ത മാത്തുതരകൻ;

കാഞ്ഞൂരിനു കിഴക്കുഭാഗത്തു 40 കാതം നീളത്തിലുള്ള ഭൂമി തന്റെ കുടുംബത്തിലേക്ക് ഒതുങ്ങിയതു്, തിരുവിതാംകൂർ സൎക്കാരിനു അടിയറവെച്ച മാത്തുതരകൻ;

കടംവീട്ടുന്നതിനും പുണ്യകൎമ്മങ്ങൾക്കും മററുമായി കടംകൊടുത്ത 14 ലക്ഷം രൂപായിക്കു പുറമെ പിഴയെന്ന പേരിലും ആഭരണങ്ങളും ചരക്കുകളും കപ്പലുകളും തടികളും മററും കൈയടക്കിയവകയിലുമായി 4 ലക്ഷത്തിൽപരം രൂപാ ഉൾപ്പെടെ 18 ലക്ഷത്തോളം രൂപാ തിരുവിതാംകൂർ ഗവൎമെൻറിൽ നിന്നും കിട്ടാനുണ്ടായിരുന്ന മാത്തുതരകൻ;

ദരിദ്രനായി, രോഗിയായി, ആരും സഹായത്തിനില്ലാതെ, മൃതിയടയുന്നു. അദ്ദേഹത്തിന്റെ വാത്സല്യപാത്രനായ കൊച്ചുമാത്തു അന്യായമായവിധം സിവിൽജയിലിൽ അടയ്ക്കപ്പെടുകയും അവിടെക്കിടന്നു മരിക്കുകയും ചെയ്തു.

ഈ ഘട്ടത്തിൽ നെപ്പോളിയന്റെ കഥയാണു് ഓൎമ്മവരിക. നെപ്പോളിയനും മാത്തുതരകനും ഏതാണ്ടു സമകാലികരായിരുന്നു. രണ്ടുപേരും സ്വന്തരാജ്യത്തിന്റെ ശ്രേയസ്സിനായി സകല കഴിവുകളും ഉപയോഗിച്ചു പരിശ്രമിച്ചു. രണ്ടുപേരെയും രാജ്യദ്രോഹികളായ സ്വദേശിയർ അവമാനിക്കുകയും ശത്രുക്കൾക്കു് ഒററിക്കൊടുക്കുകയും ചെയ്തു, നെപ്പോളിയൻ രാജ്യഭ്രഷ്ടനായി എൽബായിലേക്കു നാടുകടത്തപ്പെട്ട വത്സരത്തിൽ തന്നെ മാത്തുതരകൻ ദിവംഗതനായി. ഒന്നേ വ്യത്യാസമുള്ളു. ഫ്റഞ്ചുജനത പിൽക്കാലത്തു നെപ്പോളിയന്റെ മഹത്വം അറിയുകയും, അദ്ദേഹത്തിനു ദേശീയമായ ബഹുമാനം നൽകുകയും ചെയ്തു. മാത്തുതരകന്റെ കാൎയ്യത്തിൽ അദ്ദേഹത്തിന്റെ സ്വദേശിയരും സ്വജാതീയരും ഇനിയും ഉണൎന്നു കഴിഞ്ഞിട്ടില്ല.

മാത്തുതരകൻ കടമായി 1¼ ലക്ഷത്തിൽപരം രൂപായാണല്ലോ തിരുവിതാംകൂർ സൎക്കാരിനു നൽകിയതു്. തിരുവിതാംകൂർചരിത്രം എഴുതിയിട്ടുള്ളവർ ഈ വസ്തുത അവഗണിച്ചു് ഉച്ചിപ്പെടുകയാണു ചെയ്തിരിക്കുന്നതു്. തിരുവനന്തപുരത്തെ രാജകീയഗ്രന്ഥശേഖരങ്ങളിൽ ഇതേപ്പററിയുള്ള രേഖകൾ കാണാതിരിക്കുകയില്ല. എന്നാൽ നമുക്കു് അവ അപ്രാപ്യമായിട്ടാണിരിക്കുന്നതു്. പുതിയ തിരുവിതാംകൂർ സ്റ്റേററുമാനുവലിന്റെ രണ്ടാം വാല്യത്തിനു അനുബന്ധമായി കൊടുത്തിരിക്കുന്ന "മതിലകംരേഖ" കളിൽ ഈ ഋണബാദ്ധ്യതയെ സൂചിപ്പിക്കുന്ന മൂന്നു രേഖകൾ ഉദ്ധരിച്ചിട്ടുണ്ടു്. അവയെപ്പററി യാതൊരു വിമൎശ

വും ചെയ്യാതെ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം 1 )

ഈ കടത്തെപ്പററിയും, തങ്ങൾ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെപ്പററിയും മാത്തുത്തരകന്റെ പൗത്രനായ തച്ചിൽ തയ്യു കൊച്ചുമാത്തു കൊച്ചി സിവിൽ ജയിലിൽ കിടന്നുകൊണ്ടു മദ്രാസ് ഗവർണ്ണർക്ക് ഒരു ഹർജി അയച്ചതായി മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. 990 വൃശ്ചികമാസം 25-ാംനു-യാണ് ഈ ഹർജിയുടെ തീയതി. ഈ ഹർജി വെള്ളക്കടലാസിൽ എഴുതി, അതു മദ്രാസിനു കൊടുത്തയച്ചു കല്പനവാങ്ങിത്തരണമെന്നുള്ള ഒരു അപേക്ഷക്കത്തോടുകൂടി വൃശ്ചികമാസം 26-ാംതീയതി കർണ്ണൽമൺറോയ്ക്കു തപാൽമാർഗ്ഗം അയച്ചുകൊടുത്തു.

ഈ ഹർജിയുടെ ഒരു പകർപ്പും വേറൊരു സങ്കടാപേക്ഷയും കൂടി വൃശ്ചികം 30-ാംതീയതി തപാൽമാർഗ്ഗം നേരിട്ടു മദ്രാസ ഗവർണ്ണർക്ക് അയച്ചുകൊടുക്കുകയുണ്ടായി. ഇതിനും പുറമെ, ഈ ഹർജിയുടെ ഒരു പകർപ്പും മറെറാരു ഹർജിയും കൂടെ മകരമാസം 2-ാം തീയതി അന്നു ഗവർണ്ണർ ജനറലായിരുന്ന ഹേസ്റ്റിംഗ്സ് പ്രഭുവിനു കൽക്കട്ടായിലേക്കും അയച്ചുകൊടുത്തു. ഇവയ്ക്കു് എന്തെങ്കിലും മറുപടി ഉണ്ടായിട്ടുണ്ടോയെന്നു അറിഞ്ഞുകൂടാ. ഏതായാലും തന്റെ ഹർജികൾക്കുള്ള യാതൊരു മറുപടിയും കാണാതെ കൊച്ചുമാത്തു ഈ ലോകവാസം വെടിഞ്ഞു.

തരിയത്തു കൊച്ചുമാത്തുവിന്റെ ഹർജിയിൽ വിവരിച്ചിരിക്കുന്ന വസ്തുതകൾ ദയനീയമെന്നതുപോലെ

ചരിത്രപ്രാധാന്യമർഹിക്കുന്നവയുമാകുന്നു. ഹർജി അതേ രൂപത്തിൽ, ഭാഷാരീതിയിൽ യാതൊരു മാററവും വരുത്താതെ, ആണു് ഇവിടെ ഉദ്ധരിക്കുന്നതു്. വാചകഘടനയിലും ലിപിവ്യത്യാസത്തിലും അക്കാലത്തെ അപേക്ഷിച്ചു് ഇന്നു വളരെ പരിഷ്കാരങ്ങളും പരിവർത്തനങ്ങളും വന്നുചേർന്നിട്ടുണ്ടു്. ഏ. ഓ. എന്നീദീർഘസ്വരങ്ങൾ എ. ഒ. എന്നു് ഹ്രസ്വമായിട്ടാണു് അന്നു് എഴുതിയിരുന്നതു്. അതുപോലെതന്നെ പദാന്ത്യത്തിലുള്ള സംവൃതാകാരത്തിനു ഉകാരചിഹ്നം പ്രായേണ ഉപയോഗിച്ചിരുന്നില്ല. ഈ സംഗതികൾ ഓർമ്മയിൽ ഇരുന്നാൽ ആർക്കും വിഷമംകൂടാതെ ഇതു വായിച്ചു് അർത്ഥം മനസ്സിലാക്കാവുന്നതാണു്.

മൂലത്തിൽ ആണ്ടുമാസം തീയതികളൊക്കെ പഴയ സമ്പ്രദായത്തിലാണു് കൊള്ളിച്ചിട്ടുള്ളതു്. ലിപിസംഖ്യകളെ മുൻനിർത്തി അവയുടെസ്ഥാനത്തു് ഇംഗ്ലീഷ് അക്കങ്ങളാണു് ഇവിടെ സ്വീകരിച്ചിരിക്കുന്നതു്.

അതിപ്രധാനമായ ഈ ചരിത്രരേഖയുടെ ആദ്യത്തെ ഏതാനും ഭാഗങ്ങൾ, 1913-ൽ പാലായിൽ നിന്നും മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിളയുടെ പത്രാധിപത്യത്തിൽ പുറപ്പെട്ടിരുന്ന "വിജ്ഞാനരത്നാകരം" മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതല്ലാതെ ഈ ഹർജി പൂർണ്ണമായി ഇതിനു മുൻപ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. പഴയ രീതിയിൽ ആസകലം ഒരു ഖണ്ഡികയായി എഴുതപ്പെട്ടിട്ടുള്ള ഈ ഹർജി ഖണ്ഡികകളായി തിരിച്ചതു ലേഖകനാണു്.

എത്രെയും പെരിയെ ബഹുമാനപ്പെട്ട മതിരാശി മെൽ സമസ്ഥാനത്ത ഗൊവെൎണ്ണമെന്തിൽ മഹാരാജ മാന്യരാജശ്രീ ഗെവുണർ ധൊര അവൎകളുടെ ദെയശീലത്വപമായ സമൂകഷ്മത്തിങ്കലെക്കു

തിരുവാൻകൊട്ട നാട്ടകത്ത കരുതിയ തൊട്ടങ്കൽ കുടിയിരിക്കും നെസ്രാണി തച്ചിൽ തരിയ്തു കൊച്ചുമാത്തു കൊല്ലി ജില്ല അദാലത്തു തടവിൽ നിന്നും എത്രെയും വളരെ വഴക്കത്തൊടെ എഴുതി ബൊധിപ്പിക്കുന്ന സങ്കട അൎജ്ജി എന്തെന്നാൽ

ഒരു സങ്ങതി ക്രൂടാതെ ഞങ്ങൾ ക്രൂട്ടത്തൊടെ ഏറെകാലമായിട്ട ഏറിയൊരു ഞെരുക്കങ്ങളും അപമാനങ്ങളും ദ്രെവ്യനാശങ്ങളും മനസ്സുമുട്ടുകളും വന്ന അനുഭവിച്ചു ഞാനിപ്പൊൾ തടവിൽ കെടന്ന ക്രൂട്ടത്തൊടെ വലയുന്നവെന്ന സഹിക്കരുതാത്ത സങ്കടങ്ങൾ ബെഹുമാനപ്പെട്ട ധൊര അവൎകളുടെ സമൂകഷ്മത്തിങ്കൽ ബൊധിപ്പിച്ചാൽ എന്റെ തടവു ഒഴിഞ്ഞ സങ്കടങ്ങളും കടങ്ങളും തീൎപ്പിച്ചു തന്ന രെക്ഷിക്കുമെന്നുള്ള വിശ്വാസക്കെതിയൊടും മുഴുവനായ ശരണത്തൊടും ഞാനിപ്പൊൾ ഇതിന താഴെ എഴുതുന്ന ഞങ്ങളുടെ സങ്കടങ്ങളായ സങ്ങതികൾ ഒക്കെയും ബെഹുമാനപ്പെട്ട ധൊര അവൎകൾ ഉടയ തമ്പുരാനെ പ്രെതി വായിച്ചു ബൊധിച്ചു കൃപാകടാക്ഷമായിട്ട കല്പന തന്ന ഞങ്ങളെ രക്ഷിക്കണമെന്നും എത്രെയും വളരെ സഹിക്കരുതാത്ത സങ്കടത്തൊടെ വീണുകെണ്ണ സാഷ്ട്യപ്പെട്ട അപെക്ഷിക്കുന്നു.

എന്നാൽ മുമ്പ ഒന്നാമത 943 മാണ്ടു മുതൽക്ക തിരുവാൻകൊട്ട തമ്പുരാൻ തിരുമനസിലെ സെവിച്ച എത്രെയും നല്ല വിശ്വാസമായ ഉപകാരസെവകനായിട്ട എന്റെ മുത്തപ്പൻ തച്ചിൽ മാത്തുത്തരകൻ കച്ചവടങ്ങളും ചെയ്തു മാനമൊടെ നടന്ന പ്രവൃത്തിച്ചു വരുംപൊൾ എന്റെ മുത്തപ്പൻ കൂടെയില്ലാത്ത സങ്ങതിയിങ്കൽ തമ്പുരാന്റെ കല്പന എഴുതിയിരുന്ന കഞ്ചുനീലൻപിള്ള സമ്പ്രതിപ്പിള്ള മുതൽപെരുടെയും കാര്യം പ്രവൃത്തി മാറി പാർത്തിരുന്ന വെലുതമ്പി മുതൽപെരുടെയും ശെതിവുകളെകൊണ്ടു 74 മാണ്ടു മിഥുനമാസത്തിൽ നാട്ടുകാര കൂട്ടംകൂടിയാറെ മെലെഴുതിയവരെ പ്രമാണമാക്കൊണ്ടു തമ്പുരാന്റെ തിരുമനസൊട മറതല ആയിട്ട പലകൂട്ടം കാര്യങ്ങളും പറകയും പ്രവൃത്തിക്കയും ചെയ്തുകൊണ്ടും മെലെഴുതിയ സമ്പ്രതിപ്പിള്ളയും വെലുതമ്പിയും എന്റെ മുത്തപ്പന്റെ ശത്രുക്കൾ ആയിരിക്കകൊണ്ടും മെലെഴുതിയ നാട്ടുകാരുടെ കൂട്ടംപിരിയുവൊളവും എന്റെ മുത്തപ്പൻ മാറി നിക്കണമെന്നും പലരും പറഞ്ഞാറെ അപ്രകാരം ചെയ്യുന്നത മാനത്തിന പൊരായെന്നും ബഹുമാനപ്പെട്ട കമ്പഞ്ഞിയിൽ ആശ്രെയിച്ചു നിന്നുകൊള്ളാമെന്നും എന്റെ മുത്തപ്പൻ നിശ്ചയിച്ചു 8 നു- അഞ്ചുതെങ്ങിൽ ചെന്ന 9 നു- റെസ്യഡെന്തി ജൊർച്ച വറിസായ് പുരവർകളുമായിട്ടുകണ്ട കാര്യസങ്ങതികൾ ഒക്കെയും ബൊധിപ്പിച്ചാറെ എന്റെ മുത്തപ്പന്റെ അപെക്ഷപ്രകാരം ഒക്കെയും റെസ്യ

ഡെന്തിസായ്പ്പ അവർകെൾ സമ്മതിച്ചു അന
വദിച്ചു എന്റെ മുത്തപ്പനെ അവ്വടെത്തന്നെ പാ
ൎപ്പിച്ചുംവെച്ചു ഞെങ്ങളുടെ കഞ്ഞുകട്ടികെൾ പാ
ൎത്തിരുന്ന തത്തംപള്ളിയലെ വീട്ടിന്റെ രക്ഷ
ക്കു ആയിട്ടു രണ്ടു മുദ്ര ശിപായിനെയും കല്പിച്ചു
അയച്ചു പാൎപ്പിച്ചതിന്റെശെഷം മെലെഴുതിയ
സംഗതിയിങ്കൽ എന്റെ മുത്തപ്പനെ കൂട്ടി അയ
ക്കുണമെന്നും വെച്ചു തമ്പുരാന്റെ ആള ആ
യിട്ടു മെലെഴുതിയ സമ്പ്രതിപ്പിള്ള മുതൽപെര
ആളുകളെ അയച്ചാറെ ഒരു സമുശയവും വിജാരി
ക്കാതെ റെസ്സിഡെന്തിസായ്പ്പ അവർകെൾ മെ
ൽകല്പിച്ചു പ്രവൃത്തിച്ചത ഒക്കെയും ഉപെക്ഷി
ച്ചു എന്റെ മുത്തപ്പനെ ഏറക്കി ഏല്പിച്ചു
12 നു- കൊട്ടത്ത അയക്കുകകൊണ്ടും പിന്നത്ത
തിൽ രെക്ഷപെടുവാൻ ഒരു വഴിയില്ലാതെ 13
നു- തിരുവനന്തപുരത്തെ ചെന്നാറെ കൃഷ്ണൻചെ
മ്പകരാമപ്പിള്ള ദളവ അവർകെൾ എന്റെ മു
ത്തപ്പനെ ആ മെഹത്തിന്റെ മടത്തിൽ പാൎപ്പി
ച്ചു ഇണത്തിന്നു ആയിട്ടു പ്രെയത്നം ചെയ്യാറെ
ക്ഷയ്യു ഒന്നും അനുസരിക്കാതെ മെലെഴുതി സ
മ്പ്രതിപ്പിള്ള മുതൽപെരും വെലുത്തമ്പി മുതൽ
പെരും കൂടെ എന്റെ മുത്തപ്പനെ കൊല്ലുന്നമെ
ന്നും പറഞ്ഞു 4 നു- കച്ചെരിയിൽ കൊണ്ടു ചെ
ന്നു വെലാപ്പെട്ടുത്തി പാൎപ്പിക്കുകകൊണ്ടു 15 നു-
മെലുണ്ടായ കാൎയ്യസംഗതികൾ ഒക്കെയും എന്റെ
മുത്തപ്പന്റെകൂടെ പാൎത്തിരുന്ന പെരുമാപിള്ള
എന്ന പറഞ്ഞു അയച്ചു റെസ്സിഡെന്തി മെജർ

ത്ഥം അഛെയ്യ്യ സാന്തര വെണവ്വൻ സായ്പ അവൎകളെയും ഉബാശി രാമലിങ്ങം മുതലിയാരെയും ബൊധിപ്പിച്ചാറെ വെണ്ടവണ്ണം വിജാരിച്ചു രക്ഷിച്ചുകൊള്ളാമെന്നും കല്പിച്ചു അയച്ചതിന്റെ ശെഷം അപ്രകാരം വിജാരിയ്ക്കുഴികകൊണ്ടും മെലെഴുതിയ സമ്പ്രതിപ്പിള്ള മുതൽപെരും വെലുതമ്പി മുതൽപെരും കൂടെ പള്ളുന്തായിരം രൂപാ കപ്പം ചെയ്യുന്നമെന്നും പറഞ്ഞ അവരുടെ മനസിൽ ബൊധിച്ചപ്രകാരം ഒരു കച്ചീട്ട എഴുതി ഒണ്ടാക്കി 18 നു- എന്റെ മുത്തപ്പനെ കൊണ്ട ഒപ്പിടുവിച്ചു വാങ്ങിച്ചതിന്റെ ശെഷം 19 നു- ആയ്യു വെണ്ടായെന്നും പറഞ്ഞ അവരെ എല്ലാവരും കൂടെ പൊറപ്പെട്ട എന്റെ മുത്തപ്പന്റെ മാനങ്ങളും വരുത്തി ആരാച്ചാരെ ഏൾപ്പിപ്പാൻ സങ്ങതിവരികെയും ചെയ്തു.

ഒണ്ടാമത മെലെഴുതിയ നാട്ടുകാരുടെ കൂട്ടം പിരിഞ്ഞതിന്റെ ശെഷം മെലുണ്ടായ അവസ്ഥകളും എന്റെ മുത്തപ്പൻ ആരാച്ചാരുടെ കല്ലറകളത്തിൽ കിടക്കുന്ന പ്രകാരവും തമ്പുരാന്റെ തിരുമനസറിഞ്ഞാറെ വെഗത്തിൽ എന്റെ മുത്തപ്പനെ വീട്ടിൽ അയച്ചു പാൎപ്പിച്ചു ദെണ്ണത്തിന വെണ്ടുന്ന ശികിത്സ ചെയ്യിപ്പിക്കണമെന്നും കല്പന ഒണ്ടായതിന്റെ ശെഷം മെലെഴുതിയ സമ്പ്രതിപ്പിള്ള മുതൽപെരെ പൊറാക്കാരെ കൂടെങ്ങാക്കി മെലെഴുതിയ മാസം 23നു- എന്റെ മുത്തപ്പനെ വീട്ടിൽ പാൎപ്പിച്ചിരിക്കുമ്പൊൾ സക്കാര

കാൎയ്യങ്ങൾ പ്രമാണമായിട്ടു വിചാരിക്കുന്നതിനു
തക്കവിധം അയ്യപ്പൻ ചെമ്പകരാമപ്പിള്ള വല്യ
സൎവ്വാധികാൎയ്യക്കാരര നാനൂറായിരം രൂപാ പെ
ഴ ചെയ്യണമെന്നും പറഞ്ഞതു ദെഹത്തിന്റെ
മനസ്സിൽ ബൊധിച്ചു പ്രകാരം ഒരു കല്പീട്ടു എ
ഴുതി ഉണ്ടാക്കിച്ചു എഴപത്തെട്ടാമാണ്ടു ചിങ്ങമാ
സം 1നു എന്റെ മുത്തപ്പനെക്കൊണ്ടു ഒപ്പിട്ടുവി
ച്ചു വാങ്ങിച്ചു ആ വകക്കു ഞെരുക്കങ്ങളും ചെയ്തി
പ്പിച്ചു നൂറായിരത്തിശില്വാനം രൂപാ വാങ്ങി
ച്ചാറെ അപമാനത്തിനും പെഴയ്ക്കും ഒന്നിനും ഒ
രു സംഗതിയില്ലായെന്നും തമ്പുരാൻ തിരുമനസ്സു
കൊണ്ടു കല്പിച്ചു പെഴയ്ക്കു ആയിട്ടു എന്റെ മുത്ത
പ്പനെക്കൊണ്ടു ഒപ്പിട്ടുവിച്ചു വാങ്ങിച്ചിരുന്ന ക
ല്പീട്ടു രണ്ടും വൃശ്ചികമാസം 24നു തിരികെ തരു
വിച്ചു എന്റെ മുത്തപ്പനെയും എന്നെയും തമ്പു
രാൻ തിരുമനസ്സകൊണ്ടുതന്നെ കല്പിച്ചു അയച്ച
തിന്റെ ശെഷം പിന്നത്തതിൽ ഇരുനൂറായിരം
രൂപാ പെഴ ചെയ്യണമെന്നും മെലെഴുതിയ അ
യ്യപ്പൻ ചെമ്പകരാമപ്പിള്ള വല്യ സൎവ്വാധികാൎയ്യ
ക്കാരരു പറഞ്ഞു മെൽവാങ്ങിച്ച രൂപാ കൂടാതെ
ശെഷം രൂപാ രാണ്ടാകൎക്ക ശമ്പളംവകക്കു വ
ക കൊടുത്തു അവരെക്കൊണ്ടു എന്റെ മുത്തപ്പ
നെ മനസ്സമുട്ടിപ്പിച്ചു നൂറായിരത്തി എൺപതി
നായിരം രൂപായോളം പിന്നെയും വാങ്ങിക്കകൊ
ണ്ടു രണ്ടാം ഉത്സവം എഴപത്തൊരാമാണ്ടു വൃശ്ചിക
മാസത്തിൽ പെഴയ്ക്കും അവമാനത്തിനും ഒ.നി
നും ഒരു സംഗതിയില്ലായെന്നുള്ള സാക്ഷിത്തപ

ത്തിന്റെ ഒറപ്പിന്ന ആയിട്ട തമ്പുരാൻ തിരുമന
സ്സുകൊണ്ട കല്പിച്ച പൊന്നുകൊണ്ട രണ്ട ചെവി
ണ്ടാക്കിച്ച 27നു- മാനമായിട്ട എന്റെ മുത്തപ്പ
ന്മാ കൊടുത്ത പെഴയ്ക്കുന്നംപറഞ്ഞ നൂറായിര
ത്തി എൺപതിനായിരം രൂപായൊളം വാങ്ങി
ച്ചിരിക്കുന്നത സൎക്കാരിൽ നിന്നും എന്റെ മുത്ത
പ്പന തിരിയെ തരത്തക്കവണ്ണം സൎക്കാരകാൎയ്യങ്ങ
ൾ പ്രമാണമായിട്ട വിചാരിച്ചിരുന്ന പത്മനാഭ
ൻ ചെമ്പകരാമപ്പിള്ള വലിയസൎവ്വാധികാൎയ്യക്കാ
രൊട തമ്പുരാൻ തിരുമനസ്സിലെ കല്പന ഉണ്ടാ
കയും അപ്രകാരം ആ ദെഹവും ശെഷം കാൎയ്യ
സ്ഥന്മാരും സമ്മതിച്ച അനുവദിച്ച നടന്നു
പൊരികയും ചെയ്തു

മൂന്നാമത അറുപത്തഞ്ചാമാണ്ട മുതൽ എഴുപത്താ
റാമാണ്ടവരെ മെലെഴുതിയ സൎക്കാരവക തിരു
നാൾ തിരുവൻതെള്ളി തിരുമാസം ഇരണ്യഗൎഭ്ഭ
ദാനം തുലാപുരുഷദാനം മൊറജപം പൂജ അടിയ
ന്തിരം കൊട്ടാരംപണി റാണിചിലവ വസ്തുക്കൾ
കടംവീട്ടവക ഉൾപ്പെടെ അടിയന്തിര ചെലവ
വകക്ക രൂപാ ആയിട്ടും പണം ആയിട്ടും, നെല്ല
ആയിട്ടും അരി ആയിട്ടും മററു പലവകകൾ ആ
യിട്ടും ഞങ്ങളുടെ കയ്യിൽ നിന്ന ആയിട്ടും പല
രൊടും കടം വാങ്ങിച്ചിട്ട ആയിട്ടും പലൎക്കും ജാ
മ്യം ഏററുകൊടുത്തിരിക്കുന്നത ആയിട്ടും എ
ന്റെ മുത്തപ്പൻ സൎക്കാരവകക്ക ആയിട്ട കൊടു
ത്തിരിക്കുന്ന വകയിൽ പതിന്നാലു നൂറായിരം
രൂപായിലധികം സൎക്കാരിൽ നിന്നും ഞങ്ങൾക്ക

വരുവാനുണ്ടാകകൊണ്ടും മെലെഴുതിയ കടക്കാര
രെ ചോദ്യം എന്റെ മുത്തപ്പനൊട്ട വരികകൊ
ണ്ടും ആ സങ്കടങ്ങൾ എന്റെ മുത്തപ്പൻ തമ്പുരാ
ന്റെ തിരുമനസ്സ അറിവിച്ചാറെ ഒന്നാമത്തെ
സങ്ങതിയിൽ എഴുതിയിരിക്കുന്ന വെലുത്തമ്പി
യെ സൎക്കാരകാൎയ്യങ്ങൾ പ്രമാണമായിട്ട വിചാ
രിക്കത്തക്കവണ്ണം വല്യസൎവ്വാധികാൎയ്യമായിട്ട ആ
യിരിയ്ക്കുകൊണ്ട ആ ദെഹത്തിനൊടും ശെഷം
കാൎയ്യസ്ഥന്മാരൊടും ഞെങ്ങളുടെ കണക്കുകൾ
നെരെപൊലെ വിസ്തരിച്ച തീൎത്ത തരത്തക്കവണ്ണം
തമ്പുരാന്റെ കല്പനയുണ്ടാകകൊണ്ടും ആ പ്രകാ
രം എഴുപത്തെഴാമാണ്ട കന്നിമാസം മുതല്ക്ക വെ
ലുത്തമ്പി വല്യസൎവ്വാധികാൎയ്യക്കാരരും ശെഷം കാ
ൎയ്യസ്ഥന്മാരുംകൂടെ കച്ചെരിയിലും കരിവെല
പ്പെരയിലും പല ദിവസമായിട്ടിരുന്ന ഒരൊരൊ
ന്നുകൾ ആയിട്ട വിസ്തരിച്ചുവരുമ്പൊൾ എട്ട
ന്നൂറായിരം രൂപായൊളം ഞെങ്ങൾക്ക വരുവാനു
ള്ള പ്രകാരം തൎക്കംതീരുകയും ശെഷംന്നുകൾ
വിസ്തരിച്ചുവരികയും ചെയ്യുമ്പൊൾ എഴുപ ത്ത
ട്ടാമാണ്ട മീനമാസം 7 നു- വെലുത്തമ്പി വല്ല്യ
സൎവ്വാധികാൎയ്യക്കാരർ ദെളുകത്താ കല്പിച്ച കൊട്ട
ത്തതിന്റെ ശെഷം പിന്നത്തതിൽ ഞെങ്ങളുടെ
കണക്കുകൾ കെൾപ്പാനും തീൎപ്പാനും സങ്ങതി വ
ന്നൊഴികകൊണ്ടും മെലെഴുതിയ കടക്കാര സ
ഹിച്ചുകൂടാത്തതിൻവണ്ണം എന്റെ മുത്തപ്പനൊ
ട ചെദ്യപ്പെടുകകൊണ്ടും എഴുപത്തൊൻപതാം

മാണ്ടു വൃശ്ചികമാസം 10നു- സക്കാരവകയിൽ
നിന്നും എഴുതി തന്നിരിക്കുന്ന ആധാരങ്ങൾ ഒ
ക്കെയും എന്റെ മുത്തപ്പൻ തമ്പുരാന്റെ തിരു
മുമ്പിൽ കൊണ്ടുചെന്നു വെച്ചു സക്കാരിൽനി
ന്നും ഞങ്ങൾക്കു വരുവാനുള്ള രൂപാ ഞായംപറ
ഞ്ഞ പെരിആയിട്ടു വാങ്ങിക്കണമെന്നും എന്റെ
മുത്തപ്പന്റെ മനസിൽയില്ലായെന്നും തമ്പുരാ
ന്റെ തിരുമനസ ഉണ്ടായിട്ടു കല്പിച്ചു ഞങ്ങളു
ടെ കടങ്ങൾ ഒക്കെയും സക്കാരിൽനിന്നും വീട്ടി
ച്ചു രക്ഷിച്ചുകൊണ്ടാൽ മതിയെന്നും എന്റെ മു
ത്തപ്പൻ എറിയ സങ്കടങ്ങളായിട്ടു തിരുമനസ അ
റിയിച്ചാറെ പിതൃകർമ്മങ്ങൾക്കും പുണ്യഫലങ്ങ
ൾ സിദ്ധിക്കേണ്ടുന്നതിനും മററ അത്യാവശ്യങ്ങ
ൾക്കും ഞങ്ങളോടു സക്കാരിൽ വാങ്ങിച്ചിരിക്കു
ന്ന രൂപാ ആകകൊണ്ടു ആയതു നെരപൊലെ
തീർത്ത ചെരി ആയിട്ടു തരാഞ്ഞാൽ പുണ്യത്തി
നും മാനത്തിനും പൊരായെന്നും തമ്പുരാൻ തിരു
മനസകൊണ്ടു കല്പിച്ചു ആധാരങ്ങളും തിരിയെ
തന്നു ഞങ്ങളുടെ കണക്കുകൾ വെഗത്തിൽ തീ
ർത്തു തരത്തക്കവണ്ണം വെലുത്തമ്പിദളവായൊടു
ഉണ്ടാം ഉത്തരം എത്രയും താല്പര്യമായിട്ടു തമ്പു
രാന്റെ കല്പന ഉണ്ടായാറെ പിന്നെയും ദളവാ
കണക്കുകൾ തീർത്തു തരാതെ എന്റെ മുത്തപ്പ
നെ തിരുവനന്തപുരത്തുനിന്നും അയപ്പാനുള്ള
വഴി വിജാരിക്കകൊണ്ടു ആ അവസ്ഥ എന്റെ
മുത്തപ്പൻ പത്മനാഭൻ ചെമ്പകരാമപ്പിള്ള
യൊടു പറഞ്ഞയച്ചു തമ്പുരാന്റെ തിരുമനസ

അറിയിച്ചാറെ ധനുമാസം 25നു- കാലത്തെ എന്റെ മുത്തപ്പനും ഞാനും തമ്പുരാന്റെ തിരുമുമ്പിൽ ചെല്ലുണമെന്നും വെച്ചു ആള വരികകൊണ്ടു അപ്രകാരം ഞങ്ങൾ തിരുമുമ്പിൽ ചെന്നാറെ മകരമാസം 1നു- ലക്ഷദീപം കഴിഞ്ഞ ഉടനെ തമ്പുരാന്റെ തിരുമുമ്പിൽ വച്ചുതന്നെ കണക്കുകൾ ഒക്കെയും നെരുപൊലെ തീൎത്തുതരാമെന്നും ദളവാ പറയുന്നതിനെ പ്രമാണിച്ചു ഭയപ്പെട്ടു പൊകെണ്ടായെന്നും തമ്പുരാൻ തിരുമനസകൊണ്ടു കല്പിച്ചു ഞങ്ങളെ അയച്ചതിന്റെശെഷം ആ അവസ്ഥ ദളവാ അറിഞ്ഞാറെ എത്രെയും വളരെ ദെഷ്യപ്പെട്ടു ഒരു മറയും മടിയും ഭയവും കൂടാതെ എന്റെ മുത്തപ്പനെ തമ്പുരാന്റെ തിരുമുമ്പിൽ ചെന്ന സങ്കടങ്ങൾ തിരുമനസറിവിപ്പാനും തിരുവനന്തപുരത്തു പാൎപ്പാനും വഹിയാമെന്നും കൊല്ലത്തിന്ന തെക്കൊട്ടയ്ക്കു ചെന്നാൽ കൊല്ലുമെന്നും ദളവാ പറഞ്ഞവിര വധിച്ചു അരിക്കാരെക്കൂടെ കൂട്ടി 27നു- എന്റെ മുത്തപ്പനെ കൊല്ലത്തകൊണ്ടുവന്ന ആക്കകകൊണ്ടു ഞങ്ങൾ സങ്കടപ്പെട്ടു പെടിച്ചു വീട്ടിൽ പൊന ഒന്നിനും പൊകാതെ പാൎത്തുപൊരികെയും ചെയ്തു.

നാലാമത മെലെഴുതിയ പ്രകാരം ഞങ്ങൾ വീട്ടിൽ പാൎത്തിരിക്കുമ്പൊൾ ഒരു സംഗതി കൂടാതെ മെലെഴുതിയ ദളവാ എന്റെ മുത്തപ്പനെയും എന്നെയും പിടിച്ചു പാറാവിൽ ആക്കി ഒരു ദിവസത്തിൽ ഒരിക്കൽ അസ്തമിക്കുമ്പൊൾ ഊട്ടുപെരയിൽനിന്നും സൎവ്വാണിയ്ക്കു വെയ്ക്കുന്ന ചൊറെ ഞങ്ങൾക്ക തിന്മാൻ കൊണ്ടുവന്നു തരാവുവെന്നും അല്ലാതെ ഒരു വസ്തുവും ഞെ

ങ്ങൾക്ക തിന്മാൻ തന്നുകൂടായെന്നും ഞെങ്ങളുടെ അടു
ക്കൽ ഒരുത്തരും വന്നുകാണുവാനും പറവാനും എഴുതു
വാനും വഹിയായെന്നും വിററില തിന്നുകയും പായും
തലവണയും വിരിച്ചു കെടക്കുകയും മുണ്ടു മാറുകയും ക
ളിയ്ക്കയും ഇങ്ങനെ ഞെങ്ങൾക്ക വേണ്ടുന്നതിൽ ഒന്നും
തിന്മാനും പ്രവൃത്തിപ്പാനും വഹിയായെന്നും ഇടവ
മാസം 1നു- കാവൽകാൎക്ക കല്പനകൊടുത്തു ഞെങ്ങൾ
ക്ക സഹിയ്ക്കാൻ വഹിയാത്തവണ്ണം ഉള്ള ഞെരുക്കങ്ങ
ൾ പല ക്രൂട്ടവും ചെയ്തു ഞെങ്ങളുടെ വക ആയിട്ടും തറ
വാട്ടിൽ കുഞ്ഞുകുട്ടികളുടെ വക ആയിട്ടും എഴുപത്തിര
ണ്ടായിരത്തി ശില്ലുവാനം രൂപാടെ ആഭരണങ്ങൾ ഒ
ണ്ടായിരുന്നത ഒക്കെയും വാങ്ങിച്ചു അതിൽ ഏതാനും
ഉരുക്കി ചെതംവരുത്തിയും ഉരുക്കന്നൊടത്തു കളഞ്ഞും
കൊറഞ്ഞ വെലവെച്ചു എടുക്കയും ഏതാനും ഒന്നു
ക്ക കാവാശി വെലവെച്ചു ദളവായ്ക്കു ബൊധിച്ചവരുടെ
പെരുവെച്ചു വിയ്ക്കുകയും ചെയ്തു എല്ലാംകൂടെ മുപ്പ
ത്തി എഴായിരത്തി ശില്ലുവാനം രൂപാ ആയിട്ടു വെല
വെച്ചു എടുത്തതിന്റെ ശെഷം ആയതു പൊരായെ
ന്നും ഇരുനൂറായിരം രൂപാ പെഴ ചെയ്യണമെന്നും പറ
ഞ്ഞു പിന്നെയും ശരക്കുകൾ ഒന്നുക്ക പാതി വെലവെ
ച്ചു വിപ്പിച്ചു ഇരുപത്താറായിരത്തി ശില്ലുവാനം രൂപാ
ടെ സാമാനങ്ങൾ വാങ്ങിച്ചു ഞെങ്ങൾക്ക സൎക്കാരിൽ
നിന്നും തരുവാനുള്ള രൂപായിൽ നൂറായിരം രൂപാ
ഞെങ്ങൾ പററിയ പ്രകാരം ഒരു പററുശീട്ടും ഇരുനൂ
റായിരം രൂപാ പെഴ ചെയ്യണമെന്നും വെച്ചു ഒരു ക
ച്ചീട്ടും ദളവാടെ മനസ്സിൽ ബൊധിച്ച പ്രകാരം എഴു
തി ഉണ്ടാക്കിച്ചു എന്റെ മൂത്തപ്പനെക്കൊണ്ടു ഒപ്പിടു

വിച്ച വാങ്ങിച്ച മിഥുനമാസം 24നു- എന്റെ മുത്തപ്പനെയും എന്നെയും വിട്ടയയ്ക്കകൊണ്ടു ഞെങ്ങൾ എത്രയും വളരെ സങ്കടത്തൊടെയും ഭയത്തൊടെയും വീട്ടിൽ പൊന്ന പാത്തിരിക്കുമ്പൊൾ സക്കര വകയ്ക്കു വെണ്ടി എന്റെ മുത്തപ്പൻ നവരൊശിക്ക എറവുകൊടുത്തിരുന്ന വിരാകൻ സക്കാരിൽനിന്ന കൊടുക്കാതെ റെസ്സിഡെന്തി കണ്സൽ കൊലിൻ മക്കൊളിസായ്പ അവർകളുടെ കല്പനക്കുടെ ഒണ്ടായിട്ടു രാമലിംഗം മുതലിയാരുംകൂടെ കൂടി എൺപതാമാണ്ടു മീനമാസം മുതൽക്കു എറിയൊര അവമാനങ്ങളായിട്ടു ഒക്കെയും പറകെയും കാണിക്കെയും ചെയ്തു എന്റെ മുത്തപ്പനെ പിടിച്ച പാറാവിലാക്കി മനസമുട്ടിച്ച ഞെങ്ങളുടെ വക ആയിട്ടു ഒണ്ടായിരുന്ന ശരക്കുകളും വസ്തുക്കളും കപ്പലും ഒന്നുക്കു പാതി വെലക്കു വിപ്പിച്ച 81 മാണ്ടു മീനമാസം 8വരെ ആ വക കടവും ഞെങ്ങളെക്കൊണ്ടുതന്നെ വീട്ടിച്ച വിട്ടയയ്ക്കയും ചെയ്തു.

അഞ്ചാമത 75 മാണ്ടു കക്കടകമാസം 23നു- അനന്തപത്മനാഭൻ പൂന്തുറവെച്ചും 80 മാണ്ടു കുംഭമാസം 27 നു- കൊല്ലത്തെ തങ്കച്ചെരിയിൽവെച്ചും റെസ്സിഡെന്തി കണ്സൽ കൊച്ചിൻ മക്കൊളിസായ്പ അയച്ചതിന്റെ ശെഷമായിട്ടു 81 മാണ്ടു മെടമാസം 20 നു- എന്റെ മുത്തപ്പന്റെ അനുജൻ മല്ലാനച്ചനെ മക്കൊളിസായ്പ അവർകൾ ആള അയച്ച പൊഞ്ഞിക്കരെ കൂട്ടിച്ചുംകൊണ്ടു പൊയി മൂന്നാമത്തെ നാളതിയിൽ എഴുതിയിരിക്കുന്ന സക്കാരും ഞെങ്ങളുമായിട്ടുള്ള കണക്കുകൾ നെരപൊലെ വിസ്തരിച്ചതിത്ത്രുപാ ചെരി ആയിട്ടു വാങ്ങിച്ച തരാമെന്നും എന്റെ മുത്തപ്പ

നെയും കൂട്ടിച്ചുംകൊണ്ടു ചെല്ലുന്നമെന്നും എറിയൊരു ഉന്നങ്ങളായിട്ടു ഒക്കെയും മക്കാളിസായ്പ അവർകെൾ മല്ലാനച്ചനൊടു കല്പിച്ചു അയച്ചാറെ മെലെഴുതിയ സങ്ങതികളെക്കൊണ്ടു പിന്നെയും എന്റെ മുത്തപ്പൻ ഭയപ്പെട്ടു അപ്രകാരം ചെല്ലാഞ്ഞതിന്റെ ശെഷം മിധുനമാസത്തിൽ ദളവാ വരാപ്പുഴപള്ളിയിൽ മക്കാളി സായ്പ അവർകളെ കാണുന്നതിന്നു വന്നാറെ സക്കാരിനിന്നും ഞെങ്ങൾക്കു എഴുതി തന്നിരിക്കുന്ന ആധാരങ്ങൾ ഒക്കെയും എന്റെ മുത്തപ്പനെ കൊണ്ടുതന്നെ വരുത്തി ദളവാ 13നു- എന്റെ മുത്തപ്പനെ മക്കാളിസായ്പ അവർകളെ എല്പിച്ചുകൊണ്ടു സക്കാരും ഞെങ്ങളുമായിട്ടു ഉള്ള കണക്കുകെൾ മക്കാളിസായ്പ അവർകെളുടെ അടുക്കൽവെച്ചു വിസ്തരിച്ചു തീക്കണമെന്നും വെണ്ടുംവണ്ണം ദളവാ പറഞ്ഞുംകൊണ്ടു പൊയതിന്റെ ശെഷം മക്കാളിസായ്പ അവർകെൾ എറിയൊരു ഉന്നങ്ങളായിട്ടും തെകവായിട്ടും ഞെങ്ങളൊടു പല കൂട്ടങ്ങളും കല്പിക്കയും ഞെങ്ങൾ പലകൂട്ടം സങ്കടങ്ങൾ ബൊധിപ്പിക്കയും ചെയ്തു വെണ്ടുംവണ്ണം ആയിട്ടു നടന്നുവരുമ്പോൾ 82 മാണ്ടു തുലാമാസം 4 നു- ദളവാ പൊഞ്ഞിക്കര വന്നു മക്കാളിസായ്പ അവർകെളെ കണ്ടുംകൊണ്ടു പൊയതിന്റെശെഷം ഞെങ്ങളുടെ കാൎയ്യങ്ങൾ വിജാരിച്ചു നടക്കുന്നവരെ ഒക്കെ ദളവാ ഭയത്തിലും നയത്തിലും സ്വാധീനമാക്കുകെയും അതിൽ മെലെഴുതിയ കാൎയ്യസങ്ങതികൾ അറിഞ്ഞിരിക്കുകെയും മുതൽ ശുമതല പലവകെകളും ഞെങ്ങളൊട ഉത്തരിക്കെയും ചെയ്യുന്നവരെ ഒക്കെയും ദളവായ്ക്കു സ്വാധീനമായിട്ടു പൊറപ്പെടുകയും അവക്കു ഒക്കെയും ദളവാ ഉന്നങ്ങ

ൾ ചെയ്തുകൊടുക്കയും ഞങ്ങൾ പറയുന്നതിനെ കെൾ
പ്പാൻ ഭയപ്പെട്ട ആരും ഇല്ലാതെ വന്നിരിക്കയും ചെ
യ്യുമ്പൊൾ രാത്രികാലങ്ങളിൽ ആളറിയിക്കാതെ ഞ
ങ്ങളെ കൊല്ലുന്നാമെന്നുംവെച്ചു ഒളുവാ രഹസ്യത്തിലെ
ആളുകളെ അയയ്ക്കയും ഞങ്ങൾ പ്രാണഭയത്തോടെ
സങ്കടപ്പെട്ട നടക്കുകയും മക്കാളി സായ്പ അവർകൾ
ക്കെക്കയും നിദാനംവരുത്തി തരാമെന്നും കല്പിച്ച വരികെ
യും ചെയ്യുമ്പൊൾ ജെർച്ചു യൂസ സായ്പ അവർകെ
ളും രാമലങ്ങം മുതലിയാരും താണവൻ ചെമ്പകരാമ
പ്പിള്ള സർവാധികാര്യക്കാരരും വയ്ക്കത്തു പത്മനാഭപി
ള്ളയും ഞങ്ങളുടെ ആളുകെളിൽ ഒളുവായ്ക്കു സ്വാധീന
മായവരിൽ ശങ്കരപ്പിള്ളയും പെരുമപിള്ളയും മുളു
വൈരൻപിള്ളയും കൊച്ചുട്ടി കുരുവിളയും ഉഴക്കൻ
തൊമായും ചാവടി പൈലൊയുംകൂടെ പൊഞ്ഞിക്കരെ
വെച്ചു മകരമാസം 1 നു- മുതൽ കണക്ക നൊക്കുകയും
കെൾക്കുകയും എന്റെ മുത്തപ്പൻ പറയുന്നതിന്റെ
ശെഷമായിട്ട വയ്ക്കത്തു പത്മനാഭപിള്ള വാക്ക അസ
ഭ്യങ്ങൾ പറകയും 6നു- മക്കാളി സായ്പ അവർക
ൾകൂടെ വന്നിരുന്ന എല്ലാവരെയും കല്പിച്ച അയയ്ക്ക
കയും ചെയ്തതിന്റെശെഷം പിന്നത്തതിൽ ഞങ്ങ
ളുടെ വക തത്തംപള്ളിലെ വീട പൊളിപ്പിക്കുന്നതിന
ഒളുവാ ആനകളെ വരുത്തുകയും കുന്തുകട്ടികളെ ക
ക്കെയും മാവേലിക്കര കൊട്ടക്ക കുത്ത കൊണ്ട ചെന്ന
പാർപ്പിക്കുന്നാമെന്നും ഒളുവാ പറഞ്ഞ പൊറപ്പെടുകയും
ആയ്തു കെട്ട ഞങ്ങൾ പരിഭ്രമിച്ച മക്കാളി സായ്പ
അവർകളെ ബൊധിപ്പിപ്പാൻ ചെന്നാറെ കണ്ട പറ

യാൻ സമയമില്ലെന്ന വഴികകൊണ്ട 10 നു- കൊടുങ്ങല്ലൂർ ചെന്ന ജെംമെ സട്ടന്മന്ത സായ്പ അവർകളെ കണ്ട എന്റെ മുത്തപ്പൻ സങ്കടങ്ങൾ ബൊധിപ്പിക്കെയും ചെറുവാ മണപ്പുറത്ത പാപ്പിനവട്ടത്ത എന്ന ദെശത്തെ കമ്പഞ്ഞ പ്പാട്ടത്തിൽ ഒരു വീടിന്ന സ്ഥലം തരാമെന്നും അവിടെ പെത്ത്ര കൊള്ളത്തക്കവണ്ണവും അനുകൂലമായിട്ട കല്പന തരികയും ചെയ്തുകൊണ്ട 11 നു- ഞാൻ കത്തിയത്തൊട്ടങ്കൽനിന്നും കുഞ്ഞുകുട്ടികളെയും കൂട്ടിച്ചുംകൊണ്ട കുടി പൊറപ്പെട്ടുപൊയി ചെറുവാം മണപ്പുറത്തു ചെന്ന പാപ്പാൻ സങ്ങതി വരികെയും ചെയ്തു.

ആറാമത മെലെഴുതിയ പ്രകാരം ഞെങ്ങൾ ക്രൂട്ടത്തൊടെ പെടിച്ചും സങ്കടപ്പെട്ടും കുടിപുറപ്പെട്ട ചെന്ന ചെറുവാമണപ്പുറത്ത പാത്തിരിക്കുംമ്പൊൾ മെലെഴുതിയ ആണ്ട കുംഭമാസം 15 നു- എന്റെ മുത്തപ്പനെ മക്കാളി സായ്പ അവർകൾ ആള അയച്ചു പൊഞ്ഞിക്കരെക്കൂട്ടിച്ചുംകൊണ്ട പൊകയും അവ്വിടെ ചെന്നാറെ കാമാനും പറവാനും സങ്ങതിവരുത്താതെ പാപ്പികയും കുഞ്ഞുകുട്ടികളെ ഒക്കെയും കത്തിയത്തൊട്ടങ്കൽ തന്നെ അയച്ചു പാപ്പിക്കണമെന്നും കല്പിച്ചു അയക്കയും റെവൻ ഡാക്കത്തെർ ക്ലൊഡിസ ബുക്കാനൻ സയ്പ അവർകൾ ഞെങ്ങൾക്കു സഹായമായിട്ട കട്ടാസ തരികെയും ആയ്ത മക്കാളി സായ്പ അവർകൾക്കു കൊടുപ്പിച്ചാറെ എത്രെയും വളരെ ദേഷ്യപ്പെട്ട എന്റെ മുത്തപ്പനെ ഉലവാടെ കയ്യിൽപിടിച്ചു കൊടുത്ത കൊല്ലിക്കരെന്ന കല്പിച്ചു പ്രകാരം കെട്ട പ്രാണഭയത്തൊടെ

പാൎക്കയും ചെയ്യുമ്പൊൾ 27 നു- ഇങ്കിരെശ എഴു
തിൽ ഒരു കട്ടൊസകണക്ക മക്കാളിസായ്പ അവൎക
ളുടെ കല്പനക്ക റസിഷ്ടർ ജാഞ്ചിത്തുപ്പാസി എന്റെ മുത്ത
പ്പന്റെ പററിന കൊണ്ടുവന്ന കൊടുത്ത വായിപ്പിച്ചു
നൊക്കുവാൻ കല്പനയെന്ന പറഞ്ഞയച്ചു പൊകയും ആയ്ത
വായിപ്പിച്ചു നൊക്കിയാറെ വെണ്ടുംവണ്ണം വിവരമായിട്ട
ഒന്നും അറിവാൻ പാടില്ലാതെയും പതിനാലുന്നൂറായി
രം ശ്രുപായിലകം ഞെങ്ങൾക്ക വരുവാനുള്ളത എൺപ
ത്തയ്യായിരത്തിശല്ലു ഗഡന്നം ശ്രുപായായിട്ടുതീൎത്ത പ്രകാ
രവും മുമ്പിലത്തെപൊലെതന്നെ ഞെങ്ങൾ സൎക്കാരക
ടിയാനെന്നും ബെഹുമാനപ്പെട്ട ബ്രിഷ്ടിസ ഗൊവെൎണ്ണ
മെന്തിന്റെ സമുക്ഷത്തിൽ സംക്ഷെപമായിട്ടു കട്ടൊ
സകണക്കെയും ചെയ്യുന്റെ പ്രാണഭയംകൊണ്ടു ഒന്നും
പറവാനും പ്രവൃത്തിപ്പാനും വഹയാതെ കൂട്ടത്തൊ
ടെ എത്രെയും വലിയ സഹിക്കാത്ത പ്രാണസങ്കടത്തൊ
ടെയിരിക്കുംപൊൾ മിഥുനമാസം 10നു- എന്റെ മു
ത്തപ്പനും മൽപ്പിതാവ്വും ഞാനും സൎക്കാരിൽനിന്നും
എഴുതിതന്നിരിക്കുന്ന ആധാരങ്ങളും എടുത്തുകൊണ്ടു
ചെറവുവായിൽ ചെല്ലണമെന്നും മക്കാളിസായ്പ അ
വൎകളുടെ കല്പന ഉണ്ടാകെയും ഭയപ്പെട്ട ഞെങ്ങൾ
പെൎപ്പുകൾ എഴുതി എടുത്തും കൊണ്ടു ആധാരങ്ങളും
കൊണ്ടു ചെല്ലുകെയും മക്കാളിസായ്പ അവൎകൾ
ഞെങ്ങളൊടു ആധാരങ്ങൾ വാങ്ങിച്ചുംകൊണ്ടു ഞാൻ
കൊല്ലത്ത മല്ലവാടെ അടുക്കൽ ചെന്ന കണക്ക തീൎത്ത ശ്രു
പായും വാങ്ങിച്ചുകൊണ്ടു വരണമെന്നും കല്പിച്ചാറെ
നിലയില്ലാത്ത സങ്കടത്തൊടെയും ഭയത്തൊടെയും ഞെ
ങ്ങളെ രെക്ഷിച്ചുകൊള്ളണമെന്നും മൂന്നാമത്തെ സങ്ക

തിയിൽ കണക്കുകൾ കെട്ടയിരിക്കുന്നപ്രകാരം സങ്ക
ടങ്ങൾ പലകൂട്ടവും ഞങ്ങൾ ബോധിപ്പിക്കുകെയും അ
തിന്റെ ശേഷം ഞങ്ങളുടെ കാൎയ്യങ്ങൾ ഒക്കെയും വെ
ണ്ടുംവണ്ണം മക്കാളി സായ്പ അവൎകളുടെ ഉദ്യോഗ
പൊസ്ഥകത്തിൽ എഴുതിയിട്ടും ബെഹുമാനപ്പെട്ട ഗൊ
വണ്ണമെന്തിൽ ബോധിപ്പിച്ചിട്ടും ഒണ്ടെന്നും മക്കാ
ളിസായ്പ അവൎകൾ പൊയാലും ആ ഉദ്യോഗ
ത്തിൽ വരുന്നവര ഞങ്ങളെ പ്രത്യേകമായിട്ട വിജാരി
ച്ച അധികം മാനവിശ്വാസത്തോടെ നടത്തി രെക്ഷി
ക്കുമെന്നും ഒന്നാമത്തെ സങ്കതിയിൽ ഒണ്ടായ അവസ്ഥ
കൾകൊണ്ടും കൊല്ലത്ത ഞാൻ ചെന്നാൽ ഡാക്ക
ത്തര കെനിത്ത മക്കാളിസായ്പ അവൎകളും കൂ
ടെയിരുന്ന മൂന്നാമത്തെ സങ്കതിയിൽ കെട്ട പ്രകാരം
വിസ്ഥരിച്ച തീൎത്തുതരുമെന്നും മക്കാളി സായ്പ അ
വൎകൾ മുഖാന്തിരത്തിൽ ഒര ഒടമ്പടി ചെയ്തിട്ടു
ണ്ടയെന്നും ദെള്ളവായ്ക്കു മുമ്പിലത്തെപൊലെ ഒന്നും ഇ
പ്പൊൾ ചെയ്തുകൂടായെന്നും ഒന്നുകൊണ്ടും പെടിക്കെ
യും സങ്കടപ്പെടുകെയും ചെയ്യണ്ടായെന്നും ഇങ്ങനെ എ
റിയൊത്ത വിശ്വാസമായിട്ടും മെവരതായിട്ടും പല കൂ
ട്ടങ്ങളും മക്കാളി സായ്പ അവൎകൾ ഞങ്ങളെട്ടു
കല്പിച്ചുംവെച്ച സൎക്കാരിൽനിന്നും എഴുതിതന്നിരിക്കു
ന്ന ആധാരങ്ങളും ഡാക്കത്തര മക്കാളിസായ്പ അ
വൎകൾക്ക കടദാസും എഴുതികൊടുത്ത ശിന്ന കണ്ണു
പ്പിള്ള അരിക്കാരനെ കൂട്ടി എന്നെ കൊല്ലത്ത അയ
ക്കുകെയും ഞങ്ങളും അയക്കു ഒക്കെയും നല്ല നെരയെ
ന്ന വിശ്വസിച്ച 25നു- ഞാൻ കൊല്ലത്ത പൊകയും
ചെയ്തുറെ ഡാക്കത്തര കെനിത്ത മക്കാളിസായ്പ

അവർകെൾ എന്നെ ദളവാടെ അടുക്കൽ കൊണ്ടു ചെന്ന കാണിയ്ക്കയും അരിക്കാരനെ കൊണ്ടു ആധാരങ്ങൾ കൊടുപ്പിക്കയും മക്കാളി സായ്പ അവർകെൾ എന്നെ അയയ്ക്കുംപൊൾ കല്പിച്ചു അയച്ചതിൽ ഒരു വസ്തുവും പറയാതെയും ഡാക്കത്തെര മക്കാളിസായ്പ അവർകെൾക്കൂടെ വന്നായിരിയ്ക്കാതെയും കടുദാസു കണക്കിൽ എഴുതിയപ്രകാരം തന്നെ എൺപത്തൊയിരത്തിശില്ലുവാനം രൂപാ തരായിട്ടു ദളവ കണക്കതീത്ത അതിൽ അൻപത്തൊൻപതിനായിരത്തിശില്ലുവാനം രൂപാ മക്കാളി സായ്പ അവർകെൾക്കു കമ്മസം വകയ്ക്കു കൊടുത്തിരിക്കുന്നുവെന്നും ശെഷം ഇരുപത്താറായിരത്തി ശില്ലുവാനം രൂപാ തരാമെന്നും പറഞ്ഞു അപ്രകാരം കണക്കതീത്ത രൂപാ തരാമെന്നും പറഞ്ഞു അപ്രകാരം കണക്കതീത്ത രൂപാ പററിയ പ്രകാരം കക്കടകമാസം 22നു- ഒരു തീരുവശീട്ടു എഴുതി ഒപ്പാക്കിച്ചു എന്റെ പററിൽ തന്നെ ആയ്തു വെഗത്തിൽ എന്റെ മുതല്പ്പിനെകൊണ്ടു ഒപ്പിടുവിച്ചു വരുത്തി തന്ന രൂപായും വാങ്ങിച്ചുകൊണ്ടു പൊയ്ക്കൊള്ളണമെന്നും ദളവാ പറകെയും ആ അവസ്ഥകെള്ളാം മക്കാളി സായ്പ അവർകെൾ കല്പിച്ചു അയച്ച അവസ്ഥയും രൂപാ അൻപത്തൊൻപതിനായിരത്തിശില്ലുവാനവും മക്കാളിസായ്പ അവർകെൾ പററിയ്തു ഉള്ളത തന്നെയൊ യെങ്ങിനെയെന്നും ഞാൻ ഡാക്കത്തെര മക്കാളി സായ്പ അവർകെളെ ബൊധിപ്പിയ്ക്കുകെയും അതിന്റെശെഷം നമുക്കു ഒന്നും എഴുതിയിട്ടില്ലായെന്നും കല്പിയ്ക്കുകെയും പിന്നത്തതിൽ സങ്കടങ്ങൾ ബൊധിപ്പിയ്ക്കുംപൊൾ അറിക്കൂടായെന്ന ദെഷ്യപ്പെട്ടു കല്പിയ്ക്കു

യും ചെയ്യുവരുംപൊറം ഡാക്കത്തെര മക്കാളിസായ്‌പ
അവർകെറം കൊട്ടങ്ങല്ലൂക്ക പൊകയും അന്നെരം ഞാ
ൻ ഓടിച്ചെന്ന എന്നെക്കൂടെ കൊണ്ടുപൊകെണമെന്ന
പ്രാണഭയത്തൊടെ അപെക്ഷിയ്ക്കയും അതിന്റെശെ
ഷം ഞാൻ കൊണ്ടുപൊകയില്ലായെന്നും നിനക്ക പൊ
കെണമെങ്കിൽ ഒളവായൊടെ പറഞ്ഞുകൊണ്ടു പൊ
യ്ക്കൊള്ളണമെന്നും കല്പിച്ചെച്ചുപൊകയും എന്നെക്കൂടെ
ക്കൂട്ടി അയച്ച അരിക്കാരൻ കൊട്ടങ്ങല്ലൂക്ക ചെല്ലണ
മെന്ന കല്പനവന്ന അപ്രകാരം അധികാരൻ പൊക
യും ചെയ്യതിന്റെശെഷം തീരുവശീട്ട ഞാൻതന്നെ
എന്റെ മൂത്തപ്പന്റെ അടുക്കൽ കൊണ്ടുചെന്ന ഒപ്പി
ടുവിച്ചുംകൊണ്ടു വരാമെന്നും ഞാൻ ഒളവായുടെഅടുക്കൽ
ചെന്ന പറകെയും അതിന്റെശെഷം തീരുവശീട്ട ഒ
പ്പിടുവിച്ച വരുത്തിത്തന്ന രൂപായും വാങ്ങിച്ചുംകൊണ്ടു
അല്ലാതെ നീ ഇവിടെനിന്നും പൊയിക്കൂടായെന്നും
ദെഷ്യഭാവത്തൊടെ ഒളവാ പറകെയും ആ സങ്ങതി
യിങ്കൽ ഞാൻ അവ്വുടെനിന്നും പൊരികെയും വിപ
രീതമായിട്ട ഒന്നും കാണിയ്ക്കയും പറകെയും ചെയ്യാ
ൽ അവ്വുടെവെച്ച എങ്കിലും വഴിയിൽവെച്ച എങ്കിലും
ഒളവായെന്നെ കൊല്ലിയ്ക്കുന്നതിന മടിയ്ക്കയില്ലായെന്നും
ഞാൻ കണ്ടാറെ ജീവനെയും രെക്ഷിച്ചുംകൊണ്ടു പൊ
രുവാൻ ഒരു വഴിയില്ലാതെ പ്രാണഭയത്തൊടെ സങ്ക
ടപ്പെട്ട കൊല്ലത്ത പാത്റുംകൊണ്ടു ഒപ്പിടുവാനുള്ള തീ
രുവശീട്ട എന്റെ മൂത്തപ്പന കൊടുത്തയച്ചാറെ എ
ന്റെ മൂത്തപ്പൻ കൊട്ടങ്ങല്ലൂരചെന്ന മക്കാളിസായ്‌പ
അവർകെളെകണ്ടു സങ്കടം ബൊധിപ്പിയ്ക്കകെയും അ
തിന്റെശെഷം അൻപത്തി ഒൻപതിനായിരത്തി ശി

ല്ലുവാനം രൂപാ മക്കാളി സായ്പ അവർകെൾ പററി യ്യു ഉള്ളത അനുകനാവെന്നും ഒരു തക്കവും തടതയും പറ യാതെ തീരുവശീട്ട വെഗം ഒപ്പിട്ട കൊടുത്തയച്ചാൽ എന്നെ ദളവാ ഒന്നും ചെയ്യാതെ ഇരുപത്താറായിര ത്തിശില്ലുവാനം രൂപായും കൊടുത്തയയ്ക്കുമെന്നും മുമ്പി ലത്തെ ഭാവംപൊലെ അല്ലാതെ മക്കാളിസായ്പ അ വർകെൾ കല്പിയ്ക്കയും അതിന്റെശെഷം എന്റെ മു ത്തപ്പന സങ്കടംകൊണ്ടു മതിമറന്ന ഒന്നും പറയാതെ പൊന്ന മെലെഴുതിയ കാര്യങ്ങൾക്ക ഒക്കെയും ലെഖ്യ സാക്ഷിയും അനുഭവസാക്ഷിയും ഉണ്ടാകകൊണ്ടു ഒ ട്ടും നെരു കെൾപ്പാൻ സങ്ങതി വരുത്തുമെന്നും നിശ്ച യിച്ച എന്റെ ജീവരക്ഷയെ അനുഗ്രഹിച്ചതീരുവശീട്ട ഒപ്പിട്ടകൊടുത്തയയ്ക്കുകെയും ഞാൻ ആ തീരുവശീട്ട ദ ളവായ്ക്കു കൊടുക്കുകയും അപ്രകാരം ദളവാടെ പെക്ക തീരുവശീട്ടും ഇരുപത്താറായിരത്തിശില്ലുവാനം രൂപാ യും ദളവാ തരികെയും ഒന്നും പറയാതെ ആയ്യും വാ ങ്ങിച്ച ജീവനെയും രക്ഷിച്ചുകൊണ്ടു കക്കടകമാസം 28നു ഞാൻ കൊല്ലത്തുനിന്നും പൊരികയും ചെയ്തു

എഴാമതു കണെക്കകെൾ തീത്തിരിക്കുന്നപ്രകാ രം എങ്ങിനെയെന്നാൽ രണ്ടാമത്തെ സങ്ങതിയിൽ പെ ഴയ്ക്കു എന്നുംവെച്ച നൂറായിരത്തി എൺപതിനായിരം രൂപായൊളം ഞെങ്ങളൊട വാങ്ങിച്ചിരിക്കുന്നത സങ്ങ തി ഉള്ളത അല്ലാഴികകൊണ്ടു ഞെങ്ങൾക്ക തിരിയെ തരത്തക്കവണ്ണം തമ്പുരാന്റെ കല്പന പല സങ്ങതി യിലും തെകവ ആയിട്ട ഉണ്ടായിരിക്കുന്നതും അത പ്രമാണിച്ച അനുഭവസാക്ഷികെൾ ഉള്ളതും ഒന്നാമ ത്തെ സങ്ങതിയിങ്കൽ ഉണ്ടായ അവസ്ഥകളും വിസ്ഥ

രിക്കാതെ ആ പെഴകൊടുക്കെണ്ടുന്നതല്ലാകുന്നുവെന്നും പറഞ്ഞ ൟരുപത്തിമൂവായിരത്തിശില്ലുവാനം രൂപാ കൂടെ.കൂട്ടി ൟരുനൂറായിരം രൂപാ തൊകച്ച ഞങ്ങൾക്ക തരെണ്ടത അല്ലായെന്നുംപറഞ്ഞ തള്ളിയിരിക്കുന്നു.

നാലാമത്തെ സങ്ങതിയിൽ എഴുതിയിരിക്കുന്ന പെഴയ്ക്കു സങ്ങതിയില്ലായെന്നും ആ വകയ്ക്കു വാങ്ങിച്ചിരിക്കുന്ന രൂപാ ഞെങ്ങൾക്ക തിരിയെതരണമെന്നും പറഞ്ഞതിൻെറ ശെഷം ആഭരണെങ്ങളിൽ മുപ്പത്തിനാലായിരത്തിശില്ലുവാനം രൂപാ വെലയിൽ കൊറച്ച ഉപ്പാടെ മനസിൽ ബൊധിച്ച പ്രകാരം എടുത്തിരിയ്ക്കുന്ന വകയും ശരക്കുകളിൽ ൟരുപത്തയ്യായിരത്തിശില്ലുവാനം രൂപാ മെലെഴുതിയപ്രകാരം ചെതം വരുത്തിവിപ്പിച്ചിരിക്കുന്നതും പൊറക്കാട്ട ജെനാർദ്ദന പൈയ്യക്കൊണ്ട പതിനാലായിരത്തിശില്ലുവാനം രൂപാടെ നാണിഭങ്ങൾ കൊടുപ്പിച്ചിരിക്കുന്നതും കണക്കിൽ ഒരു വസ്തും പറയാതെയും വിസ്തരിക്കാതെയും തള്ളിയിരിക്കുന്നു.

മെലെഴുതിയ സങ്ങതിയിൽതന്നെ നവരൊശിയുടെ കടത്തിന്ന കപ്പലും ശരക്കുകെള്ളും ചെതം വരുത്തിവിപ്പിച്ചിരിക്കുന്നവകെയ്ക്കു മുപ്പത്തിനായിരത്തിശില്ലുവാനം രൂപാ ഞെങ്ങൾക്ക തരുവാൻ ഞായമുള്ളതും കണക്കിൽ ഒന്നും പറയാതെയും വിസ്തരിക്കാതെയും തള്ളിയിരിയ്ക്കുന്നു.

മെലെഴുതിയ സക്കാര വകയിൽനിന്നും എൻെറ മുത്തപ്പൻ പലവക കത്തുകളും കച്ചവടങ്ങളും എറാമ

നടന്ന വക കൃത്യങ്ങൾ മൂന്നാമത്തെ സങ്ങതിയിൽ കെട്ടാറെ എഴുപതിനായിരത്തി ശില്വാനം രൂപാ സക്കാരവകയ്ക്കു കെട്ടപ്പാനുണ്ടെന്നുംവെച്ചു തീൎന്നതു പ്രകാരം അല്ലാതെ എഴുപത്തിമൂന്നാമാണ്ടകുംഭമാസം 6 നു- നാടുനീങ്ങിപ്പൊയ വല്യ തമ്പുരാൻ തിരുമനസിലെ തിരുവെഴുത്തുകളും എഴുപതിനാലാമാണ്ട മെടമാസം 8നു- മരിച്ചുപൊയ കെശവപിള്ള വല്യദിവാൻജി അവർകളുടെ ഉത്തരവുകളും എഴുതിയിരിയ്ക്കുന്നതും അഴിച്ചു നൂറായിരത്തിരെണ്ണൂറായിരത്തിശില്ലവാനം രൂപാ കണക്കു കുടിച്ചിക ഉണ്ടെന്നു പറഞ്ഞ ആ വകയും ഞങ്ങൾക്കു തരുവാനുള്ള വകയിൽ തള്ളിയിരിക്കുന്നു.

മെലെഴുതിയ സക്കാരിൽനിന്നും ഒരൊരൊ കുത്തങ്ങളും കച്ചവടങ്ങളും ഉദ്യൊഗങ്ങളും കച്ചവടക്കാര കുടിയാൻമാര ഉൾപ്പെട്ടവര എറനാളക്കാരെക്കൊണ്ടും ആയ്ക്കു എടപെട്ട പല പ്രകാരത്തിലും അവരുടെ പെററിൽ രൂപാ കുടിച്ചിക വരികെയും ചെയ്യുാൽ ആയ്ക്കിന്ന പന്തിരണ്ട വരുഷംവരെയും അവുധി കൊടുത്തും വെണ്ടായെന്നുവെച്ചു മാപ്പുകൊടുത്തും സക്കാരിനാധൎമ്മമായ മായിട്ടു നടത്തിവരികെയും എന്റെ മുത്തപ്പൻ തമ്പുരാന്റെ കുടിയാൻമാരുടെയും ഉദ്യൊഗസ്ഥന്മാരുടെയും കച്ചവടക്കാരുടെയും വത്തകരുടെയും മന്ത്രിമാരുടെയും പ്രവൃത്തികൾ ഒക്കെയും തമ്പുരാക്കന്മാരുടെ കല്പന ഉണ്ടാകുംവണ്ണം കെട്ട അനുസരിച്ചു ജീവനും ഉപെക്ഷിച്ചു സക്കാരിലെക്കവെണ്ടി പല സങ്ങതി കെളിലും വെലചെയ്തു ഗുണൊപകാരങ്ങൾ വരുത്തിയിരിയ്ക്കു

യും മുതലെടുപ്പുകൾ പലവക ഒണ്ടായിരിയ്ക്കുകെയും ആയ്തു ഒക്കെയും തമ്പുരാക്കൻമാര തിരുമനസ്സകൊണ്ടു അറിഞ്ഞു ഏത്രെയും മനവിശ്വാസത്തൊടെ ഏന്റെ മുത്തപ്പനെയും ഞെങ്ങളെ ഏല്ലാവരെയും വെണ്ടുംവണ്ണം കല്പിച്ചു രെക്ഷിച്ചു വന്നിരിയ്ക്കുകയും ചെയ്യുംപൊൾ മെൽ നൂറായിരത്തിതൊണ്ണൂറായിരത്തിശില്ല്വാനം രൂപാ കതതാ കടിച്ചിക ഏന്റെ മുത്തപ്പൻ കൊടുപ്പാനുണ്ടെയെന്നും പറഞ്ഞതിന്ന ഇന്നുവരെയും ഒരുത്തരൊട്ടു സർക്കാരിന്ന ചെയ്തിട്ടില്ലാത്തപ്രെകാരം ഇരുനൂറായിരത്തിതൊണ്ണൂറായിരത്തിശില്ല്വാനം രൂപാ പലിശ ഒണ്ടെയെന്നും പറഞ്ഞ ആ വകയും ഞെങ്ങൾക്കു തരുവാനുള്ള വകയിൽ തള്ളിയിരിയ്ക്കുന്നു.

86 മാണ്ടു തുലാമാസം 24നു- നാട്ടുനീങ്ങിപൊയ തമ്പുരാന്റെ കല്പനപ്പ്രെകാരവും തിരുവെഴുത്തുംപ്രെകാരവും സർക്കാര വക കണ്ടകൃഷിയിൽ നെല്ലും ഏൾപ്പിച്ച വകെയ്ക്കു മുപ്പതിനായിരത്തിശില്ല്വാനം രൂപായും പന്തളത്തമ്പുരാന കെട്ടിപ്പിച്ചിരിയ്ക്കുന്ന വകെയ്ക്കു അൻപതിനായിരത്തിശില്ല്വാനം രൂപായും സർക്കാരിൽ നിന്നും ഞെങ്ങൾക്കു തരുവാനുള്ള കണക്കിൽ ഒന്നും പറയാതെയും, വിസ്തരിക്കാതെയും തള്ളിയിരിയ്ക്കുന്നു.

മെലെഴുതിയ വകകൾ കൂടാതെ ഇതിൽ കൊറഞ്ഞ തുകകൾ വളരെ ഒള്ളതയില്ലാണ്ടും യില്ലാത്തത ഒണ്ടാക്കിയും അത്രെ പതിനാലുനൂറായിരം രൂപാ ഇല്ലായ്മചെയ്തു ഏൺപത്തൊമ്പതായിരത്തി ശില്ല്വാനം രൂപാ ആയിട്ടു തീർത്തിരിയ്ക്കുന്നത.

എട്ടാമത മെലെഴുതിയിരിക്കുന്ന പ്രകാരം കണ്ണ ക്കതീൎത്തതിൻെറ ശെഷം ആയിരത്തിഅഞ്ഞൂററിശ്ശില്ലവാനം കററിതടി ഞെങ്ങൾ ആന പണികഴിപ്പിച്ച ത്രിക്കാരൂരമലയിൽ പൊഴംകടവിൽ വെച്ചിരുന്നത സൎക്കാരവകെയ്ക്കു എറക്കിക്കൊണ്ടു പൊരത്തക്കവണ്ണം ഉ ദ്യൊഗസ്ഥന്മാർ ആളുകെളെ അയച്ച കൊണ്ടുപൊരികെയും ഒരു ത്തര ഒരു സഹായമില്ലാതെയും ഞെങ്ങൾ കൂട്ടത്തൊടെ സഹിയ്ക്കരുതാത്ത സങ്കടത്തൊടെയും ഭയത്തൊടെയും ചെറവുവാ മണപ്പുറത്ത തന്നെ പാൎത്തിരിക്കുയും ചെയ്യുംപൊൾ കൊച്ചിയിൽ അന്തിരിക്കപ്പിത്താൻ ഞെങ്ങൾ ത്രപ്പാ കൊടുപ്പാനുണ്ടയെന്നും വെച്ച മക്കാളി സായ്പ അവർകെളുടെ അടുക്കൽ അന്ന്യായം ബൊധിപ്പിക്കെയും അതിൻെറശെഷം ആങ്ങാടിപ്പുറത്ത ജില്ലാക്കൊടതിയിൽ ബൊധിപ്പിപ്പാൻ കല്പിച്ച ആയ കെയും ചെയ്യുതിൻെറ ശെഷം 83 മാണ്ട കന്നിമാസം 13നു- എൻെറ മുത്തപ്പനെ മക്കാളിസായ്പ അവർ കെൾ കൊച്ചിയിൽ കൂട്ടിച്ചും കൊണ്ടു ചെന്ന പാൎപ്പിച്ച ജെന്മിസത്തെ സായ്പ അവർകെളും ഞെങ്ങളു മായിട്ട 77 മാണ്ടിൽ മരത്തിനും പലകെയ്ക്കും കച്ചവടം ചെയ്യുയും അപ്രകാരം ഞെങ്ങൾ ശരക്കുകൾ കൊണ്ടു ചെല്ലുകെയും ചെയ്യുാറെ ശരക്ക വെണ്ടായെന്നും കച്ച വടം ഒഴിഞ്ഞിരിക്കുന്നുവെന്നും പറഞ്ഞ അപ്രെകാരം തെത്ത സായ്പ അവർകെൾക്ക എൻെറ പെക്ക സാധ നം എഴുതി തന്നിരിക്കുന്ന കാൎയ്യത്തിന്ന പതിനാറായി രത്തിശ്ശില്ലവാനം ത്രപ്പാ തെത്ത സായ്പ അവർകെ ൾക്ക ഞെങ്ങൾ ലാഭം കൊടുക്കുന്നമെന്നും മെക്കാളിസാ

യ്പ അവർകെൾ കല്പിച്ചു കൊണ്ട ആയതിന്റെ നെ
ര കാട്ടെണ്ടുന്നതിന തൊമ്മ സായ്പ അവർകെൾ
എഴുതി തന്നിരുന്ന സാധനം മെക്കാളി സായ്പ അവ
ർകെൾ കാണുന്നതിന എന്റെ മുത്തപ്പൻ കൊടുത്താ
റെ തിരിയെ തരാതെയും ചൊതിച്ചാൽ ദെഷ്യപ്പെട്ടു
കെയും 62 മാണ്ടിൽ വരാപ്പുഴെ പൊവലീനൊസു പാ
തിരിയും കൂടെ മലങ്കരെ 84 പള്ളിക്കാരെക്കൊണ്ടും ദൂ
ഷ്യങ്ങളായിട്ടു തിരുവാൻകൊട്ടു സക്കാരിലും കൊച്ചി
സക്കാരിലും ബൊധിപ്പിച്ചു തിരുവാൻകൊട്ടു സക്കാരി
ൽ അൻപതിനായിരം രൂപാ പെഴ ചെയ്യണമെന്നു വ
രികെയും കൊച്ചിയിൽ സക്കാരിൽ ഇരുപത്തെണ്ണാ
യിരം രൂപാ പെഴ ചെയ്യിപ്പിക്കെയും ചെയ്തു സങ്ങതി
യിങ്കൽ എന്റെ മുത്തപ്പനും പ്രമാണമായിരുന്ന മാ
പ്പിളമാരും കത്തനാരച്ചന്മാരും കൂടെ ഏറിയൊരു
സങ്കടം ബൊധിപ്പിച്ചു പെഴ അല്ലാതെ സ്ഥാനമാനങ്ങ
ൾക്കു അടിയറ ആയിട്ടു തിരുവാൻകൊട്ടു സക്കാരിൽ
ഇരുപത്തെണ്ണായിരം രൂപായും കൊച്ചി സക്കാരിൽ
പതിനാലായിരം രൂപായും ആയിട്ടു തീൎന്നുപൊന്നിരി
ക്കുന്ന കാൎയ്യം അപ്രകാരം അല്ലായെന്നും എന്റെ മു
ത്തപ്പൻ പള്ളിക്കാരെക്കൊണ്ടു അന്യായമായിട്ടു രൂപാ
സക്കാര രണ്ടിലും കൊടുപ്പിച്ചിരിക്കുന്നുവെന്ന വരാപ്പു
ഴ കാലം ചെയ്തുപൊയ ശ്രൂബീസ മെത്രാനച്ചന്റെ ഉ
ദ്യൊഗപൊസ്തകത്തിൽ സത്യമായിട്ടു എഴുതിയിരിക്കു
ന്ന പ്രകാരം ഇപ്പൊൾ ഇരിക്കുന്ന റെറമൊന്ത മെ
ത്രാനച്ചന്റെ പെക്ക പ്രൊസ്സര മൂപ്പൻ പാതിരി മ
ക്കാളി സായ്പ അവർകെൾക്ക എഴുതി കൊടുക്കെയും
ആയതിനെ അനുസരിച്ചു അത്രെയും രൂപാ ഞങ്ങൾ

വരാപ്പുഴെ പള്ളിയിൽ കൊട്ടക്കണമെന്നും മക്കാളിസാ
യ്പ അവർകൾ കല്പിച്ചുതൊടങ്ങിയാറെ ഞെങ്ങൾ
അനുസരിയ്ക്കാഴികകൊണ്ടു മെലെഴുതിയ രുപായ്ക്കു എ
ന്റെ മുത്തപ്പന്റെ മെൽ മക്കാളിസായ്പ അവർകെ
ളുടെ അടുക്കൽ അന്യായം ബൊധിപ്പിപ്പാൻ പള്ളി
ക്കാരെ ഒക്കെയും വരണമെന്നും മെലെഴുതിയ മെത്രാന
ച്ചന്റെ പെക്ക പ്രൊസ്സര മൂപ്പൻ പാതിരി പള്ളിക്കാ
ക്ക ഒക്കെയും സാധനങ്ങൾ എഴുതികൊടുത്തയപ്പിക്കെ
യും മെലെഴുതിയിരിക്കുന്നപ്രകാരമാകകൊണ്ടു പള്ളി
ക്കാർ സാധനം അനുസരിച്ചു സങ്കടത്തിന്ന വരാതെയി
രിക്കെയും ചെയ്യുംപൊൾ പിന്നെയും മെലെഴുതിയപ്രെ
കാരം പല എടപാടുകൾ പറഞ്ഞ എന്റെ മുത്തപ്പ
നെ കൊച്ചിയിൽതന്നെ പാപ്പിച്ചിരിക്കുംപൊൾ അ
ന്തിരി കപ്പിത്താൻ മെലെഴുതിയ ജില്ലാക്കൊടതിയിൽ
ചെന്ന എന്റെ മുത്തപ്പന്റെമെലും എന്റെമെലുംകൂ
ടെ അൻപത്തൊരായിരത്തിശല്ലുവാനം രുപായ്ക്കു അ
ന്യായം ബൊധിപ്പിക്കെയും ഞെങ്ങൾ ചെല്ലണമെന്നും
വെച്ചു കല്പനവരികെയും ഞെങ്ങൾ പൊകത്തക്കവണ്ണം
മക്കാളി സായ്പ അവർകൾ കല്പിക്കെയും കുംഭമാ
സം 12നു- ഞെങ്ങൾ അങ്ങാടിപ്പൊറത്ത പൊകയും
ചെയ്തതിന്റെശെഷം ഞാൻ മക്കാളിസായ്പ അവർ
കെളുടെ അടുക്കൽ ചെല്ലണമെന്നവെച്ചു ആള വരിക
കൊണ്ടു കക്കടമാസം 18 നു- ഞാൻ പൊഞ്ഞിക്കരെ
ചെന്നാറെ ആറാമത്തെ സഞ്ചതിയിൽ മക്കാളിസായ്
പ അവർകൾ പററിയ രുപാ അൻപത്തൊൻപതി
നായിരത്തി ശില്ലുവാനവും കമസം വകെയ്ക്കില്ലായെന്നും
കല്പിച്ചപതിനൊരായിരത്തിശില്ലുവാനം രുപായും ഇത

പത്തീരായിരം രൂപാടെ ഉണ്ടികെയും മെശപ്പുറത്തു
കൊണ്ടുവന്നുവെച്ചു അതു തരാമെന്നും ശെഷം രൂപാ
തെത്ത സായ്പ അവർകൾക്കും രാമലിംഗം മുതലി
യാൎക്കും യൊരൊപ്പാണത്തുനിന്നുംവന്ന പാതിരികളും കൊടു
ത്തുവെന്നും രൂപാ അൻപത്തൊൻപതിനായിരത്തിശി
ല്ലുവാനത്തിന്നും ഒന്നായിട്ടു എൻെറ പെക്ക പററിശീട്ടു
കൊടുക്കണമെന്നും മക്കാള്ളിസായ്പ അവർകൾ എ
ന്നോട കല്പിച്ചാറെ ഞെങ്ങൾ കൊടുപ്പാനില്ലാത്തവക്ക
ഇപ്രെകാരം സായ്പ അവർകൾ കൊടുക്കയെന്നുവെ
ച്ചാൽ വല്ല്യസങ്കടമെന്നും എൻെറ മുത്തപ്പൻ ബൊധി
ക്കാതെ ഇനിക്ക ഒത്തവണ്ണം ദാനംചെയ്യക്കൂടായെന്നും
ഞാൻ ബൊധിപ്പിച്ചാറെ എത്രെയും വളരെ ദെഷ്യപ്പെ
ട്ടു എന്നൊട പൊകവാൻ ആട്ടുകകൊണ്ടു ഞാൻ പൊ
ന്നതിൻെറശെഷം രൂപാ അൻപത്തൊൻപതിനായി
രത്തിശില്ലുവാനം സൎക്കാരിൽ കൊടുത്തിരിക്കുന്നു വെ
ന്നും അവരുടെ ചെന്നു വാങ്ങിച്ചുകൊള്ളണമെന്നും മക്കാ
ള്ളി സായ്പ അവർകെളുടെ കല്പനയെന്നും റെഷ്ടര
ജാഞ്ചി യുപ്പായിയെക്കൊണ്ടു എൻെറ മുത്തപ്പനൊ എ
ഴുതികൊടുത്തയപ്പിച്ചതിൻെറശെഷം അതു സങ്കട
മെന്നും രൂപാ അൻപത്തൊൻപതിനായിരത്തിശില്ലു
വാനവും ഞെങ്ങൾക്ക മക്കാള്ളി സായ്പ അവർകൾ
തന്നെ തരണമെന്നും പല സങ്ങതിയിങ്കലും പല പ്രെ
കാരത്തിലും എറിയൊരു സങ്കടമായിട്ടു എഴുതി ബൊ
ധിപ്പിച്ചാറെയും രൂപാ തരാതെ മെക്കാള്ളി സായ്പു
അവർകൾ പൊകകൊണ്ടു ആ വക രൂപാ അൻപ
ത്തൊൻപതിനായിരത്തി ശില്ലുവാനവും ഇന്നുവരെയും
ഞെങ്ങൾക്ക കിട്ടിയതുമില്ല.

ഒൻപതാമത അഞ്ചാടിപ്പൊറത്ത ജില്ലാക്കൊട തിയിൽ ജെഡ്ജി ജൊർച്ച ഊലിയൻ ജില്ലറ സായ്പ അവർകളൊട മെലെഴതിയ കാൎയ്യസങ്ങതികെം ബൊധിപ്പിച്ചാറെ തിരുവാൻകൊട്ട സൎക്കാരിൽ എട പാട്ടള്ള കാൎയ്യം ഒന്നും ജില്ലറസായ്പ അവർകൾക്ക ചെയ്യാൻ കല്പനയില്ലായെന്നും കല്പിച്ചതിന്റെശെഷം എന്റെ മുത്തപ്പൻ ഒണ്ടായിരിക്കുംപൊൾ ഞാനത്തരിപ്പാൻ ഞായമില്ലാതെയിരിക്കയും അപ്രകാരം ഞാനും എന്റെ മുത്തപ്പനും ബൊധിപ്പിച്ചിരിക്കയും ചെയ്യുംപൊൾ മെലെഴതിയ ജില്ലറസായ്പ അവർകൾ എന്റെമുത്തപ്പനെയും ഒരു വഴിയ്ക്കുവിടാതെ അഞ്ചാടിപ്പൊറത്തും കൊഴിക്കൊട്ടുംപാൎപ്പിച്ച ഞായം വിസ്ഥരിപ്പിച്ച പാൎപ്പിച്ചുവരുംപൊൾ ആറാമത്തെ സങ്ങതിയിൽ ഞെങ്ങൾക്ക കിട്ടിയ ശ്രുപാ ഇരുപത്താറായിരത്തിശില്ലുവാനവും കടക്കാൎക്ക കൊടുത്ത ചെലവായ പൊകയും ഞെങ്ങളുടെ വക എണ്ണൂററിശില്ലുവാനം കുററിത്തട്ടിയും അറുനൂററിശില്ലുവാനം തള്ളതവും 82 മാണ്ടിൽ വരാപ്പുഴെ കൊണ്ടുചെന്ന ഇട്ടിരുന്നത പൊറക്കാട്ട ജനാർദ്ദനപൈയുടെ കുത്തതയിൽ വന്നതെന്നപറഞ്ഞ അയാളൊട കൊണ്ടുപൊയ്ക്കൊള്ളുന്നതകവണ്ണം ഒളവര പറകെയും അപ്രകാരം അയാള കൊണ്ടുപൊയി വിററ മുതൽ എട്ടക്കെയും ഞെങ്ങളുടെ കയ്യിൽ ഒരു മുതലുമില്ലാതെ കൂട്ടത്തൊടെ സൎവ്വകാൎയ്യങ്ങൾക്കും മനസ്സുമുട്ടി സഹിക്കരുതാത്ത സങ്കടമായിട്ട തീരുകകൊണ്ടും 72 വയസിനമെൽ എന്റെ മുത്തപ്പൻ ആയിരിക്കകൊണ്ടും 84 മാണ്ട തുലാമാസം 25നു- മുതൽക്ക എന്റെ മുത്തപ്പന്റെ ശരീരത്തിന ദെണ്ണങ്ങളും പിടിച്ച ബുദ്ധിപ

കന്നരപൊകയും കൊടുത്ത മരിയാതികെൾ ഞങ്ങൾ
ക്ക അറിയാംവഹിയാതെയുംയിരിക്കുംപൊൾ, മെലെഴ
തിയ ജില്ലറസായ്പ അവർകെൾ തെയവിസ്ഥാരം
ചെയ്യാതെ എന്റെ മുത്തപ്പന്റെയും എന്റെയുംമെലും
കൂടെ മീനമാസത്തിൽ ഇരുപത്തിമൂവായിരത്തി അ
ഞ്ഞൂററിശില്ലുവാനംരൂപായ്ക്കു വിധിയായി എന്റെ മു
ത്തപ്പനെയും എന്നെയുംകൂടെ മിധുനമാസം 26നു- മുത
ൽക്ക കൊച്ചിയിൽ തടവിലാക്കി പാർപ്പിക്കെയും വി
ധിപ്പ്രകാരം രൂപാ കൊടുക്കെണ്ടുന്നതിന്ന കയ്യിൽ ഒ
രുമുതലും ജാമ്യത്തിന്ന ഒരു ആളുംയില്ലാതെ ഞെങ്ങൾ
സങ്കടത്തൊടെ തടവിൽ പാർക്കെയും 85 മാണ്ടു ശി
ങ്ങമാസം 30നു- കുഞ്ഞുകുട്ടികൾ കത്തിയതൊട്ടുങ്കൽ
തന്നെ ചെന്ന പാർക്കെയും അതിന്റെശെഷം പല
വഴിയും വിജാരിച്ച വിധിപ്പ്രകാരം ഉള്ള രൂപായിൽ
എതാനും ഉണ്ടാക്കിക്കൊടുക്കെയും സങ്കടങ്ങൾ എഴു
തി ബൊധിപ്പിക്കയും 86 മാണ്ടു ധനുമാസം 7നു-
എന്നെ തടവിൽനിന്നും വിടുകെയും പിന്നത്തെതിൻ
ഞെങ്ങളുടെ വക നിലങ്ങളും ആനകളും പണയം എഴു
തി കൊടുത്തിട്ടും പാർപ്പിനിവട്ടത്ത തീർത്ത വീടും വസ്തുക്ക
ളും മെലെഴുതിയ അന്തിരികപ്പിത്താനുതന്നെ പണയം
എഴുതി കൊടുത്തിട്ടു ആയിട്ടും വിധിപ്പ്രകാരം ഉള്ള
രൂപായിൽ പത്തൊൻപതിനായിരത്തിശില്ലുവാനം രൂ
പായൊളും കൊടുത്തതിന്റെശെഷം കൊച്ചിസൎക്കാര
വക മരക്കുത്തതവകയ്ക്കു എന്റെ മുത്തപ്പൻ കൊടുപ്പാ
നുള്ള രൂപാടെ സങ്ങതികൊണ്ടു റെസിഡെന്തി കണ്ണൽ
ജാൻ മണ്ടറൊൾ സായ്പ അവർകെളുടെ കല്പനയ്ക്കു

87 മാണ്ട വൃശ്ചികമാസം 6നു- മുതൽക്ക ഞങ്ങളുടെ സവ്വസമസ്ഥവും കണ്ടുകെട്ടുവാൻ സങ്ങതിവരികെയും അതിന്റെ ശെഷം മെലെഴുതിയ സങ്കെടങ്ങൾ ഓരോന്നും എഴുതി ബൊധിപ്പിച്ചുംകൊണ്ട മെലെഴുതിയ തടവെൊട്ടക്കൂടെത്തന്നെ എന്റെ മുത്തപ്പൻ പാൎത്തിരിക്കെയും ചെയ്യുംപൊൾ കൊച്ചിയിൽ ജെഡ്ജിജിയായിരുന്ന ജെം ഹൊച്ചൻ പെരസൻ സായ്പ അവൎകെളുടെ കൃപയാൽ 88 മാണ്ട മീനമാസം 17നു- എന്റെ മുത്തപ്പനെ കത്തിയ തൊട്ടുങ്കൽ വീട്ടിൽ വരുവാനും അവിടെ കെടന്ന മെടമാസം 26നു- മരിപ്പാനും സങ്ങതി വരികെയും ചെയ്തു.

പത്താമത മെലെഴുതിയ പ്രകാരം എന്റെ മുത്തപ്പൻ മരിച്ചതിന്റെ ശെഷം എന്റെ മുത്തപ്പൻ മെലെഴുതിയ സൎക്കാരവകയ്ക്കു പലരൊട്ടും കടം വാങ്ങിച്ചു കൊടുത്തിരിക്കുന്ന വക ആയിട്ടും ജാമ്മ്യം എറ്റു കൊടുത്തിരിക്കുന്ന വക ആയിട്ടും ഇരുന്തുറായിരം രൂപായിലകം പലൎക്ക ആയിട്ട കടം കൊടുപ്പാനുണ്ടായിരിക്കകൊണ്ട എന്റെ മുത്തപ്പൻ ബൊധിപ്പിച്ചു വന്നതിന്റെ ശെഷമായിട്ട മെലെഴുതിയ ആണ്ട മിഥുനമാസം 18നു- മുതൽക്ക മണ്ട്രൊൾ സായ്പ അവൎകെളുടെ അടുക്കൽ ഞാൻ ചെന്ന സങ്കടം ബൊധിപ്പിച്ച പാൎത്തതിന്റെ ശെഷം റെസിഡന്തി മക്കാളി സായ്പ അവൎകെൾ ചെയ്തിരിക്കുന്ന കാൎയ്യങ്ങൾക്ക ഇന്ന പ്രകാരമെന്ന തെളിവ ആയിട്ട ഒരു കല്പന ഉണ്ടാകാതെ ശെഷം ഞങ്ങളുടെ സങ്കെടങ്ങൾക്ക ഒക്കെയും അനുക്രൂലമായിട്ട കല്പന ഉണ്ടായി അപ്രെകാരം ഞങ്ങൾക്ക പലരും ത്രുപാതരുവാനുള്ളതിനെ പിരിച്ചു നാലു വരുഷം

കൊണ്ട കൊച്ചി സൎക്കാരവകയ്ക്കു കൊടുപ്പാനുള്ള രൂ
പാ കൊടുക്കത്തക്കവണ്ണവും ആയ്തിന്ന മുട്ടം വന്നാൽ
ഞെങ്ങളുടെ വക നെലവും പറമ്പും സൎക്കാരവകയിൽ
നിന്നും എടുത്തുകൊള്ളത്തക്കവണ്ണവും 89 മാണ്ട മിഥു
നമാസം 27നു- എന്നെക്കൊണ്ട കച്ചീട്ടും എഴുതിവെ
പ്പിച്ച കണ്ടുകെട്ടിയിരിക്കുന്ന ഞെങ്ങളുടെ വസ്തു വക ഒ
ക്കെയും ഒഴിഞ്ഞു തരത്തക്കവണ്ണം ദിവാൻജി അവ
ൎകളെക്കൊണ്ട ഉത്തരവുകളും തരുവിച്ച എന്നെ
അയച്ചതിന്റെ ശെഷം മെലെഴുതിയ വിധിപ്രകാ
രം എന്റെ മുത്തപ്പൻ കൊടുത്തതു നീക്കി നാലായിര
ത്തിശില്ല്വാനം രൂപാ അന്തിരിക്കപ്പിത്താന കൊടു
പ്പാനുള്ളതിന്ന കൊച്ചിയിൽ ജെഡ്ജി സെപ്പിൻ
മെനോനിസായ്പ അവൎകൾ കൎക്കടകമാസം 5നു- മു
തൽക്ക എന്നെ കൊച്ചിയിൽ തടവിൽയാക്കി മുമ്പി
ൽ എന്റെ മുത്തപ്പൻ തടവൊടെ പാൎത്തതു പൊലെ
യും ഇപ്പൊൾ മററ അദാലത്തു തടവുകാരെ തടവിൽ
പാൎപ്പിച്ചിരിക്കുന്നതുപൊലെയും അല്ലാതെ വെണ്ടുന്ന
ദിഷ്ടതികൾക്കും ഞാറാഴിച്ചദിവസം പള്ളി പൊകു
ന്നതിന്നും പൊറത്ത അയ്ക്കാതെ അധികം ഞെരുക്ക
ത്തൊടെ എന്നെ തടവിൽ പാൎപ്പിച്ചിരിക്കെയും മററു
കഷ്ടക്കാര അന്ന്യായങ്ങൾ ബൊധിപ്പിച്ചിരിക്കയ്ക്കയും
ആയതിനെ വിസ്തരിച്ച വിധി ആക്കണമെന്ന കല്പി
ച്ചിരിക്കെയും ഞാൻ സങ്കടങ്ങൾ ബൊധിപ്പിച്ചാൽ
ആയ്തു കെൾക്കയില്ലായെന്നും അപ്പീൽ കൊടത്തെയി
ൽ ബൊധിപ്പിച്ചു കൊള്ളണമെന്നും കല്പിച്ചിരിക്കെ
യും ചെയ്കകൊണ്ട ഞെങ്ങൾ സൎക്കാരിൽ ചെന്ന കുടി
യാനാകുന്നവെന്നും ആറാമത്തെ സങ്കതിയിൽ മക്കാളി

സായ്പ അവർകെൾ കട്ടമാസ എഴുതി തന്നിരിയ്ക്കു കൊണ്ടു എന്നെയും മെലെഴുതിയ കടക്കാരെയും കൂടെ മണ്ട്രൊൾ സായ്പ അവർകെളുടെ അടുക്കൽ കൂട്ടി അയയ്ക്കണമെന്നും അയ്യ്ക്കു അല്പ ബഹുമാനപ്പെട്ട കമ്പ ഞ്ഞിക്കുടിയാൻ ഞാനാകുന്നുവെന്ന ബൊധിപ്പിച്ചുവെങ്കിൽ കാണുംപ്രകാരം ആധാരം മൽ ജാമ്മ്യമായെടുത്ത എന്റെ തടവ ഒഴിഞ്ഞ സക്കാരിൽനിന്നും ഞെങ്ങൾക്കു തരുവാനുള്ള കൃപാനെരപൊലെ വിസ്തരിച്ചു തീൎത്ത കൃപാ തരുവിച്ചു കടങ്ങളും സങ്കടങ്ങളും തീൎത്തുതരണമെന്നും എന്റെ കയ്യിൽ ഒര മുതലും സഹായത്തിന്ന മററ ഒരു ജെഷ്ടൻ അനുജന്മാരും ബെന്ധുക്കളുംയില്ലാഴികകൊണ്ടു മെലെഴുതിയ രണ്ടിലൊരുപ്രകാരം തീൎത്ത കൈക്കുന്നതു അല്ലാതെ എന്നെ തടവിൽ പാൎപ്പിച്ചുവലയിയ്ക്കുന്നതയെന്നും അപ്പീൽ കൊടതിയിൽ ബൊധിപ്പിക്കുന്നതിന്ന അൎജ്ജി എഴുതി കൊടുത്തയച്ച സക്കാര വക്കീൽ മുഖാന്തിരം ബൊധിപ്പിച്ചാറെ എന്റെ സങ്കെടങ്ങൾക്കും തടവ ഒഴിയെണ്ടുന്നതിന്നും ഒന്നും എഴുതി തരാതെ ഞാൻ കൊച്ചി ജില്ല അധികാരകീഴ അകപ്പെട്ടു കുടിയാൻ തന്നെ ആകുന്നുവെന്നും ഒരു സമുത്തയംകൂടാതെ അപ്പീൽ കൊടതി മുമ്പാകെ ബൊധിപ്പിച്ചിരിയ്ക്കുന്നുവെന്നും അയ്ക്കകൊണ്ടു അൎജ്ജി യുക്ഷപക്ഷിച്ചിരിയ്ക്കുന്നുവെന്നും ൯൦ മാണ്ടു കന്നിമാസം ൨ന്നു ഒരു കല്പന എഴുതി തന്നത അല്ലാതെ എന്റെ സങ്കെടങ്ങളും കടങ്ങളും തീരുന്നതിന്ന ഇന്നപ്രകാരമെന്ന എഴുതി തന്നതുമില്ല.

പതിനൊന്നാമത മെലെഴുതിയ സങ്ങതികളെകൊണ്ടു ഞെങ്ങളുടെ പക മുതൽ ഒക്കെയും തിരുവാൻ

ങ്കോട്ടു സൎക്കാരിലും വസ്തുവക ഒള്ളത ഒക്കെയും പണ
യത്തിലും ഞാൻ തടവിലും അകപ്പെട്ടു സവ്കാൎയ്യത്തി
നും മനസമുട്ടി കഞ്ഞുകുട്ടികൾ കൂട്ടത്തോടെ സഹിയ്ക്ക
കൂടാത്ത സങ്കടങ്ങൾ ആയിതീൎന്ന ഒരു രെക്ഷയും സ
ഹായവുംമില്ലാതെ വലയുന്നവെന്ന സങ്കടങ്ങളും ബഹു
മാനപ്പെട്ടു ധൊര അവൎകൾ ഉടയതമ്പുരാനെപ്പ്രെ
തിയും എത്രെയും പെരിയെ പെരിയെ പെരിയെ ബെ
ഹുമാനപ്പെട്ടു ഇങ്കിരെശ തമ്പുരാൻ തിരുമനസിലെ
വലുപ്പത്തെ പ്രീതിയും എത്രെയും പെരിയെ ബെഹുമാ
നപ്പെട്ടു കമ്പഞ്ഞി ധൊരമാര അവൎകളുടെ ബഹുമാ
നത്തെപ്പ്രീതിയും ഞങ്ങളുടെ മെലെഴുതിയ സങ്കട
ങ്ങളും തടവും കടങ്ങളും തീൎത്തുതന്ന രെക്ഷിക്കണമെ
ന്നും എത്രെയും വളരെ വളരെ വളരെ വഴക്കത്തോടെ
യും സങ്കടത്തോടെയും ഞങ്ങൾ കൂട്ടത്തോടെ എത്ര
യും പെരിയെ ബെഹുമാനപ്പെട്ട സന്നിധാനത്തുങ്കൽ
ഖീണകൊണ്ട സാത്തൃപ്പെട്ട വീണ്ടും വീണ്ടും വീണ്ടും അ
പെക്ഷിക്കുന്നു. എന്നാൽ 990 മാണ്ടു വൃശ്ചികമാസം
25നു- എഴുത്തു.

ഈ സങ്കടം വലിയതിൽ ഒരു കമ്പഞ്ഞി വെള്ളക്ക
ടലാസിൽ എഴുതി ആയ്ച്ചു മതിരാശിയ്ക്കു കൊടുത്തയ
ച്ചു കല്പനവരുത്തിത്തരണമെന്ന മണ്റൊൾ സായ്പ
അവൎകൾക്കും ഒരു സങ്കടം എഴുതി രണ്ടുംകൂടെ ഒ
ന്നായിട്ടു മുദ്രവിട്ടു വൃശ്ചികമാസം 26നു- തന്നെ കൊ
ച്ചിയിൽ തപാലിൽ കൊടുത്ത അയക്കയും ചെയ്തു.

ശുഭം.

രണ്ടാമത ഒരു സങ്കടവും ഈ സങ്കടത്തിന്റെ പെ

ർപ്പും കൂടെ എഴുതി ഒന്നായിട്ട മുദ്രയിട്ട മതിരാശിയ്ക്കു കൊച്ചിയിൽ തപാലിൽതന്നെ വൃശ്ചികമാസം 30നു- ഇട്ട കൊടുത്തയയ്ക്കയും ചെയ്തു ശുഭം

മൂന്നാമത വങ്കാളത്ത ഗെവ്വർണർ ജെനരാൾഡൊര അവർകൾക്ക ഒരു അർജ്ജിയും ഈ അർജ്ജിയുടെ പെർപ്പുംകൂടെ ഒന്നായിട്ട മുദ്രയിട്ട കൊച്ചിയിൽ തപാലിൽ ഒന്നായിട്ട മകരമാസം ൨നു- വങ്കാളത്ത കൊടുത്തയയ്ക്കയും ചെയ്തു ശുഭം.

—൧൦൧—

# അനുബന്ധങ്ങൾ.

## I

## C. V. R. Doc. CLXXXI

| | |
|---|---|
| ഉടമ്പടിപ്പകൎപ്പ് | 969-ാമാണ്ട് |
| വാല്യം II | ഇടവം 23-ാംനു- |

### പന്തളം അടമാനം

കൊല്ലം 969-ാമാണ്ടു എടവമാസം 23-ാംനു-എഴുതിയ അടമാന ഓലകാര്യമാവിതു. പടച്ചിലവിന്നു തൃപ്പാപ്പൂസ്വരൂപത്തിങ്കലെ വകക്കു ജന്നപട്ടണത്തു വത്തകൻ മുരളിദാസ് ബാലകൃഷ്ണദാസു വശം കടം വാങ്ങിച്ചു കൊടുത്ത രൂപാ 200001—ം മാളുത്തരകൻവശം വായ്പവാങ്ങിച്ച രൂപാ 20000 വും ആകെ രൂപാ 220001—ം പകരം കടം വീട്ടുന്നതിനു പകരം കണ്ടയിലാറു കണക്കു നാരായണൻ കാളിയൻവശം അയ്യത്തർ ശ്രീവീര ശ്രീധര കോതവർമ്മ കോവിൽ അധികാരികൾ കടംവാങ്ങിച്ച സൂറത്തി രൂപാ ഇരുന്നൂറായിരത്തി ഇരുപതിനായിരത്തി ഒന്നു ഇന്ത രൂപാ ഇരുന്നൂറായിരത്തി ഇരുപതിനായിരത്തി ഒന്നുക്കും നാളതുമുതൽക്കു ശ്രീവീര ശ്രീധര കോതവർമ്മകോവിലധികാരികൾ തങ്ങൾക്കുള്ള പന്തളത്തു എൽക്കകത്തു ഉൾപ്പട്ട പ്രദേശങ്ങളും കോന്നിയൂർ മലയാലപ്പുഴ ഉൾപ്പട്ട പ്രദേശങ്ങളും അറക്കളം ഉൾപ്പട്ട പ്രദേശങ്ങളും കക്കാട്ടു ഉൾപ്പട്ട പ്രദേശങ്ങളും ഇടമറുക ഉൾപ്പട്ട പ്രദേ

ശങ്ങളും ഈ പ്രദേശങ്ങളിൽ ഉൾപ്പെട്ട നിലങ്ങളും പറമ്പുകളും മലഞ്ചെരിക്കലുകളും മലകളും അങ്കച്ചുങ്കങ്ങളും പൊലികടങ്ങളും ശബരിമലശാസ്താവിന്റെ ക്ഷേത്രത്തിൽ നടവരവും പാണ്ടിയിൽ എലത്തൂർ ഉൾപ്പെട്ട പ്രദേശങ്ങളും ചൊക്കനാം പുത്തൂരും വഴക്കപ്പാറ തീരുവയും കടപ്പിറ പ്രവൃത്തിയിൽ തങ്ങൾക്കുള്ള കാണക്കട കൃഷിനിലങ്ങളും പുരയിടങ്ങളും പൊലികടങ്ങളും കൂടെ അടമാനമാകെമുതൽ എടുത്ത മുതൽ രൂപാ 220001 —നും നിങ്ങളിൽ നൂററിനു ഒന്നുവീതം ആണ്ടൊന്നിനു പലിശരൂപാ 26400 നും അനുഭവിച്ചു കൊള്ളുമാറും മുതൽ രൂപാ രണ്ടുനൂറായിരത്തി ഇരുപതിനായിരത്തി ഒന്നും കൊടുത്തു അടമാനം ഒഴിപ്പിച്ചു കൊള്ളുമാറും സംവദിച്ചു. ഇതിനു സാക്ഷി മണത്തറ ചുവരൻ നീലകണ്ഠനും വടശേരിൽ കിട്ടൻ കിട്ടനും വള്ളിത്തലെ വിഷ്ണുമാനവും മിത്രെച്ചുവരൻ കണ്ടനും അറികെ കണ്ടയിലാററു കണക്ക നാരായണൻ കാളിയനു ഇന്ത അടമാന ഓല എഴുതി കൊടുത്ത അയിരുന്ന ശ്രീവീര ശ്രീധര കോതവർമ്മ കോവിലധികാരികൾ. ഇന്ത അടമാന ഓല കൈ എഴുതിയ പള്ളിക്കാട്ടു കണ്ടൻ കേരളൻ എഴുത്തു.

The Travancore State Manual, New Edition Vol II Appendix PP. 186 187.

II

## C. V. R. Doc. CLXXXII

ഉടമ്പടിപ്പകൎപ്പ് 969-ാമാണ്ടു
വാല്യം II ഇടവം 29-ാംനു-

### പന്തളം

ദിവാൻ കേശവപിള്ള അറിയവെണ്ടും അവസ്ഥ പടച്ചിലവു വകക്കു ജനാപട്ടണങ്ങളു വൎത്തകൻ ബാലകൃഷ്ണദാസിനോടും കത്തിയതോട്ടിൽ മാത്തുത്തരകനോടും നാം കടംവാങ്ങിച്ച വകക്കു പകരം കടം വീട്ടേണ്ടുന്നതിനു കണ്ടയിലാററു കാളിയമല്ലൻ വശം കടം വാങ്ങിച്ചു കൊടുത്ത രൂപാ 220001 ക്കു ആണ്ടൊന്നുക്കു പലിശ രൂപാ 26400 നും നമ്മുടെ രാജ്യവും കൃഷിയും പൊലിക്കടവും അങ്കച്ചുങ്കങ്ങളും ശബരിമലെ നടവരവും അടമാനമായിട്ടു നടന്നു മുതലെടുത്തുകൊള്ളത്തക്കവണ്ണം കാളിയമല്ലന്റെ പെൎക്ക എഴുതിയിട്ടുണ്ടല്ലൊ അടമാനമായിട്ടു എഴുതിതന്നിരിക്കുന്ന രാജ്യവും കൃഷിയും പൊലിക്കടവും അംകച്ചുംകങ്ങളും ശബരിമല നടവരവും നാം തന്നെ മുതലെടുപ്പിച്ചു പലിശവകയിൽ തരെണ്ടും രൂപാ 26400—ം മുതലിൽ രൂപാ 23600—ം ആകെ. ആണ്ടൊന്നിനു 50000 രൂപാ വീതം അടക്കത്തക്കവണ്ണം ഏററവകക്കു എഴുപതാമാണ്ടു മുതൽക്കു ആണ്ടുതോറും വൃശ്ചികമാസത്തിൽ രൂപാ 25000—ം ഇടവമാസത്തിൽ രൂപാ 25000—ം ഇതിന്മണ്ണം ആണ്ടൊന്നിനു തവണ രണ്ടിൽ രൂപാ 50000 വും വീതം ആലപ്പുഴ പണ്ടാരകച്ചവടം വകയിൽ ഒടുക്കി പററുശീട്ടു വാങ്ങിക്കൊള്ളുകയും ആം. ഇപ്രകാരം തവണപ്പടി

രൂപാ അടയ്ക്കാതെ ഭേദം വരുത്തുന്നു എങ്കിൽ അടമാനം എഴുതിയിരിക്കുന്ന രാജ്യവും കൃഷിയും പൊലികടെവും അംചുംകങ്ങളും ശബരിമല നടവരവും എഴുതിതന്നിരിക്കുന്നതിന്മണ്ണം അങ്ങുന്നു മുതലെടുപ്പിച്ചുകൊള്ളുകയും വേണം. നാം ഏററു മുതലെടുപ്പിച്ച വകയിൽ തവണയിൽ മുടക്കം ഒള്ള രൂപാ സംശയംക്രൂടാതെ കെട്ടി തരുന്നകയും ആം. ഇപ്പടിക്ക 969-ാമാണ്ടു എടവ മാസം 29-ാംനു- പുല്ലികോട്ടു കണ്ണൻകേരളൻ എഴുത്തു.

The Travancore State Manual, NewEdition Vol II Appendix PP. 187—188.

III

C. V. R. Doc. CCIX

Show Room 993-ാമാണ്ടു

No. 66 കുംഭം 29-ാംനു-

[കോട്ടയം സിമ്മിനാരിക്കു ഗ്രാന്റു]

നീട്ടു്.

കംപിനി പെഷ്ക്കഷുവകയിലും കടൻവകയിലും പണ്ടാരവകയിൽനിന്നും കംപിനി ഖജനാവകയ്ക്കു ഒടുക്കിയ രൂപായിൽ 21200 രൂപായ്ക്കു വൃത്യാസമായിട്ടു കാണുന്നു എന്നും അതിൻ വണ്ണം വൃത്യാസം വന്നതു ഇന്ന സംഗതിയാൽ എന്നു നേരായിട്ടു തിട്ടം വന്നില്ലന്നും എങ്കിലും ഈ വക രൂപാ പണ്ടാരവകയ്ക്കു വരുവാനൊള്ളതായിട്ടിരുന്നു എങ്കിൽ പണ്ടാരവകയ്ക്കു ഒടുക്കണമെന്നു കർണ്ണലിനു അപെക്ഷയായിരിക്കുന്ന

അവസ്ഥകൊണ്ടും ശെഷം വൎത്തമാനങ്ങൾംക്കാ കൎണ്ണെലിന്റെ കടുദാസ്സ എഴുതി വരികകൊണ്ടും അതിൻവെണ്ണം കംപിനി ഖജനാവിൽ ഒടുക്കിയ വകയിൽ പണ്ടാരവകയ്ക്കു വരുവാനൊള്ള രൂപാ 21200-ം കോട്ടയത്തു സിമ്മനാരിൽ ചിലവുവകയ്ക്കു ഇനാമായിട്ടു കൊടുപ്പിക്കണമെന്നു നമുക്കു മനസ്സായിരിക്കകൊണ്ടും അപ്രകാരം ഈ വക രൂപാ കൊടുപ്പിച്ചുകൊള്ളത്തക്കവണ്ണം നിദാനം വരുത്തേണ്ടതിനു കൎണ്ണെലിന്റെ പേൎക്കു നമ്മുടെ എഴുത്തു കൊടുത്തയച്ചിരിക്കുന്നു. അതിൻവണ്ണം പണ്ടാരവകയിൽനിന്നും കംപിനി ഖജനാവിൽ അധികം ഒടുക്ക രൂപാ 21200 -ം തിരിയെ ഹജ്ജൂർ ഖജനാവിൽ ഒടുക്കിയപ്രകാരം കണക്കിൽ മുതൽ കൂട്ടിച്ചു ആ വക രൂപാ കോട്ടയത്തു സിമ്മനാരിൽ ചെലവുവകയ്ക്കു ഇനാമായിട്ടു കൊടുപ്പിച്ചു അപ്രകാരം കണക്കിൽ ചിലവപ്പു എഴുതിച്ചു കൊള്ളുകയും വേണം. ഇക്കാൎയ്യം ചൊല്ലി 993 -ാമാണ്ടു കംഭമാസം 29-ാംനു- ദിവാൻ പേഷ്കാർ വെംകിട്ടരായൎക്ക നീട്ടു എഴുതി വിട്ടു എന്നു തിരുവുള്ളമായ നീട്ടു. (മുഖപ്പുചാൎത്ത്)

The Travancore State Manual, New Edition, Vol. II. Appendix PP. 265-266

IV

# മൺറോത്തുരുത്തും ക്രിസ്ത്യാനികളും

## പഴയരേഖകളിൽനിന്ന്

### 994-ാമാണ്ട് മകരമാസം 5-ാനു- നീട്ട

കൊടുത്തുട്ടസാധനവും വായിച്ചു കേട്ടു അവസ്ഥയും അറിഞ്ഞു. കിഴക്കെ കല്ലടപ്രവൃത്തിയിൽ ചുണ്ടക്കാട്ടിൽ കാടായിട്ടുകിടക്കുന്നസ്ഥലവും ഇപ്പോൾ ആറു വെട്ടുന്നതിനാൽ ചുണ്ടക്കാട്ടിനു കിഴക്കും, പടിഞ്ഞാറും, വടക്കും ആറും തെക്കു കായലും ഇതിന്മണ്ണം ഒരു തുരുത്തായിട്ടു തീരുന്നതാകകൊണ്ടു അതിനകത്തുൾപ്പെട്ട നിലങ്ങളും പുരയിടങ്ങളും കോട്ടയത്തു പള്ളിക്കൂടം വകയ്ക്കു അനുഭോഗമായിട്ടു പതിച്ചു കൊടുക്കേണ്ടുന്ന സംഗതിക്കു സാധനം കൊടുത്തയച്ചതിന്മണ്ണം മേൽ എഴുതിയ ആറിനും കായലിനും അകത്തുൾപ്പെട്ട നിലങ്ങൾക്കും പുരയിടങ്ങൾക്കും എഴുതിയിരിക്കുന്ന വഴ്യോലപ്രകാരം നിലം 4646[നാലായിരത്തി അറുനൂററി നാല്പത്താറുപറ 6 (ആറു] ഇടങ്ങഴിക്ക് വിചാരത്തെരം ചാരത്തക്കുളി കലിപണം 8314-ം പുരയിടം 371 വകമ്പു 7-ക്കു പാട്ടം പണം 2056-ം വകരണ്ടിൽ നിലം പുരയിടം വകക്കു ആണ്ടൊന്നിനു മുതലെടുപ്പു പണം 10370 അര. അതിൽ പണ്ടാരവകക്കു ആണ്ടൊന്നിനു തിരുമുഖക്കാഴ്ച

പണം 250 - ം നീക്കി 10120 അരപ്പണവും മേലെഴുതിയ എൽക്കകളെകത്തു കാട്ടകിടപ്പുള്ള പൃണ്ടകൊട്ട വെട്ടിത്തിരുത്തി അന്നഭോഗം വരുന്നതും കോട്ടയത്തു പള്ളിക്കൂടം വക ചിലവിന്ന ചാർത്തി മെസ്റ്റർബെൻറപെക്ക് അന്നഭവമായിട്ട പതിച്ചു അന്നഭവിച്ചിട്ട എഴുതികെട്ടിച്ചു കൊടുത്തയയ്ക്കുന്ന പ്രകാരവും ഈ വകയിൽ പണ്ടാരവക ഒററികടി ജന്മം മാടമ്പിമാർവക തന്നത്തു നിലം പുരയിടങ്ങൾക്ക 4245 കലിയൻ കടികൾക്ക അത്ഥംകൊടുത്തു. ഒഴിപ്പിപ്പാനുള്ള താക്കീതുകൊണ്ടും അന്നഭവിച്ചിട്ട കൊടുത്തയച്ചതാൽ പള്ളിക്കൂടംവകയിൽ നിന്ന ആവക പണംവരുത്തി കടികൾക്ക കൊടുപ്പിച്ചു അത്ഥംബാധംവരുത്തി നീട്ടിൻപ്രകാരമുള്ള നിലവും പുരയിടവും അന്നഭവമായിട്ട നടത്തിച്ചുകൊള്ളാമെന്നും അല്ലൊ എഴുതിവന്നതിലാകുന്നു. അതിന്മണ്ണം അന്നഭവിച്ചിട്ട എഴുതിയിട്ട ഇതിനോടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ടു നിലം പുരയിടങ്ങൾക്ക കടിയാനവനാക്ക് 4245 കലിയൻ അത്ഥംകൊടുപ്പാനുള്ളതു പള്ളിക്കൂടം വകയിൽനിന്നും വരുത്തികൊടുപ്പിച്ചു അന്നഭവിച്ചിട്ടുംപ്രകാരം നടത്തിച്ചുകൊള്ളത്തക്കവണ്ണം ചട്ടംകെട്ടികൊള്ളുകയും വേണം എന്നും ഈക്കാര്യം കൊല്ലി 994 -മാണ്ട മകരമാസം 5 -ംനു- ദിവാൻ, ജനാർദ്ദനരായർ വെങ്കിട്ടരായക്ക് നീട്ടെഴുതിവിട്ട എന്ന് തിരുവുള്ളമായ നീട്ട്

കേരളകൗമുദി, തിരുവനന്തപുരം
1945 ഒക്ടോബർ 28 പ. 2.

# മാത്തൂത്തരകൻ

(മഹാകവി കട്ടക്കയം)

1 നിരവധി ഫലമേകിടുന്ന തെങ്ങിൻ
നിരനിറയും പറവൂരിലുള്ളൊത്തൂരിൽ
പരമുരകലരുന്ന തച്ചിൽ മാത്തൂ-
ത്തരകനനോപമനായ് വിളങ്ങി മുന്നം.

2 വിനയമസൃണമക്ഷി മേന്മ കൂട്ടും
സ്വനമുപമാനമകന്നതായ ശീലം
കനകരുചിസമുദ്രനിമ്നമാകും
മനമിവചേർന്ന വിശിഷ്ടനാ മനുഷ്യൻ;

3 അതികഠിനവിപത്തിനോടു മേറ്റും
മതിതളരാതെ തിരിട്ടശങ്കയെന്യേ
ചതിചെറുതറിയാത്ത ധീമനാമാ—
കൃതിവിജയത്തെ മുറയ്ക്കു നേടി നിത്യം

---

* മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള അവർകൾ 1099-ൽ ഭരണങ്ങാനത്തുനിന്നു പുറപ്പെട്ടിരുന്ന "സാഹിത്യചന്ദ്രിക" മാസികയുടെ 1-ം, 2-ം (1099 മിഥുനം, കർക്കടകം) ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതാണ് ഈ കവിത.

4 കൊടിയവിപിനമെങ്ങുമാളയച്ചാ—
മടിയുടെ ലാഞ്ഛനമേശിടാത്ത മർത്ത്യൻ
തടി, നിരവധിയായ് മുറിച്ചൊരുക്കി—
ത്തടിനികൾ മാർഗ്ഗമിറക്കിയിട്ടു വിററു.

5 നിധി തെളിവൊടെടുത്തിടുംപടിക്കാ—
സ്സുധി തരകനെതിരററ സൽക്രയത്താൽ
അധികധനമപാരമാം യശസ്സും—
ത്തധിഗതമായ് ഭുവി ഭാവുകം പ്രധാനം.

6 വടിവൊടു തരകന്റെ പേരുമായി—
ട്ടിടിയറമേട്ടിനടുത്തൊരാററിലിന്നും
തടി പലതതിനിമ്നമാം കയംത—
ന്നടിയിലടിഞ്ഞു കിടപ്പതുണ്ടു പോലും.

7 പുകയില മുളകാദിയായനേകം
വകയുടെ കത്തക പിന്പു കൈക്കലാക്കി
പുകളൊടവ നടത്തി മന്ദമെന്യേ
ത്തുകത്തുകയായ് തരകൻ ധനത്തെ നേടി.

8 പ്രജകളുടെ പിതാവിവണ്ണമെങ്ങും
നിജപുകൾ ചേർത്തൊരു വഞ്ചിഭൂപനങ്ങളിൽ
പ്രജകളിലധികം സമർത്ഥനാമീ—
സ്സുജനമൊടേറിയ കൂറടിച്ചുയർന്നു.

9 ഭയമധമജനാവലിക്കു ചേർക്കും
നയനിധി കേശവദാസനാം ദിവാനും
പ്രിയമനുപമമായിട്ടും പടിക്കീ
സ്വയമുയരുന്ന പുമാനിലുത്ഭവിച്ചു.

10 ഭുവനവിദിതമായ വഞ്ചിരാജ്യം
നവനവമായ പരിശ്രമം നിമിത്തം
ജവമുയരുവതിന്റെ മാർഗ്ഗമോരോ-
ന്നവരൊരുമിച്ചു നിനച്ചു നിശ്ചയിച്ചു.

11 ഉടനടി വിജയം തരത്തിലെത്താൻ
കടൽവഴി കച്ചവടം നടത്തുവാനായ്
പടവുകളരികത്തടുത്തിടുന്നോ—
രിടമവരാഗ്രഹസംയുതം തിരഞ്ഞു.

12 തുഴയുകിലെവനും നദം കടക്കാം
പിഴവരികില്ല മുറയ്ക്കു വേലചെയ്താൽ
ഉഴലുമവരഭീഷ്ടമെന്ത "ആല—
പ്പുഴ"വഴിയായ് നിറവേറുമെന്നുറച്ചു.

13 അവരവിടെ വളർന്ന കാടുകേറി—
ജ്ജവമൊരു തോടു തുറന്നതിൻകരയ്ക്കായ്
ഭവനനിരകൾ തീർത്തു ഭംഗികൂട്ടും
നവനഗരം വിരചിക്കുവാൻ മുതിർന്നു.

14 സമ പലതു കഴിഞ്ഞതില്ല തോടാ-
സമയമൊരായതമായ വെള്ളിനൂലുപോൽ
സമഗതിയൊട്ടുമാഴിയോളമാക്കും
സമധികമോദമുദിക്കുമാറു തീർന്നു.

15 ഒരുകരയിൽ മഹമ്മദീയരും വേ-
റൊരു കരമേൽ നസറാണിമാരുമൊപ്പം
കരുമന ചെറുതെന്നിയേ വസിപ്പാൻ
കരുതലൊടും പണിയിച്ചു മന്ദിരങ്ങൾ.

16 അതിനധികമടുത്തതായ ദിക്കിൽ
പുതിയൊരു പള്ളിയുമേറെ നല്ലവീടും
കൃതി തരകനനന്തരം രചിപ്പി-
ച്ചതിസുഖമായ് സകുടുംബമാവസിച്ചു..

17 ഒരുപടി നിലയങ്ങൾ തീർന്നിതപ്പോ-
ളുരുവിഭവങ്ങളമന്ദമപ്പുരത്തിൽ
വിരുതുടയജനങ്ങൾ കൊണ്ടുവന്നി-
ട്ടൊരുമയൊടും ക്രയവിക്രയം തുടങ്ങി.

18 വടിവൊടതിനു പൂർവ്വപക്ഷചന്ദ്രൻ
പടി ദിവസംപ്രതി പുഷ്ടിചേർന്നമൂലം
ഝടിതിപുകളുയർന്നവഞ്ചിനാടാം
മുടിയിലെ നായകമെന്നു പേരുമായി.

19 മലർനിര വിരിയും മരത്തിൽ വണ്ടിൻ-
കുലമണയും വിധമപ്പുരത്തിലെത്തി
നിലയമഥ ചമച്ചനേക നാട്ടാർ
പലതരമാം ക്രയവിക്രയം നടത്തി.

20 മുളക്, മെഴുക്, ചുക്ക്, മഞ്ഞൾ, നാനാ—
വിളവുകൾ, മീൻ, ഫലപക്വകന്ദവൃന്ദം
മുള, തടി, കമു, കേരമെന്നുമേതേ—
തളവിലുമാ നഗരത്തിൽനിന്നു വാങ്ങാം

21 വിലപരമുയരുന്ന രത്നജാലം
വിലസിടുമാഭരണങ്ങളംശുകങ്ങൾ
പലതരിയിലുമുള്ള പട്ടു, തങ്കം
സുലഭമിതൊക്കെയുമന്നമപ്പുരത്തിൽ.

22 അരുണനുദിതനാവതിന്നു മുന്നം
തെരുവുകളിൽ ഗ്ഗിരിപോലെ കൂട്ടിവെക്കും
പുരവിഭവമശേഷവും പ്രദോഷം
വരുവതിനിത്തിരി മുമ്പുതന്നെ തീരും

23 പുലരുവതിന്നു മുൻപു ജോലികൾക്കായ്
പലജനസഞ്ചയമപ്പുരത്തിലെങ്ങും
അലസത കലരാതെ പോവതെന്നും
ജലനിധിയിൽത്തിരമാലപോലെ കാണാം

24 ഒരുമയൊടഥ കൊങ്കണദ്വിജന്മാർ
തിരുമലദേവനെ ഘോഷണം നടത്തി
ഒരുവരുമറിയാതെ കൊച്ചിയെ വി—
ട്ടുരുതരവേഗമൊടപ്പുരത്തിലാക്കി.

25 ചിലവനവധി ചെയ്തു മേന്മതേടും
നിലയനമൊന്നവർ തീർത്തു ദേവബിംബം
അലഘുതെളിവോടും പ്രതിഷ്ഠചെയ്തു—
ജ്ജചലതരഭക്തി കലർന്നു കൂപ്പി നിത്യം.

26 നിയതി പുകളുണച്ച "കോടിലിംഗാ—
ലയ"മഥ കൊച്ചിമികച്ച നാളിടിഞ്ഞു;
ക്ഷയമതുവിധമിന്നു പററിയേക്കാം
ഭയമിതികൊച്ചിയിലേറിയോർക്കുമില്ല.

27 ഒരു ശ്രുതി കഥയററു ഭോങ്ങവാനായ്—
കരുതിടവേ തലയിൽ കരിക്കുവീണാൽ,
വരുവതുപടി പേടി മിക്കവർക്കും
തിരുമലദേവവിയോഗമേറയാക്കി.

28 തരകനൊരുവനാണിതിന്നു മൂലം
ചരടു പിടിച്ചു നയിപ്പതസ്സമർത്ഥൻ
പരർ കഴുതകൾ, പാവ മാത്രമെന്ന—
ധരിയിലെ മിക്കജനങ്ങളും നിനച്ചു.

29 പുകളതുലമുയർന്ന ശക്തനെന്നായ്
സ്വകമരുനാമമറിഞ്ഞിടും നരേന്ദ്രൻ
അകമെവനുമുലച്ചിടുന്ന ശൌര്യ—
ത്തികവൊടു കൊച്ചിയിലന്നു വാണിരുന്നു

30 ശ്രിതജനപരിരക്ഷചെയ്യുമേക—
വ്രതമെഴുമുത്തമചിത്തനാക്ഷിതീശൻ
സുതരുടെ നിലയിൽ പ്രജാഗണത്തെ—
ച്ചിതമൊടു താല്പ്പകലമ്പുപൂണ്ടു പോററി

31 നയരതികലരും ജനത്തൊടേറെ-
പ്രിയമവനീപനകക്കരുന്നിലുണ്ടായ്
സ്വയമവനുചിതകൃത്യമാചരിപ്പോർ
ഭയമതിരററനവസരം വഹിപ്പൂ

32 മനുജപതി രഹസ്യമായ് ചിലപ്പോ-
ളനുചരരെന്നിയെ നാട്ടിലെ വിശേഷം
അനുപമനയമോടു തന്റെ ദൃഷ്ടി-
ക്കനുഭവമാക്കിടുവാൻ ചരിക്കുമെന്നും.

33 കനലൊളി കവരുന്ന തന്നാസിക്കാ—
വിനയപയോനിധിയായ രാജരത്നം
വിരു പരനങ്ങളും ശഠന്റെ രക്തം
മനമലിയാതശനത്തിനേകിടുന്നു

34 ഗരളമിളിതമായ ദുഷ്ടരക്തം
വിരസമൊടങ്ങരവാറു മയങ്ങിടുംപോൽ
ഉരഗവരസമാനമാ നൃപൻത-
ന്നരയിൽ വളഞ്ഞനിശം കിടന്നിരുന്നു

35 കുടിലമതികളാം നരാധിപൻതൻ-
വടിവെഴുമാഖ്യ ചെവിക്കടുത്തിടുമ്പോൾ
അടി പിടലയിലേററ പന്നഗം പോൽ-
കൊടിയ വികാരമൊടും പുളഞ്ഞുപോകും

36 ഉരപെരുകിയ കൊച്ചിയെക്കെടുക്കാൻ
തരകനു മോഹമപാരമെന്നൊരിക്കൽ
കരളു പറയുവാൻ മിടുക്കനേകൻ
നരവരനോടറിയിച്ചു കൌശലത്തിൽ.

37 വിരുതധികമെഴും നരേന്ദ്രനപ്പോ-
ളരുണിമ പൂണ്ടു വിളങ്ങുമാനനത്തിൽ
ഒരു മൃദുതരഹാസമോടുമെന്തോ
കരുതിയ മാതിരി മന്ദമൊന്നുമൂളി

38 അരചനെ വഴിപോലറിഞ്ഞിരിക്കും
തരകനതൊക്കെ നടന്നപോൽ ഗ്രഹിച്ചു
അരമനകളിലെ രഹസ്യമെല്ലാം
പരരറിയുന്നു പരസ്യമെന്നപോലെ

39 നരപതിയുടെ വീര്യമുള്ളിലോരോ-
ന്നരനിമിഷം നിരുപിച്ചു കണ്ടനേരം
കരളിലൊരു ശരം കടന്നവണ്ണം
തരകനു സംഭ്രമമേററമങ്കുരിച്ചു.

40 തരളഹൃദയനായ് ചമഞ്ഞു പിൻപ—
ത്തരകനു കൊച്ചിയിലെത്തിനോക്കുവാനും
കരളിനു ധൃതി വന്നതില്ല തെല്ലും
പരജനമച്ചരിതം ഗ്രഹിച്ചുമില്ല.

41 ഇരുസമകൾ കടന്നുപോയി കൊച്ചി—
ക്കൊരുവക ദോഷവുമനുഭവിച്ചതില്ല,
ഒരു ചതിവഴി കൊങ്കണാദിജന്മാർ
തിരുമലദേവനെയും തിരിച്ചെടുത്തു

42 വിരവിൽ മഴ ചൊരിഞ്ഞു നീർ കുളത്തിൻ-
കരകവിയും പടി പൊങ്ങിടുന്നവണ്ണം
നിരവധി ധനമെന്നുമൊന്നുപോലെ—
ത്തരകനു കച്ചവടം നിമിത്തമുണ്ടായ്.

43 വിനയുടെ നിഴൽപോലുമേശിടാതായ്—
ധനമഭിമാനമൊട്ടും മികച്ചു മൂലം
ദിനമനു തെളിവേറുമപ്പുമാൻതൻ—
മനമിടമണു ഭയത്തിനേകിയില്ല.

44 ഉരുപൊരുകിടുമാലുവായിൽനിന്നും
കരവഴിയേ പറവൂർക്കു പോയിടുമ്പോൾ
തരകനരിവരാഗ്നിയായ ശക്തൻ —
നരവരനോടറിയാതടുത്തുപോയി.

45 ബലജലനിധിയായ മന്നവൻ ത —
ന്നലസത വിട്ടെഴുമാനനാംബരത്തിൽ
ഉലവു തരകനുള്ളിലേറുമാറായ്
വിലസി തദാഭ്രുകുടീമിഷേണ കേതു.

46 കരളിലൊരു ശരം കടന്നവണ്ണം
തരകനടൻ കൊട്ടുതായ മാഴ്കുദിച്ചു
കരണനിര തളർന്നു മാനസാബ്ജം
തരളിതമായ് ലത കാററിനാൽ കണക്കേ

47 ഹരിയുടെ നികടത്തിലാനപോലെ
നരിയുടെ മുമ്പിലജാർഭകം കണക്കേ,
അരിയ ദരമുയർന്നൊരാഴമേറും
ദരിയൊടടുത്ത പടികയോരം പതുങ്ങി.

48 അടിവയറിനടുക്കൽ നിന്നു മന്ദം
കൊടിയൊരു കത്തലുയർന്നു ഹൃത്തെരിച്ചു
നിടിലതടമണിഞ്ഞു വേർപ്പുകം ത—
ന്നടിപടിഘോഷമമായ് മുഴങ്ങി കാതിൽ.

49 അതിപരവശനായ് ഭവിക്കിലും തൻ—
മതിപതറാതതി ധീരനെന്നവണ്ണം
ക്ഷിതിയുടെ പതിയേ വിനീതനായാ—
കൃതിതരകൻ പ്രണമിച്ചൊതുങ്ങി നിന്നു

50 മദമധികമുയർന്ന വാരണം പോൽ—
തദനു സഗൗരവമൊന്നു നേർക്കു നോക്കി
ഉദകധരനിനാദതുല്യമോമൽ—
പദനിര ചേർത്തരുളം ചെയ്തു മാനവേന്ദ്രൻ

51 "വരിക വരിക കൊച്ചുമാണ്ണുവല്ലേ?
ശരി ശരി കണ്ണിനകണ്ടനാം മറന്നു
കരികിടികളകം തെളിഞ്ഞു വാഴും
ഗിരികളിലോ നിവസിപ്പതിപ്പൊഴും നീ?

52 "നയജലനിധി വഞ്ചിഭൂപനുള്ളിൽ
പ്രിയമെതിരററ പടിക്കടിക്കമൂലം
നിയതമടി വണങ്ങമാററനന്താ—
ലയമതിലെപ്പൊഴുമാവസിക്കയൊരണോ?

53 "പരമജനവതംസമായ വേണാ-
ടുരചനനാമയനായിരുന്നിടുന്നോ?
നിരവധി ഭവികം വിളങ്ങുവോരാ-
നരവരനേതു വഴിക്കനർത്ഥമെത്തും!!

54 "അഴലുലകിലകററിടും സുഭിക്ഷം
കഴലിളകാത്തവിധത്തിലൂന്നവാനായ്
അഴകൊടു വിരചിച്ചതാകമാല-
പ്പുഴവക ജോലികളാകവേ കഴിഞ്ഞോ?"

55 വടിവൊടിവ കഥിച്ച മന്നവൻ ത-
ന്നടിമലരാത്തരകൻ നമിച്ചു ചൊല്ലി
"അടിയനടവിതന്നകത്തു പണ്ടേ—
പ്പടി വിടകൊള്ളുവതില്ല തമ്പുരാനേ!

56 "മടയനിലയിലങ്ങുമിങ്ങുമായി-
ട്ടുടനെ വൃഥാ വിടകൊണ്ടിടുന്നിതെന്നും
ഇടരടിയനെ വിട്ടുമാറുകില്ലീ-
യിട പടുകാലവുമൊന്ന മല്ലടിച്ചു.

57 "ജനനിരയുടെ ഭാവുകോൽക്കരത്താ-
ലനഘനനന്തഗുണാംബുധി വഞ്ചിഭൂപൻ
വിന സദയമകററി നാട്ടിലെങ്ങും
ദിനമനു നന്മകളേററി വാണിടുന്നു"

58 കുതുകമൊടു ജനാധിനാഥനപ്പോ-
ളുരുളി"നരക്കിടരെററിടും മസൂരി
പുരുമദമൊടുമാക്രമിച്ചു നിന്നിൽ-
ക്കരുമന ചേർത്തറിഞ്ഞു മുന്നമേ നാം.

59. "കല നിരവധിയാണു നിൻമുഖത്തിൽ
കലശമൊടിങ്ങനെ പൃഷ്ഠമെങ്ങുമുണ്ടോ
അലസത കലരാതെ നിൻപുറത്തെ
നില മമ തക്കപെടിക്ക കാട്ടിയാലും."

60 ചൊടിയൊടു വെടിയുണ്ട പാഞ്ഞു കേറും
പടി പടുവാം തരകന്റെ കാതിനുള്ളിൽ
ത്ധടിതി നരവരന്റെ വാക്യമെത്തി—
ക്കൊടിയൊരു യാതന മാനസത്തിനേകി.

61 ശിതമതി വസുധാധവന്റെ വീര-
വ്രതമറിയും തരകൻ നിരാശയോടും
കിതവനഹി പിടിച്ച മൂഷികം പോ-
ലതന ഭയത്തൊടുമുൾക്കരുന്നിലോർത്തു

62 നൃപനുടെ നികടത്തടത്തിൽതന്നാ-
ലപകടമററു മടങ്ങുവാൻപ്രയാസം
കപടരഹിതരോടുമുള്ളിലേതും
കൃപ നരനാഥനു സംഭവിക്കയില്ല.

63 കൊടിയ മൃഗമടുക്കലെത്തുവോരെ-
ത്ധടിതിപിടിച്ചു കടിച്ചു കൊന്നിടുന്നു
മുടിവിതരനിവണ്ണമേകുവോരാ-
ക്കുടിലത മന്നവനില്ലതാദൃശവും.

64 അനഘനെ നിഹനിച്ചിടുന്ന പക്ഷം
ജനത പഴിച്ചിടുമെന്ന സാദ്ധ്വസത്താൽ
വിനു മമ തലയിൽക്കരേററി വെട്ടാൻ
നിനവൊടുപായമെടുത്തിടുന്നു ഭൂപൻ.

65 ശരിയൊടെയുരം തികച്ചിടാതിരുന്നാ—
ലരിശമിയന്നു നരേന്ദ്രനെന്റെ കണ്ഠം
അരിയ വിരുതിയന്നിടുന്ന വാളാ—
ലരിയുമതിന്നു വിളംബമെത്തുകില്ല.

66 കൃതിനരപതി ഞാൻ പുറം തിരിഞ്ഞാ—
ലതികെടുതാമപരാധമെന്നിലേററി
മൃതി മമ തരസാ ലഭത്തിടും മൽ—
സ്ഥിതി നിതരാം വിഷമത്തിലായി കഷ്ടം!

67 അമിതബല സമേതനുർവ്വരേശൻ
സ്തിമിതതരാശയനത്ഭുത പ്രതാപൻ
ശമിതരിപുമദൻ മഹാനുഭാവൻ
കൃമിസമനീജ്ജനമെന്നു ചെയ്തിടേണ്ട

68 ശരണമിവനു പാരിലാരിദാനീം
മരണമഹോ നികടത്തടുത്തിതെന്നോ
ചരണബലമകന്നു ദൈവമേ, നീ
തരണമെനിക്കഭയം ദയാപയോധേ!

69 പിഴകളലിവൊടും പൊറുത്തശീഘ്രം
കഴൽ തൊഴുവോർക്കരുളുന്ന യേശുദേവാ
അഴൽ മുഴുവനൊഴിച്ചനുഗ്രഹത്തു-
മഴ വഴിപോലിവനിൽ പൊഴിക്കണം നീ.

70 അനഘമകുട രത്നമാകുമമ്മേ,
വിനയനിധേ, മറിയേ, മനോജ്ഞശീലേ,
വിനനിയതമൊഴിച്ചു പോററുവാൻ നിൻ
തനയനൊടാർദ്രത പൂണ്ടിരക്കണം നീ.

71 തരകനരിയ ഭീതിമൂല മന്തഃ—
കരണമെരിഞ്ഞു വിചിന്ത ചെയ്തിടുമ്പോൾ
നരപതിയുടെ നീണ്ടെഴും വലത്തേ—
കരമസി മുഷ്ടിയിലെള്ളുവാൻ മുതിന്നു.

72 ഉടവിലൊരു വിശിഷ്ട യുക്തി തോന്നി
കടുകിടയും തരകൻ മടിച്ചിടാതെ
പടുമതി നൃപമൌലിതൻ സമക്ഷം
നെടുകെ വലിഞ്ഞുകിടന്നു കാട്ടി പൃഷ്ഠം.

73 കനകശിഖര കാഴ്ചയായ് സമപ്പി—
ച്ചനവധി താണുവണങ്ങിയാലുമപ്പോൾ
ഖനമുലവു വരാത്ത മന്നവന്നാ—
നനഗഗനം തെളിവായ മന്ദമേതി.

74 "മതിമതികല കണ്ടുനാമെണ്ണീക്കാ—
മതിചതുരൻ മതിശാലി കൊച്ചു മാത്തു
ക്ഷതിമലയൊടു തുല്യമെത്തിയാലും
പതിതകണക്കു നിനക്കൊഴിഞ്ഞു പോകും

75 ഝടിതിയിലെഴുന്നേററു പാത്ഥിവൻ ത—
ന്നടിമലരിൽ പ്രണമിച്ചനുജ്ഞ വാങ്ങി
പൊടി കരതളിരാൽ തുടച്ചു മന്ദേ—
പ്പടി തരകൻ പറവൂരിലേക്കു പോയി.

76 സുജ്ഞാനിയാം തരകനിൽ കുടികൊള്ളുവോരാ
പ്രജ്ഞാബലം രുചിരമെന്നകമേ പുകഴ്ത്തി
വിജ്ഞാവതം സമണി ശകതനില്ലാധവൻ ത-
ന്നജ്ഞാത വേഷമൊടു പിൻപെഴുന്നെള്ളി മോ-
ദാൽ.

# ശുദ്ധിപത്രം

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 1 | 3 | അനുഗ്രഹീത | അനുഗൃഹീത |
| 2 | 1 | എഴുത | എഴുത |
| 3 | 19 | പ്രതീക്ഷിക്കു | പ്രതിഷ്ഠിക്കു |
| 8 | 12 | ദളവായും | ദിവാൻജിയും |
| 9 | 7 | നടത്തീട്ടു | നടന്നിട്ടു |
| 10 | 10 | കരിയാന്നി | കരിയാററി |
| | 27 | സദാചരി | സഭാചരി |
| 13 | 2 | ഞെരുക്കുകയും | ഞെരുക്കുകയുണ്ടായി; |
| | 15 | ക്കുവേണ്ടി പുത്തൻ കൂറുകാർ | ക്കുവേണ്ടി വരാപ്പുഴ മെത്രാൻെറയും പുത്തൻകൂറുകാർക്കു വേണ്ടി പുത്തൻകൂർ |
| 14 | 9 | കൊവർഷം | കൊല്ലവർഷം |
| 15 | 5 | റിസി | റസി |
| 16 | 2–3 | 937 | 973 |
| | 12 | ചെയ്തു | ചെയ്തു |
| 17 | 10 | Caprice | caprice |
| | 11 | wholly. uneqnal | wholly, unequal |
| 18 | 2 | തിരുവുള്ള | തിരുവിള്ള |
| | 3 | ഉതിയേറി | ഉതിയേരി |
| 19 | 5 | അന്തച്ഛിദ്ര | അന്തഃച്ഛിദ്ര |
| 20 | 1 | അനന്തരം ചരി | അനന്തരചരി |
| | 23 | ഇരയാമ്മൻ | ഇരയിമ്മൻ |

| | | | |
|---|---|---|---|
| 21 | 21 | durbar, practic cally | Durbar. Practic-ally |
| | 23 | deproved | depraved |
| | 24 | accupied | occupied |
| | 25 | earemomies of Super | ceremonies of super |
| 24 | 13 | കൊച്ചിൽ | കൊച്ചിൻ |
| 27 | 12 | വ്യത്യാസ | വിന്യാസ |
| 27 | 24 | തിരുവനന്തരം | തിരുവനന്തപുരം |
| 28 | 4 | അവവരുടെ | അവരവരുടെ |
| 31 | 13 | കല്പനമറിയാതെ | കല്പന മരിയാത |
| 32 | 23 | കൊടുക്കത്ത | കൊടുക്കത്തക്ക |
| 37 | 10 | കുട്ടികളിൽ | കുടികളിൽ |
| 37 | 14 | ചുമത്തിയ | ചുമത്തപ്പെട്ട |
| 40 | 15 | പ്രവത്തി | പ്രവൃത്തി |
| 40 | 24 | Very | very |
| | 26 | boundendiety you | bounden duty. You |
| | 26 | these | those |
| | 27 | report | reports |
| 49 | 21 | വെണം | വെണ |
| 51 | 17 | ”മാത്തു | “മാത്തു |
| 52 | 15 | christians) Situation | Christian) situa-tion |
| | 16 | sincerty | sincerity |
| | 17 | beletle | believe |
| | 17 | adpetional | additional |
| | 18 | kindess | kindness |
| | 19 | uniformily | uniformly |
| 56 | 4 | വ്യത്യാസ | വിന്യാസ |

| | | | |
|---|---|---|---|
| 69 | 4 | തത്താംപുള്ളിയലെ | അത്താംപുള്ളിലെ |
| 63 | 7 | ഞ്ഞ | ഞ്ഞുകളി |
| 68 | 26 | ചെയ്യുന്ന | ചൊയ്യുങ്ങുന്ന |
| 73 | 27 | അറിക്കൂടാ | അറിഞ്ഞുകൂടാ |
| 76 | 11 | ള്ളവരടെ | ഉള്ളവരുടെ |
| 86 | 14 | കൊച്ചിയിൻ | കൊച്ചിയിൽ |
| 96 | 22 | വിട്ടു | വിട്ടൂ |

| | |
|---|---|
| 19 | 30 |
| 17 | 65 |
| 26 | 47 |
| 63 | 92 |

1

14